

No 712

# ബൈബിൾകഥകൾ

സി. ഐ. രാമൻനായർ ബി. ഏ.

UDAYA BOOK STALL PUNALUR.

# ബൈബിൾ കഥകൾ

712

ഗ്രന്ഥകർത്താ

സി. ഐ. രാമൻനായർ, ബി. ഏ.

പ്രസാധകർ,

ഉദയാ പബ്ലിഷിംഗ് ഹൗസ്

&

ബുക്ക്സ്റ്റാൾ, പുനലൂർ

UDAYA PUBLISHING HOUSE, PUNALUR.

Copy Right] [Price 1 Re.

രണ്ടാംപതിപ്പു് } 1123 മേടം

Printed at
P. K. Memorial press.
Trivandrum.

പ്രസിദ്ധകന്മാരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതം

# മുഖവുര

൨൦ കൊല്ലങ്ങൾക്കു മുമ്പ് 'ദീപിക'യിലും 'പൌരപ്രഭ'യിലും പ്രസിദ്ധീകരിച്ചിരുന്ന ഏതാനും ബൈബിൾ കഥകൾ കൂടി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതാകുന്നു. കഥകൾ എല്ലാംതന്നെ "ടിററ്ബിററ്സ്" എന്ന ഇംഗ്ലിഷ് വാരികയിൽ ഒരു പ്രശസ്ത ആംഗല സാഹിത്യകാരൻ എഴുതിയിരുന്നതിന്റെ സ്വതന്ത്ര വിവർത്തനവുമാണ്. ക്രിസ്തീയ വേദപുസ്തകത്തിലെ കഥകൾക്ക് ആധുനികരുചിക്കനുസരണമായ വേഷം കൊടുക്കുന്നതു് അഭിലഷണീയമായ ഒരു പ്രസ്ഥാനമാണെന്നത്രേ എനിക്കു തോന്നുന്നതു്.

എങ്കിലും ഇതു് ഗ്രന്ഥരൂപത്തിൽ പ്രകാശിതമാകുമായിരുന്നില്ല. എന്റെ ബഹുമാന്യ സുഹൃത്തും, തികഞ്ഞ സഹൃദയനും "ഉദയാ ബുക്ക്സ്റ്റാളിന്റെ" ഉടമസ്ഥനുമായ ശ്രീമാൻ ജി. ഭാസ്കരൻപിള്ളയുടെ പ്രോൽസാഹനത്തിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

കോട്ടയം,
1121 തുലാം 10 } സി. ഐ. രാമൻനായർ.

## ബൈബിൾ

# കഥകൾ

## മഹാരാജ്ഞിയായിത്തീൎന്ന

## യഹൂദബാലിക

ആ പെൺകിടാവു്, കൊരുത്തുകൊണ്ടിരുന്ന പൂമാല മടിയിൽ വെച്ചിട്ട് തൊട്ടടുത്ത മുറിയിൽനിന്നും തന്നെ ഉററുനോക്കിക്കൊണ്ടിരുന്ന പിതൃബന്ധുവിനോടു ചോദിച്ചു.

“എന്താണു് ഒന്നും മിണ്ടാതിരിക്കുന്നതു്? ഈ രീതി പുത്തരിയാണല്ലോ.”

യഹൂദനായ മർദൊക്കയി, തല മന്ദം ഉയൎത്തി ദീർഘമായി ഉച്ഛ്വസിച്ചു; സാവധാനത്തിൽ എഴുന്നേററു് ആ പെൺകുട്ടിയുടെ അരികിൽ എത്തി. അവളുടെ മൃദുലപാടലങ്ങളായ കപോതലങ്ങളെ പരുപരുത്ത തന്റെ കരങ്ങളാൽ തടവിക്കൊണ്ടു് അയാൾ ചിന്താധീനനായി തെല്ലിട അവിടെ അങ്ങനെ നിന്നുപോയി.

അനന്തരം വൃദ്ധൻ വാത്സല്യപൂർവം ഇങ്ങനെ ഉദീരണം ചെയ്തു.

“കുഞ്ഞേ! എസ്തർ! നീ എത്രയോ ചെറുപ്പമാണു്. ലോകത്തെപ്പററി നീ വല്ലതുമറിഞ്ഞിട്ടുണ്ടോ? കൊട്ടാരത്തിന്റെ ഗോപുരം കാക്കുന്ന എന്റെ സ്ഥിതിയോ?

ആരെയെല്ലാം കാണുന്നു? എന്തെല്ലാം കേൾക്കുന്നു? നിനക്ക് ആഗ്രഹമില്ലേ, രാജകൊട്ടാരത്തിലെ സ്ഥിതികൾ അറിയുന്നതിന്നു്? അതിനുള്ള അവസരം അടുത്തു വന്നിരിക്കുന്നു."

എസ്തേറിൻെറ ആയതങ്ങളായ നീലോല്പലനയനങ്ങൾ വികസിതങ്ങളായി; എന്നാൽ, അതു് ഒരമ്പരപ്പിൻെറ വികസനമായിരുന്നു. മാൻപേടയെപ്പോലെ ഭീരുശീലയും മാടപ്രാവിനെപ്പോലെ പാവനഹൃദയയുമായ ആ പാവപ്പെട്ട തയ്യലാൾ എങ്ങനെ അമ്പരക്കാതിരിക്കാനാണു്?

"അവൾ കൊട്ടാരത്തിൽ പോകേണ്ട അവസരം അടുത്തിരിക്കുന്നു" പോലും! "കൊട്ടാരമോ? കൊട്ടാരവുമായി അവൾക്കെന്തുബന്ധം? രാജാവുമായി അവൾക്കെന്തു കാര്യം?" ഇങ്ങനെ അനാഥയായ നമ്മുടെ യഹൂദകന്യക അമ്പരക്കുകയായിരുന്നു!

മർദൊക്കായി പെൺകുട്ടിയുടെ അമ്പരപ്പു കണ്ടു് ആർദ്രചിത്തനായി. അയാൾ, ആ ലലനാതിലകത്തിൻെറ ലലാടദേശത്തെ ആശ്ലേഷിച്ചിരുന്ന അളകച്ചുരുളുകളെ തടവി ഒതുക്കിക്കൊണ്ടു്, ദൃഢമായും സ്ഫുടമായും എന്നാൽ കാരുണ്യമസൃണതയ്ക്കു് കുറവുവരാതെയും താഴെവരും പ്രകാരം വസ്തുതകളെ വെളിപ്പെടുത്തി.

എസ്തേർ! നീ ഒന്നും അറിഞ്ഞില്ല. പക്ഷെ, നീ അറിഞ്ഞിരിക്കേണ്ട കാര്യമാണു്. ശ്രദ്ധിച്ചു കേൾക്കു! രാജ്ഞിയെ ബഹിഷ്കരിച്ചിരിക്കുന്നു! ഇതൊന്നു മാത്രമാണു് ഇപ്പോൾ കൊട്ടാരത്തിലെ സംസാര വിഷയം. രാജ്ഞിയെ ഇനിയൊരിക്കലും രാജാവു് കാണുകയില്ല. നീ

കണ്ടിട്ടുണ്ടല്ലോ, നമ്മുടെ രാജ്ഞിയായ "വാസ്ഥി" യെ! എന്തു സൌന്ദര്യമാണ്! എന്തു പ്രതാപമാണ്! പേർസ്യാ രാജ്യത്തിൽ ഇത്ര സുന്ദരിയായ മറെറാരു സ്ത്രീ ഇല്ലെന്നു പ്രസിദ്ധമല്ലേ ? അവൾക്കും കഷ്ടകാലമാരംഭിച്ചു."

ഈ വാർത്തയുടെ ഗൌരവം, എസ്തറിൻെറ ജിജ്ഞാസയെ വർദ്ധിപ്പിച്ചു. കാര്യങ്ങൾ വിശദമായി അറിയുന്നതിനുള്ള അവളുടെ ആകാംക്ഷ, അവളുടെ കണ്ണുകളിൽ നിന്നും വായിച്ചറിഞ്ഞ വൃദ്ധൻ, കൂടുതൽ താല്പര്യത്തോടു കൂടി സംഗതികൾ വിസ്തരിക്കുവാൻ മുതിർന്നു.

"ഇന്നാൾ, അഹസ്വേറസ്സ് തിരുമേനി, കെങ്കേമമായ ഒരു വിരുന്നു നടത്തി. നൂററിഇരുപത്തേഴ രാജ്യങ്ങളിൽ നിന്നും സാമന്തരാജാക്കന്മാരും പ്രഭുക്കന്മാരും എത്തിയിരുന്നു. നൂററിഎൺപതു ദിവസം തുടർച്ചയായി നീണ്ടുനിന്ന ആ കോലാഹലത്തകർപ്പുകളെപ്പററി അല്പമായി അന്നൊരു ദിവസം ഞാൻ നിന്നോടു പറഞ്ഞതല്ലോ. വിരുന്നിൻെറ കഥ അവിടെക്കിടക്കട്ടെ. വിരുന്നിൻെറ അവസാനത്തിൽ രാജാവു് രാജ്ഞിക്കു് ഒരു കല്പന അയച്ചു. രാജ്ഞിക്കു ചേർന്ന പദവിയിൽ യഥോചിതം വസ്ത്രാഭരണങ്ങളും കിരീടവും ധരിച്ചു്, അതിഥികളുടെ മുമ്പിൽ ഹാജരാകാനുള്ള ഒരു കല്പനയായിരുന്നു അതു്. "വാസ്ഥി" അതു നിരസിച്ചു. രാജാവു് വീണ്ടും വീണ്ടും കല്പന ആവർത്തിച്ചു. എന്നാൽ രാജ്ഞി കൂട്ടാക്കിയില്ല; രാജകല്പനയെ ധിക്കരിച്ചു. അതാണു് അവർ ചെയ്ത കുററം. തക്ക ശിക്ഷയും കിട്ടി. ഗർവ്വും പ്രതാപവും ഒക്കെ അസ്തമിച്ചു.

ഏവിടേയോ രാജ്യത്തിൻെറ അതിർത്തികടത്തി വിട്ടു. രാജ്ഞി കല്പനയല്ലേ! എന്നാൽ അക്കഥയൊന്നുമല്ല, എനിക്ക് എൻെറ കുഞ്ഞിനോടു പറയാനുള്ള പ്രധാന സംഗതി.”

“പിന്നെ, എക്കഥയാണ്?” അവൾ അല്പം സങ്കോചത്തോടുകൂടി ചോദിച്ചു.

“അതോ? പറയാം. അഹസ്വേരസ്സ് മഹാരാജാവ് മറ്റൊരു സ്ത്രീരത്നത്തെ രാജ്ഞിയാക്കുവാൻ തീർച്ചയാക്കി കഴിഞ്ഞു. രാജ്യം മുഴുവൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. കണ്ടാൽ കൊള്ളാവുന്ന കന്യകാമണികൾ ശതക്കണക്കിനാണ് ദിനംപ്രതി രാജകൊട്ടാരത്തിൽ വന്നുകൊണ്ടിരിക്കുന്നത്. രാജ്ഞിയുടെ കിരീടം അണിയുവാനുള്ള ഭാഗ്യം ആർക്കാണെന്നോ? ആരുകണ്ടു? കുഞ്ഞേ! ഒരുപക്ഷേ ആ ഭാഗ്യം കുഞ്ഞിനുതന്നെ ആയിരിക്കാം. ദൈവഹിതമാർക്കറിയാം!”

## II

വൃദ്ധൻ, ഒട്ടാശ്വസിച്ചു; പറയേണ്ടതുപറഞ്ഞു് കൃതകൃത്യനായെന്ന ഭാവത്തിൽ, ദൃഷ്ടികളെ അവളിൽനിന്നും പ്രതിനിവർത്തിച്ചു. എന്നാൽ അയാളുടെ ചേഷ്ടകളിൽ മുഖഭേദങ്ങളിൽ അസ്വാസ്ഥ്യത്തിൻെറ ലാഞ്ഛനങ്ങൾ സൂക്ഷ്മദൃക്കുകൾക്കു കാണുവാൻ കഴിയുമായിരുന്നു. അവളെ തന്നിൽനിന്നും എന്നെന്നേക്കുമായി വേർപെടുത്താവുന്ന വിരഹത്തിൻെറ ജ്വാലാകലാപം അയാളുടെ ഹൃദയവലയത്തെ ഉലച്ചുതുടങ്ങിയിരുന്നു, അത്രമേൽ കമ്പരഹിതമായ

നിസ്സീമസ്നേഹമാണു് വളൎത്തുപുത്രിയായി സംരക്ഷിച്ചുവരുന്ന എസ്തേറിനോടു്, മർദൊക്കയിക്കു് ഉണ്ടായിരുന്നതു്.

എസ്തേർ, മാന്ദ്യത്തിൽനിന്നും ഉണൎന്നാലെന്നപോലെ പിതൃസമാനനായ മർദൊക്കയിയെ കൺതുറന്നുനോക്കി; മാത്രമല്ല ഇപ്രകാരം ചോദിയ്ക്കുവാൻ ധൈൎയ്യപ്പെടുകയും ചെയ്തു. "അപ്പോൾ, ഈ പറഞ്ഞതിന്റെ എല്ലാം താല്പൎയ്യം"...വൃദ്ധൻ അതു മുഴവനാക്കാൻ സമ്മതിച്ചില്ല. അയാൾ പറഞ്ഞു. "അതെ. മകളേ! എസ്തേർ; അതിന്റെ എല്ലാം താല്പൎയ്യമാണു് ഞാനീപ്പറയുന്നതു്. നീയും, കൊട്ടാരത്തിൽ ചെല്ലണമെന്നു് കല്പനയായിരിയ്ക്കുന്നു; അതാണു് ഞാൻ പറഞ്ഞുവന്നതു്. നീ, നാളെത്തന്നെ പോകേണ്ടിയിരിയ്ക്കുന്നു. അന്തഃപുരം ഭരിപ്പുകാരൻ ഹേഗായിയുടെ അടുക്കൽ ചെന്നാൽമതി. അവൻ മുറപോലെ എല്ലാം ഉപദേശിയ്ക്കും. ഭാഗ്യമുണ്ടെങ്കിൽ ദൈവാനുകൂല്യമുണ്ടെങ്കിൽ..." വൃദ്ധന്റെ തൊണ്ടയിടറി. അയാൾ തുടൎന്നു പറവാൻ അശക്തനായിത്തീൎന്നു. മാതാപിതാക്കന്മാരുടെ മരണശേഷം, അശരണയായിച്ചമഞ്ഞ എസ്തേറിനെ, അയാൾ സ്വന്തം മകളെപ്പോലെയാണു് താലോലിച്ചു വളൎത്തിവന്നതു്. അവർതമ്മിൽ വേർപെടുന്ന ആ ഭാവി അയാൾക്കു് അത്യന്തം ദുസ്സഹമായിരുന്നു. അവർ ഇരുവരുടേയും സ്നേഹവായ്പു് കണ്ടു്, പരദൂഷണപ്രിയരായ ഏഷണിക്കാർ, "മർദൊക്കയിയും എസ്തേറും" ദമ്പതികളാവാൻ ആശിക്കുന്നെന്നുപോലും അപവാദം പറഞ്ഞു പരത്താറുണ്ടു്. ആ വാത്സല്യഭാജനത്തിൽ നിന്നുമാണു് താൻ അകലേണ്ടിവരുന്നതു്! മർ-

ളൊക്കയി, സമചിത്തതയോടുകൂടി, ഈ ഭാവിയെപ്പററി ചിന്തിക്കുന്നതെങ്ങനെ? ഈ വാൎത്ത തൻെറ ബഹിർപ്രാണനായ എസ്തറിനോട് നിവേദനം ചെയ്യുന്നതെങ്ങനെ? എങ്കിലും എങ്ങനെ ചിന്തിക്കാതിരിക്കും? എങ്ങനെ നിവേദനംചെയ്യാതിരിക്കും? അയാരം തുടൎന്നു.

"എസ്തറെ! നാളെമുതൽ നാംതമ്മിൽ പിരിയണം. ഇനിയൊരിക്കലും കണ്ടില്ലെന്നുകൂടി വന്നേക്കാം. മഹാരാജാവിൻെറ പ്രത്യേക സേവകന്മാൎക്കല്ലാതെ, സാധാരണക്കാൎക്ക് അന്തഃപുരസ്ത്രീകളെ കാണുവാൻ സൌകൎയ്യപ്പെടുകയില്ല. മകളെ! നീ ശ്രമിക്കണം; എന്നെ മറക്കുവാൻ നീ ശ്രമിക്കണം! വൃദ്ധനായ എന്നേയും വിഷമം നിറഞ്ഞ ഇവിടത്തെ ജീവിതത്തേയും നീ മറന്നേക്കണം. നാം തമ്മിലുള്ള കുടുംബബന്ധം പോലും നീ പുറത്താക്കരുതു. നീ ഓക്കുന്നില്ലേ; ഞാൻ പറഞ്ഞിട്ടുള്ളതു്; നാം യഹൂദരാണു്; പിടിച്ചടക്കപ്പെട്ടവരാണു്; പീഡിതരുംമൎദ്ദിതരുമാണു്. അതെല്ലാം ഓൎത്തുകൊള്ളണം. അടിമാനത്തോടുകൂടിത്തന്നെ ഓൎത്തുകൊള്ളണം, മകളേ! പക്ഷെ ഒന്നും വെളിക്കു വിടരുതു്. എന്തെന്നാൽ യഹൂദവംശത്തെ മൂലച്ഛേദം ചെയ്‌വാൻ ആഗ്രഹിക്കുന്ന ശത്രുക്കരം കൊട്ടാരത്തിൽ ഉണ്ടു്. അതു് നല്ല ഓൎമ്മയിരിക്കട്ടെ."

തങ്ങളെ സംബന്ധിച്ച വസ്തുതകരം കേട്ടപ്പോരം എസ്തറിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അവരം എന്തെല്ലാമാണീ കേരക്കുന്നതു്? അവളാകട്ടെ, ഒരു അനാഥബാലിക; യഹൂദകന്യക; മൎദ്ദിതവംശത്തിലെ

ഭാഗ്യം; വിശ്വവിഖ്യാതനായ, പ്രതാപകേസരിയായ അസ്വേരാസ്സിന്റെ അന്തഃപുരം അലങ്കരിക്കാനുള്ള സന്ദർഭം വന്നിരിക്കുന്നോ?

എസ്തേർ നാലഞ്ചു ഗദ്ധുക്കളിൽ മഹാരാജാവിന്റെ പട്ടണപ്രവേശവും തുടർന്നുള്ള 'ഘോഷയാത്രയുംകണ്ടിട്ടുണ്ട്. അശ്വാരൂഢനായി, ആകർഷകമായ മുഖഗാംഭീര്യത്തോടെ പരിസരങ്ങളെ കടാക്ഷിച്ചുകൊണ്ട് സവാരി ചെയ്തിരുന്ന അസ്വേരാസ്സിന്റെ ചിത്രം അവളുടെ മനോദർപ്പണത്തിൽ ഇപ്പോൾ വ്യക്തമായി പ്രതിഫലിച്ചു. അദ്ദേഹം അണിയാറുള്ള പട്ടാംബരങ്ങൾ! കനകരത്നഖചിതങ്ങളായ വിഭൂഷകൾ! നാലുപാടും പ്രകാശം ചിതറിയിരുന്ന മണിക്കിരീടം! എസ്തേർ, അവളറിയാതെ പുളകിതഗാത്രയായി. ജനങ്ങൾ പറയുന്നത് അവൾ കേട്ടിട്ടുണ്ട്; "അസ്വേരാസ്സ് നീതിമാനാണ്; നിയമത്തെ ആരാധിക്കുന്നവനാണ്" എന്നെല്ലാം. അങ്ങനെയുള്ള മഹാരാജാവിന്റെ അന്തഃപുരത്തിൽ ജീവിക്കുവാൻ എത്രയോ സ്ത്രീജനങ്ങൾ ആഗ്രഹിച്ചേക്കാം. എസ്തേറിന്റെ മനസ്സിൽ ഏവംവിധങ്ങളായ ചിന്തകൾ പാഞ്ഞുകൊണ്ടിരുന്നു. എന്നാൽ, അതോടൊപ്പം, തന്നെ സംബന്ധിച്ചിടത്തോളം, ഈ മോടിപ്പകിട്ടാർന്ന അന്തഃപുരജീവിതത്തിൽ എങ്ങനെയാണ് ആഹ്ലാദിക്കാൻ കഴിയുക എന്ന് അവൾ അൽഭുതപ്പെട്ടു. ശാന്തമായ അന്തരീക്ഷത്തിൽ, ലളിതമായ തോതിൽ, സൌമ്യ ജീവിതം നയിച്ചു പരിചയിച്ചു പോന്ന അവൾക്ക്, അലങ്കാരകോലാഹല

ങ്ങളും കൃത്രിമ ജീവിതസരണികളും അപരിചിതങ്ങളും, അവജ്ഞാഹേതുക്കളുമായിരുന്നു. മാത്രമോ ? അപ്പനമ്മമാരുടെ ചരമത്തിനു ശേഷം, തന്റെ ഏകരക്ഷാതന്തുവായിരുന്ന മർദൊക്കയിയെ എങ്ങനെ പിരിയാനാണു്? വൃദ്ധന്റെ ആസ്നേഹപൂർണ്ണമായ പെരുമാററവും കാരുണ്യം നിറഞ്ഞ ഉപദേശങ്ങളും അവൾക്കിനി ഉണ്ടാകയില്ലെന്നോ ?

അവളുടെ ഇഷ്ടത്തിനു വിട്ടിരുന്നുഎങ്കിൽ, ഈ അന്തഃപുരപദവി വേണ്ടവേണ്ട എന്നവൾ പറയുമായിരുന്നു. എന്നാൽ മർദൊക്കയിയുടെ ആഗ്രഹം നേരെ മറിച്ചാണു്; എസ്തേറിന്റെ നന്മയെ ഉറക്കത്തിൽ കൂടി ചിന്തിക്കുന്നവനാണു് വൃദ്ധൻ! അതിനാൽ ഈ സംഗതിയിൽ സ്വന്തമായ അഭിലാഷങ്ങൾക്കോ അഭിപ്രായങ്ങൾക്കോ ഒട്ടുംതന്നെ പ്രസക്തിയില്ലെന്നു് അവൾ അവസാനമായി തീരുമാനിച്ചു. അവൾ പിതൃബന്ധുവിന്റെ നിയോഗത്തിനു് പരിപൂർണ്ണ വിധേയയായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

വീണ്ടും അവൾ വൃദ്ധനെ നോക്കിയപ്പോൾ, അവളുടെ കണ്ണുകളിൽ ജലം ഉണ്ടായിരുന്നില്ല; എന്നല്ല മുഖത്തിൽ ധൈര്യവും നിശ്ചയഭാവവും സ്ഫുരിയ്ക്കയും ചെയ്തിരുന്നു. അവൾ പറഞ്ഞു "എല്ലാം അമ്മാവന്റെ ഇഷ്ടം പോലെ നടക്കട്ടെ."

## III

അടുത്ത പ്രഭാതം !

എസ്തേർ, രാജകൊട്ടാരത്തിലെ അന്തഃപുരത്തിൽ!

ദിവസങ്ങളും, ആഴ്ചകളും, മാസങ്ങളും, ഒന്നിനു പിറകെ ഒന്നായി കഴിഞ്ഞുകൊണ്ടിരുന്നു. വൃദ്ധനായ മർദൊക്കയിയുടെ ചേതോവികാരങ്ങൾ എങ്ങനെ വർണ്ണിക്കട്ടെ. എസ്തറിനെപ്പററിയുള്ള യാതൊരു വിവരങ്ങളും അയാൾക്ക് ലഭിക്കുന്നില്ല. അപ്പോഴും, വിവിധദേശങ്ങളിൽനിന്നും അംഗനാരത്നങ്ങളെ അന്തഃപുരത്തിൽ എത്തിച്ചുകൊണ്ടിരിക്കുന്നതു് അയാൾ കണ്ടുകൊണ്ടിരിക്കയാണു്. എന്തെന്നാൽ മർദൊക്കയി ഇന്നും ഗോപുരവാതിൽ സൂക്ഷിപ്പുകാരൻതന്നെ. പക്ഷേ, അന്തഃപുര രഹസ്യങ്ങളുടെ ഒരു തുമ്പും വൃദ്ധൻെറ ചെവിയിൽ എത്തുന്നില്ല. അയാൾ ആവുന്നതു് പരിശ്രമിച്ചു. ചില കൂട്ടുകാരോടു ചോദിച്ചു. ഗോപുരവാതുക്കൽനിന്നും കൊട്ടാരവാതുക്കൽ ദിനകൃത്യങ്ങൾക്കിടയിൽ പലവുരു എത്തിനോക്കയും, എസ്തറിനെപ്പററി വല്ലവിവരവും വല്ലവരും മന്ത്രിക്കുന്നുണ്ടോ എന്നു് ശ്രദ്ധമായി ചെവികൊടുക്കയും ചെയ്തു.

അങ്ങനെയിരിക്കെ, കർണ്ണാകർണ്ണികയാ അന്തഃപുരവൃത്താന്തങ്ങൾ പുറത്തായിത്തുടങ്ങി. രാജ്ഞീപദം അലങ്കരിക്കുന്നതിനു് മനസ്സിനിണങ്ങിയ ഒരു തരുണീമണിയെ അഹസ്വേറസ്സ് തിരുമേനി തെരഞ്ഞെടുക്കുന്ന സന്ദർഭം സമാഗതമായി. കന്യകകൾ അവരവരുടെ അംഗലാവണ്യത്തെ, കൃത്രിമാലങ്കാരങ്ങളാൽ പത്തിരട്ടി വർദ്ധിപ്പിച്ചു. വേഷഭൂഷാദികൾകൊണ്ടു് ആകർഷണീയത വരുത്തുവാൻ അവർ തമ്മിൽതമ്മിൽ മത്സരിച്ചു. ചുരുക്കിപ്പറഞ്ഞാൽ വളരെ സൗന്ദര്യഗർവ്വിഷ്ഠകളായി, വിജയം നിശ്ചയമെന്ന നാട്യത്തോടുകൂടി, തിരുമുമ്പിൽ

പ്രവേശിച്ച മഭാലസകളായ മോഹിനികൾ, ഓരോന്നോരോന്നായി ഹൃദയം തകൎന്നു നിരാശാഗൎത്തത്തിൽ പതിച്ചു് താഴ്മയോടും വിനയത്തോടുംകൂടി പിൻവാങ്ങിപ്പോരുവാനാണു് സംഗതിവന്നതു്. അവരെല്ലാം മഹത്തായ രാജ്ഞിപദപ്രാപ്തിക്കു് അനൎഹകളാണെന്നായിരുന്നു രാജാവിൻെറ തീരുമാനം. ഈ വാൎത്തകളിൽ ചിലതു് മൎദൊക്കയിയും അറിഞ്ഞുതുടങ്ങി. "എസ്തേർ! എസ്തേർ! എൻെറ മകളെ തിരുമുമ്പിലേയ്ക്കു് എന്നാണെന്തോ വിളിക്കുന്നതു്?" ഈ ചിന്ത മണിക്കൂറിൽ ഒരു ത്വരാപ്രാവശ്യം വൃദ്ധനെ പീഢിപ്പിച്ചുകൊണ്ടിരുന്നു. "കൊച്ചുകുട്ടി, അവൾക്കു് ലോകവ്യവഹാരങ്ങൾ ഒന്നും അറിഞ്ഞുകൂടാ. രാജചിത്തത്തെ ആകർഷിക്കുവാനുള്ള കപടസാമൎത്ഥ്യങ്ങളൊന്നും അവൾ വശമാക്കിയിട്ടില്ല; വരുന്നതു വരട്ടെ, ദൈവഹിതം നടക്കട്ടെ;" എന്നിങ്ങനെ വൃദ്ധൻ സ്വയം ആക്ഷേപസമാധാനങ്ങൾകൊണ്ടു് നിമിഷങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നു.

## IV

ഏതാനും നാളുകൾകൂടി കഴിഞ്ഞപ്പോൾ, എസ്തേർ തിരുമുമ്പിൽ എത്തേണ്ട മുറയായി. ഹാ! നമ്മുടെ യഹൂദബാലിക, ഈ ഗൗരവസന്ദർഭത്തെ എങ്ങനെ അഭിമുഖീകരിക്കാനാണു്? അവൾ വിചാരധീനയായി; അസ്വസ്ഥയായി. രാജസന്നിധിയിലേക്കു പോകുന്ന സന്ദർഭം സമാഗതമാകുന്ന അവസരങ്ങളിൽ, കൂട്ടുകാരികളുടെ തിക്കും, തിരക്കും, ബഹളവും വസ്ത്രാഭരണങ്ങളുടെ തരം

തിരിക്കലും, കണ്ണാടിയുടെ മുമ്പിൽ കുണ്ണേട്ടുക്കാതെയുള്ള നിലയും ഛഷിയും ഛായവും കൊണ്ടുള്ള മോടിപിടിപ്പിക്കലും കണ്ടു കണ്ടു് എസ്തർ അമ്പരന്നിട്ടുണ്ടു്. 'തൻെറ മുറ വരുമ്പോഴോ'? എന്നവൾ അന്നൊക്കെ ചിന്തിക്കാറുണ്ടു്. "ഇതൊന്നും തനിക്കു സാധിയ്ക്കില്ല; പരിചയിച്ചിട്ടുള്ള വേഷത്തിൽ പോകാനെ, തന്നെക്കൊണ്ടു് ഒക്കുകയുള്ളു" എന്നവൾ ദൃഢനിശ്ചയം ചെയ്തിരുന്നു.

എസ്തർ വസ്ത്രങ്ങൾ ഉടുത്തൊരുങ്ങി. ലളിതവും എന്നാൽ വൃത്തിയുള്ളതുമായ വസ്ത്രങ്ങൾ! പട്ടകിളവാനായഹേഗായി—അന്തഃപുരം സൂക്ഷിപ്പുകാരൻ—എസ്തറിൻെറ ഈ ലളിതവേഷത്തിൽ ആഹ്ലാദിച്ചു; മാത്രമല്ല, ആ ലാളിത്യത്തെ കൂടുതൽ കോമളമാക്കുന്നതിനുള്ള എളുപ്പ വഴികൾ ഉപദേശിച്ചു കൊടുക്കുകയും ചെയ്തു. അയാൾക്കു് അറിയാമായിരുന്നു, ദീർഘനാളത്തെ പരിചയംകൊണ്ടു്, ലാളിത്യത്തിലെ പരിമളമാണു് രാജഹൃദയത്തെ വശീകരിയ്ക്കുവാൻ വൈഭവമുള്ളതെന്നു്!

എസ്തർ, തിരുസന്നിധാനത്തിലേയ്ക്കു് മന്ദമന്ദം നടന്നു പോയി. വിചിത്രവർണ്ണപ്പകിട്ടാന്ന മയൂരയൂഥത്തിൻെറ മദ്ധ്യത്തിൽ, ധവളനിറമാണ്ട മരാളകന്യകയെപ്പോലെ അവൾ ലോകസമ്മോഹിനികളുടെ നടുവിൽക്കൂടി അലസഗമനം ചെയ്തുകൊണ്ടു് തിരുമുമ്പിലേയ്ക്കുനാംകൊണ്ടു. കൂട്ടുകാരികൾ തമ്മിൽ തമ്മിൽ മന്ത്രിച്ചു; "എന്തു വ്യത്യാസം, നമ്മുടെ വേഷത്തിൽ നിന്നു്; എസ്തറിൻെറ രൂപവും വേഷവും നല്ല ചേർച്ച. ഇവൾക്കായിരിക്കാം യോഗം; ആരു കണ്ടു?" എന്നിങ്ങനെ.

## V

പിറെറ ദിവസം കൊട്ടാരത്തിൽ, വാത്ത പരന്നു; പരിസരങ്ങളിൽ മാറെറാലികൊണ്ടു; പുരജനങ്ങൾ പ്രക്ഷേപണം ചെയ്തു; മർദൊക്കയിയും കാൎയ്യം ഗ്രഹിച്ചു; എന്തോന്നു്? അസേഹറസ്സ തിരുമേനി, എസ്തേറിനെ പാണിഗ്രഹണം ചെയ്തെന്നു്! വാസ്തിയുടെ തിരസ്കരണം കൊണ്ടുണ്ടായ വ്യാകുലത, എസ്തേറിൻെറ സ്വീകരണം കൊണ്ടു് മഹാരാജാവിൻെറ മനസ്സിൽനിന്നും മാഞ്ഞു പോയി. മന്ത്രിമാരും സേവകന്മാരും, മഹാരാജാവിൻെറ ഉചിതജ്ഞതയെ അഭിനന്ദിക്കുകയും എസ്തേറിൻെറ മഹാഭാഗ്യത്തെ വാഴ്ത്തിപ്പറകയും ചെയ്തു. അസേഹറസ്സിൻെറ കൽപനപ്രകാരം ഈ വാത്ത ദേശദേശാന്തരങ്ങളിൽ എത്തിച്ചപ്പോൾ ആബാലവൃദ്ധം സ്ത്രീപുരുഷസഞ്ചയം "എസ്തേർ മഹാരാജ്ഞി നീണാൾ വാഴട്ടെ" എന്നുള്ള ആശംസാസൂക്തങ്ങൾ ആൎത്തുവിളിച്ചു സന്തുഷ്ടരായി. ഇതെല്ലാംഅറിഞ്ഞും കേട്ടും വൃദ്ധനായ മർദൊക്കയി ജന്മസാഫല്യം വന്നാലെന്ന പോലെ ചരിതാർത്ഥനായി. സ്വതേ, നീണ്ടു കോലിച്ച അയാളുടെ മുഖം, പ്രസന്നത കൊണ്ടു് വട്ടച്ചതായിപ്പോലും കാണികൾക്കു് തോന്നിത്തുടങ്ങി. ഇരട്ടവളവുകൊണ്ടു് വക്രിച്ചു ശുഷ്കിച്ച നാസിക, മൃദുലമാംസളമായിത്തീരുന്നോ എന്നുപോലും അവർ ശങ്കിക്കാതിരുന്നില്ല. തൻെറ വളൎത്തുപുത്രിയുടെ മഹാഭാഗ്യത്തിനു് വൃദ്ധൻ ദൈവത്തെ സ്തോത്രം ചെയ്തയും അവൾക്കു് ആപത്തുകൾ നേരിടരുതേ എന്നു് ദൈവത്തോടപേക്ഷിക്കുകയും ചെയ്തു. വൃദ്ധൻ, പഴയപടി പടി

വാതൽ സൂക്ഷിപ്പുതന്നെ ! അയാഠം അതുകൊണ്ടു് തൃപ്തിപ്പെട്ടു. കൂടുതൽ പദവിയോ പ്രതാപമോ ഒട്ടാഗ്രഹിച്ചതുമില്ല.

നാളുകഠം പിന്നെയും കഴിഞ്ഞു. കാവൽപണിയിൽതന്നെ ശുഷ്കാന്തിയോടുകൂടി യഹൂദവൃദ്ധൻ ഏകനായി അന്നും ജീവിച്ചുപോന്നു. അന്നൊരുദിവസം ഗോപുരഭിത്തിയിൽ ചാരി, ഉദാസീനനായി അയാഠം നിന്നുകൊണ്ടിരുന്നപ്പോഠം ഭിത്തിക്കപ്പുറത്തു്, രണ്ടുപേർ രഹസ്യമായി അന്യോന്യം മന്ത്രിക്കുന്നതു് അയാളുടെ ശ്രദ്ധയെ ആകർഷിച്ചു. അതു് സുപരിചിതമായ സ്വരമായിരുന്നു. അയാഠം ശ്രദ്ധിച്ചു. അതു് മഹാരാജാവിൻെറ രണ്ടു സേവകന്മാരാണു്. ഈ രഹസ്യഭാഷണത്തിൻെറ അവസാനഭാഗങ്ങളും തുടർന്നുണ്ടായ ശപഥങ്ങളും കേട്ടു് മർദൊക്കയി സ്തംഭിച്ചുപോയി. “ഇത്ര സ്വാമിദ്രോഹികളോ ഈ രാജസേവകന്മാർ! ഇവരുടെ ഗൂഢോദ്യമം ഇപ്പോഠംതന്നെ കൊട്ടാരത്തിൽ അറിയിക്കേണ്ടിയിരിക്കുന്നു.” ഈ വിധം തൻെറ മനസ്സിൽ തീരുമാനിച്ചിട്ടു് “മർദൊക്കയി” തൽക്ഷണം, എസ്ഥേറിൻെറ സവിധത്തിലേയ്ക്കു് ഒരു സന്ദേശവുമായി ഒരു ഭൃത്യനെ പറഞ്ഞയച്ചു. സന്ദേശത്തിൻെറ താൽപര്യം ഇതായിരുന്നു. “മർദൊക്കയി സ്വന്തം ചെവികഠംകൊണ്ടു കേട്ടിരിക്കുന്നതായി തിരുമനസ്സുണർത്തിക്കുക; രാജവധത്തിനായി, തിരുമനസ്സിലെ സേവകന്മാരായ ബിത്താനും തെരേശയും രഹസ്യാലോചന ചെയ്യുന്നതു്! പ്രതിവിധി അടിയന്തിരമായി ചെയ്യപ്പെടേണ്ടിയിരിക്കുന്നു.”

എസ്തർ, ഈ സന്ദേശം വായിച്ചു വിളറിപ്പോയി. അത്രമേൽ അവൾ സംഭ്രമിച്ചു. ഒരു വിനാഴികപോലും താമസിക്കാതെ, ഈ വിവരം രാജ്ഞി, രാജാവിനെ ധരിപ്പിച്ചു.

രാജനിയമങ്ങളുടെ ദ്രുതപ്രവൎത്തനത്താൽ, സേവകന്മാർ ഇരുവരും ബന്ധിക്കപ്പെടുകയും, വിസ്താരശേഷം കുററവാളികളെന്നു കണ്ടു്, രാജദ്രോഹകുററത്തിനു അവർ കഴുകുമരത്തിൽ തൂക്കപ്പെടുകയും ചെയ്തു. നിയമം അതിൻെറ മുറചെയ്തു് കൃതകൃത്യമായി എങ്കിലും അഹസ്വേറസ്സിൻെറ ഹൃദയത്തിൽ, ഈ സേവകജനങ്ങളുടെ ദ്രോഹകൃത്യങ്ങൾ മായാത്ത ഒരു പോറൽ രേഖപ്പെടുത്തി. മിത്രങ്ങളെന്ന കാപട്യത്തിൽ ശത്രുക്കളോ? കൊട്ടാരത്തിലും കള്ളന്മാരോ? തനിക്കും സുരക്ഷയില്ലെന്നോ? ഏവം വിധങ്ങളായ ചിന്തകൾ ആയിടയ്ക്കു മഹാരാജാവിനെ അലട്ടിക്കൊണ്ടിരുന്നു. ഈ ദുഷ്ടന്മാരുടെ ആലോചന ഫലിക്കാത്തതു് കാവൽക്കാരൻെറ ഭക്തിയും കൎത്തവ്യബോധവും കൊണ്ടാണല്ലോ എന്നോൎത്തു് മഹാരാജാവിനു് മർദൊക്കയിയോടു് പ്രത്യേക പ്രീതിയും അന്നു മുതൽ ജനിച്ചിരുന്നു. എന്നുവേണ്ട തൻെറ സ്വകാൎയ്യ ഡയറിയിൽ, അന്നത്തെ സംഭവങ്ങൾ വിസ്തരിച്ചെഴുതുകയും മർദൊക്കയിയുടെ ഭക്തിസ്നേഹങ്ങളെ അഭിനന്ദിക്കുകയും, വിശേഷവിധിയായി സ്തുതിക്കുകയും ചെയ്തിരുന്നു. കാലം തെല്ലുപോയതോടുകൂടി ഈ സംഭവവും അതിനെ ചുററിയിരുന്ന ഇതര സംഗതികളും പശ്ചാത്തലത്തിൽ മറഞ്ഞു. എന്നാൽ ഡയറിയിലെ ചില പേജു

കരം മാത്രം ഈ ഭ്രതകാലചരിത്രത്തിൻെറ രക്തസാക്ഷിത്വത്തെ ഏതാനും വരികളിൽ ഒതുക്കിക്കൊണ്ടു മഹാരാജാവിൻെറ സ്വകാൎയ്യമുറിയിൽ അവശേഷിച്ചു കിടപ്പുണ്ടായിരുന്നു.

## VI

മർദൊക്കയി വിചാരിച്ചു; 'താൻചെയ്ത ഉപകാരത്തെ രാജാവു് വിസ്മരിച്ചിരിക്കാം' എന്നു്. താൻ ഒരു യഹൂദനല്ലേ! തന്നോടു കാരുണ്യമോ സന്തോഷമോ കാണിക്കുവാൻഅവകാശമില്ലല്ലോ. ഈ വിധം അയാരം ഖേദിച്ചെങ്കിലും പ്രത്യുപകാരത്തിനുവേണ്ടി പ്രാൎത്ഥിക്കുകയോ കാംക്ഷിക്കുകയോ ചെയ്തില്ല. തൻെറ കാവൽപണിയിൽ അയാരം സ്വയം തൃപ്തനായിരുന്നു. എങ്കിലും രാജപ്രീതിയുടെ ഗതിവിഗതികരം കണ്ടു് ആ വൃദ്ധൻ ഇടയ്ക്കിടയ്ക്കു് ആശ്ചൎയ്യപ്പെടാറുണ്ടു്.

ഒരു രാജസേവകനായ "ഹാമാനെ" മഹാരാജാവു് തലയിൽ വെച്ചു് പൂജിയ്ക്കുന്നു. രാജാവിനേക്കാരം കൂടുതൽ അധികാരവും പദവിയും തനിയ്ക്കാണെന്നു് ഹാമാൻ അഹങ്കരിയ്ക്കുന്നു. ഉദ്യോഗസ്ഥന്മാരും, പ്രജകളും, എന്തുവേണ്ട സാമന്തരാജാക്കന്മാർ പോലും, ഹാമാൻെറ സേവ സമ്പാദിയ്ക്കാൻ അന്യോന്യം മത്സരിച്ചു് പ്രയത്നിക്കുന്നു. എന്തൊരു മഹാഭാഗ്യമാണു് ഹാമാനു് കൈവന്നിരിയ്ക്കുന്നതു്! മർദൊക്കയി തന്നോടുതന്നെ പറഞ്ഞു. "ഞാൻ ചെയ്തതുപോലെ ഒരുപകാരം, ഹാമാനാണു് ചെയ്തിരുന്നതെങ്കിൽ ഇപ്പോരം കാണാമായിരുന്നു; രാജ്യ

ത്തിന്റെ പകുതിയും ഭണ്ഡാരത്തിലെ ദ്രവ്യങ്ങളും അസേഹ്വറസ്സ് തിരുമേനി അയാൾക്ക് സംഭാവനചെയ്യുന്നതു്. തന്റെ ജീവനെ രക്ഷിച്ചതിനു പ്രതിഫലമായി ഹാമാനെ സമ്മാനങ്ങൾ കൊണ്ടു മഹാരാജാവു് മൂടുമായിരുന്നു."

രാജാവു്, ഹാമാനെ കണ്ണുമടച്ചു് വിശ്വസിച്ചിരുന്നു. ഹാമാന്റെ ഇഷ്ടം, സ്വേഹ്വറസ്സിന്റെയും ഇഷ്ടം തന്നെ. ഹാമാന്റെ അപ്രീതി, അസേഹ്വറസ്സിന്റെയും അപ്രീതിയ്ക്കു നിദാനമാണു്. ഇപ്രകാരം, മഹത്തായ സാമ്രാജ്യത്തിലെ സർവ്വാധികാരവും തന്നിൽ വിലയം കൊള്ളിച്ചുകൊണ്ടു് അഹങ്കരിയ്ക്കുന്ന ഹാമാൻ, യഹൂദവംശത്തിന്റെ ബദ്ധവിരോധിയായിരുന്നു, എന്നു്, സ്മർത്തവ്യമത്രെ! ഈ തത്വം മർദൊക്കയിയെ സംബന്ധിച്ചിടത്തോളം എത്രയോ ഹൃദയഭേദകമായ ഒരവസ്ഥയാണു്! താനാകട്ടെ, ഒരു യഹൂദൻ; തന്റെ വംശത്തിന്റെ ബദ്ധവിരോധിയാണു് മഹാരാജാവിന്റെ ഉററ മിത്രവും സന്തതസഹചാരിയും. എന്തെല്ലാം വിപത്തുകളാണു് തനിയ്ക്കും തന്റെ വംശത്തിനും വന്നുകൂടുവാൻ വയ്യാത്തതു്! ഈ ആശങ്കകൾക്കു് ഉത്തരം കിട്ടാതെ വൃദ്ധൻ കുഴങ്ങി.

ഹാമാൻ, രാജകൊട്ടാരത്തിലെ തിരുമുററത്തിൽ ഏകനായി ഉലാത്തുന്നതു് മർദൊക്കയി കണ്ടിട്ടുണ്ടു്; രാജസങ്കേതത്തിലെ പുഷ്പവാടികളിൽ മന്ദമാരുതനേററു് വിശ്രമിക്കുന്നതും അയാൾ കണ്ടിട്ടുണ്ടു്. ഹാമാൻ പ്രത്യക്ഷപ്പെടുന്ന മാത്രയിൽ, അദ്ദേഹത്തെ കണ്ടുകൂടുന്ന

പരിചാരകന്മാരും, പുരജനങ്ങളും, ഉദ്യോഗസ്ഥന്മാരും, കാര്യസ്ഥന്മാരും, രാജസമക്ഷത്തിൽ എന്നപോലെ സാഷ്ടാംഗപ്രണാമം ചെയ്യുന്നതു് ഒരു നിയമംപോലെ പരിപാലിക്കപ്പെട്ടിരുന്നു. "ഹാമാനെ ഇത്രമേൽ പൂജിക്കേണ്ടിവരുന്നോ? സ്വവംശദ്രോഹിയായ ഈ ദുഷ്ടൻെറ മുമ്പിൽ കുനിയുകയോ?" മർദൊക്കയി ദൃഢനിശ്ചയം ചെയ്തു; "യഹൂദനായ താൻ ഇവൻെറമുമ്പിൽ തല കുനിക്കുകയില്ലെന്നു്."

മാത്രമല്ല, തൻെറ നിശ്ചയത്തെ പ്രവൃത്തിപഥത്തിൽ വരുത്തുവാനുള്ള സന്ദർഭങ്ങൾ തേടിപ്പിടിക്കാനും, ഈ സ്ഥിരചിത്തൻ സന്നദ്ധനായി.

ഹാമാൻ, ബഹുജനമദ്ധ്യത്തിൽ, പ്രത്യക്ഷപ്പെടുമ്പോഴെല്ലാം മർദൊക്കയി അവിടെ എത്തിക്കൂടും. സർവ്വജനങ്ങളും.ആചാരോപചാരം ചെയ്യുമ്പോൾ, തല കുനിച്ചു നമസ്കരിക്കുമ്പോൾ, മർദൊക്കയി ഹാമാൻെറ കൺമുമ്പിൽ വെച്ചു് ധിക്കാരത്തോടുകൂടി തലയുയർത്തിപ്പിടിച്ചുകൊണ്ടു് നിലകൊള്ളും. തൻെറ അഭിമാനത്തേയും യഹൂദവംശത്തിൻെറ പാരമ്പര്യത്തേയും താൻ പുലർത്തി എന്നോർത്തു് അയാൾ സ്വയം ചരിതാർത്ഥനാകും. ഹാമാൻ, മർദൊക്കയിയുടെ ഈ ധിക്കാരപ്രവൃത്തിയിൽ, ക്ഷുഭിതനായി എങ്കിലും ആദ്യഘട്ടങ്ങളിൽ, മർദൊക്കയിയുടെ ധാർഷ്ട്യം കണ്ടതായോ അറിഞ്ഞതായോ ഹാമാൻ നടിച്ചില്ല. അയാൾ നയജ്ഞനും തന്ത്രശാലിയുമായിരുന്നു.

മർദൊക്കയിയുടെ ഈ അലക്ഷ്യപ്രവൃത്തി, ഒന്നിനൊന്നു് ത്രക്ഷമാകയാണുണ്ടായതു്. ഹാമാൻ ജനമദ്ധ്യത്തിൽ സഞ്ചരിക്കുമ്പോഴെല്ലാം ജനങ്ങൾ രാജോചിതമായ ബഹുമാനാദരങ്ങൾ നിഷ്കർഷമായി പ്രകടിപ്പിച്ചുകൊള്ളണമെന്ന രാജശാസന, ഇതിനിടയ്ക്കു് പ്രസിദ്ധമായി. അപ്രകാരം ഒരു കല്പന പുറപ്പെടുവിക്കാൻ അസേഹരസ്സിനെ പ്രേരിപ്പിക്ക എന്നതു്, ഹാമാനു് ലഘുസാദ്ധ്യമായിരുന്നു. മർദൊക്കയിയുടെ അനന്തരനടപടികൾ എന്തായിരിക്കുമെന്നറിവാൻ ആ രാജസേവകപ്രമുഖൻ, പലപ്പോഴും ഗോപുരവീഥികളിൽക്കൂടി അലക്ഷ്യമായി സവാരി ചെയ്തുകൊണ്ടിരുന്നു.

എന്നാൽ മർദൊക്കയി പഴയപടി തൻെറ നിശ്ചയത്തെ പരിപാലിയ്ക്കുകയാണു് ചെയ്തതു്. ഹാമാൻ ഗോപുരവാതൽ കടക്കുമ്പോൾ, മർദൊക്കയി ചിലപ്പോൾ കണ്ടഭാവം വയ്ക്കുകയില്ല; ചിലപ്പോൾ കണ്ടതായി നടിച്ചിട്ടു്, ഒരപരിചിതനെന്ന നാട്യത്തിൽ അത്ഭവത്തായി നോക്കും; മററു ചിലപ്പോൾ, തലയുമുയർത്തി നിന്ദാദ്യോതകമായി പുഞ്ചിരി തൂകും. എന്തിനേറെ ? മർദൊക്കയിയുടെ ഭാവവും ആംഗ്യവും, പുച്ഛവും, അവജ്ഞയും കണ്ടുകണ്ടു് ഹാമാൻെറ കോപം കത്തിക്കാളി. പ്രതികാരത്തിനുള്ള മുഹൂർത്തം അയാൾ അക്ഷമയോടെ കാത്തുനിന്നു.

ഹാമാൻെറ ആശ്രിതസംഘം, മർദൊക്കയിയെ ഹിംസിയ്ക്കുവാൻപോലും ഉദ്യുക്തമായി അതിന്നുള്ള അനുവാദം പ്രാർത്ഥിച്ചു് അവർ ഹാമാനെ വട്ടമിട്ടു.

എന്നാൽ, തല്ക്കാലം ഹാമാൻ ആശ്രിതന്മാരുടെ അഭ്യ ൎത്ഥന കൈക്കൊണ്ടില്ല. "മർദൊക്കയി യഹൂദന്മാരിൽ ഒരുവൻമാത്രം! യഹൂദവംശം മുഴുവൻ ശപിയ്ക്കപ്പെട്ട താണ്. മർദൊക്കയിയുടെ ധിക്കാരത്തിന് അവനും അവൻെറ വംശവും സംഹരിയ്ക്കപ്പെടണം! വരട്ടെ, ഞാൻ വഴി കണ്ടിട്ടുണ്ട്." ഇങ്ങനെയാണ് ഹാമാൻ, തിടുക്കംകൂട്ടിയ സ്വന്തം ആശ്രിതന്മാരെ സമാധാനിപ്പി ച്ചത്.

ഒരുവൻെറ അപരാധത്തിന്, അവനും അവൻെറ വംശവും കൊല്ലപ്പെടണമെന്നുള്ള കഠോര സിദ്ധാന്ത മാണ്, ക്രൂരഹൃദയനായ ഹാമാൻ മുറുകെപ്പിടിച്ചത്. ഇത് എത്രയോ വിചിത്രമായിരിക്കുന്നു!

"ഹാമാൻെറ അഭിലാഷം, ഞങ്ങൾക്കും സമ്മതം തന്നെ; പക്ഷേ, അതെങ്ങനെ നടപ്പിൽ വരുത്താനാണ്? മഹാരാജാവ് അപ്രകാരം ഒരു കൂട്ടക്കൊലയ്ക്ക് അനുവദി യ്ക്കുമോ? മഹാരാജാവിൻെറ അനുവാദംകൂടാതെ ഹാമാ ന്, അതിന് ശക്തിയുണ്ടോ?" ഈ പ്രശ്നങ്ങൾക്ക് ഉത്തരം കിട്ടാതെ ആശ്രിതന്മാർ വിഷമിച്ചു. എങ്കിലും "ഹാമാൻ വിചാരിച്ചാൽ സാധിക്കാത്തതായി, ഇന്ന് ഒന്നും ഈ പേർസ്യായിലോ മീദിയായിലോ ഇല്ലതന്നെ" എന്നവർ അവസാനമായി സമാശ്വസിച്ചു.

ഹാമാൻ, ഒന്നു നിശ്ചയിച്ചുറച്ചാൽ പിന്നെ പിറ കോട്ടു പോകുന്ന പ്രകൃതക്കാരനല്ലായിരുന്നു. ഏതുവിധവും

യഹൂദവംശവിച്ഛേദത്തിന് രാജസമ്മതം തട്ടിയെടുക്കാമെന്ന് അയാൾക്ക് ഉത്തമവിശ്വാസമുണ്ടായിരുന്നു.

ഹാമാൻ, സ്നേഹിതന്മാരെ വിളിച്ചുവരുത്തി; കാര്യമെല്ലാം താൻ സാധിച്ചുകൊള്ളാമെന്നും, കൂട്ടക്കൊലയ്ക്കു പറ്റിയ ഒരു നാളും തീയതിയും എല്ലാവരുംകൂടി തെരഞ്ഞെടുക്കണമെന്നും, നിർദ്ദേശിച്ചു.

കൂട്ടകാർ ഒത്തുകൂടി. പാതകകർമ്മങ്ങൾക്കും നല്ല നേരം നോക്കുന്നത് മനുഷ്യപ്രകൃതമാണല്ലോ. പേരാത്തതിന് ഹാമാനും അവൻ്റെ ദുരാലോചനക്കാരും, അന്ധവിശ്വാസികളുമായിരുന്നു. വധകൃത്യത്തിനായാലും, ദൈവഹിതപ്രകാരമുള്ള ശുഭദിനം ഏതെന്ന് അറിവാൻ നാട്ടുനടപ്പനുസരിച്ചുള്ള ഒരു പരീക്ഷ നടത്തി. ഒരു വർഷത്തിനിടയ്ക്കുള്ള മാസങ്ങളും, തീയതികളും എഴുതി, നറുക്കെടുത്ത്, കയ്യിൽ കിട്ടുന്ന ദിനം, ഹിംസാദിനമായി ആചരിക്കാമെന്ന് അവർ നിശ്ചയിച്ചു. ഈ ഭാഗ്യപരീക്ഷയുടെ ഫലമായി പൊന്തിവന്നത്, പന്ത്രണ്ടാം മാസത്തിലെ പതിമൂന്നാം ദിനമായിരുന്നു.

ഫലം അറിയിച്ചതോടുകൂടി ഹാമാൻ പറഞ്ഞു. "കൊള്ളാം, ധൃതിവെയ്ക്കേണ്ട. സകല ഒരുക്കങ്ങൾക്കും സമയം ധാരാളമുണ്ട്. ഞാൻ നാളെത്തന്നെ രാജാവിനെ കണ്ട്, വേണ്ട അനുവാദം വാങ്ങിക്കൊള്ളാം."

സ്നേഹിതവൃന്ദം പിരിഞ്ഞുപോയി. ആഴ്ചകൾ വീണ്ടും വ്യത്യാനം കഴിഞ്ഞു.

## VII

ഒരു ദിവസം അതിരാവിലെ, എസ്തേറിന്റെ ഒരു പരിചാരിക, ഓടിക്കിതച്ച് സ്വസ്വാമിനിയുടെ അടു വികൃതമായ ആംഗ്യങ്ങളോടും മുഖസ്തോഭങ്ങളോടുംകൂടി ത്തെത്തി, ഏതാണ്ടിപ്രകാരം നിവേദനംചെയ്തു.

"ഒരു പടുകിളവൻ പെരുവഴിയിൽ അങ്ങോട്ടു മിങ്ങോട്ടും നടന്ന് മുറവിളികൂട്ടുന്നു. നരച്ചമുടിയും താടിയും പിക്കിപ്പറിച്ച്, കീറിപ്പറിഞ്ഞ ചാക്കിൻ തുണിയും തുണിക്കണ്ടങ്ങളും ദേഹത്തുവാരി വലിച്ചിട്ട്, ദേഹമാസകലം ചാരവും പൂശി അയാൾ ഭ്രാന്തുപിടിച്ച വനെപ്പോലെ വഴിനീളെ ആർത്തുവിളിക്കുന്നു. നമ്മുടെ മർദൊക്കയി ആണെന്നു തോന്നുന്നു. യഹൂദന്മാരെ ഇട ക്കിടെ വിളിക്കുന്നതു മാത്രമേ, അടിയന് മനസ്സിലാ യുള്ളു."

എസ്തേർ രാജ്ഞി ഈ വാർത്തകേട്ട് വല്ലാതെ പരിഭ്ര മിച്ചു. അവൾ വേഗത്തിൽ, ഒരു ഭൃത്യനെ വിളിച്ച് സൂക്ഷ്മവിവരങ്ങൾ അറിഞ്ഞുകൊണ്ടു വരുവാൻ നിയോ ഗിച്ചു. ആ വൃദ്ധൻ മർദൊക്കയി തന്നെയാണെങ്കിൽ, ഈ കോലാഹലങ്ങളുടെ അർത്ഥം എന്തെന്ന് വിശദമായി അന്വേഷിക്കണമെന്നും എസ്തേർ പ്രത്യേകമായി ഭൃത്യനോ ട് ആജ്ഞാപിച്ചിരുന്നു.

അധികം താമസിയാതെ ഭൃത്യൻ തിരിച്ചെത്തി. അവൻ പറഞ്ഞു. സ്വാമിനി! ആ യഹൂദന് കരയുവാൻ

തക്ക കാരണമുണ്ട്. ഹാമാന്റെ കൽപനകേട്ട് അടിയൻ സ്തംഭിച്ചുപോയി. ഇതാ അതിന്റെ ഒരു പ്രതി; മർദൊക്കയി അടിയനെ ഏല്പിച്ചതാണ്.

എസ്തർ, ആ കൽപനയുടെ പ്രതി കയ്യിലെടുത്ത് ദ്രുതഗതിയിൽ വായിച്ചുതീർത്തു. അവളുടെ ഹൃദയം ത്രസിച്ചു. ശരീരം നഖശിഖാന്തം വിറകൊണ്ടു. എത്ര നിഷ്ഠുരമായ ഒരു രാജശാസനം! ഈ വിളംബരത്തിൽ തന്റെ പ്രാണനാഥൻ തുല്യംചാർത്തിയിരിക്കയും ചെയ്തിരിക്കുന്നോ? അവൾ ആദ്യം വിശ്വസിച്ചില്ല; വീണ്ടും നോക്കി; അതേ ആ തൃക്കൈ വിളയാട്ടംതന്നെ! സംശയമില്ല. സ്വന്തം സാമ്രാജ്യത്തിൽ നിവസിക്കുന്ന യഹൂദരെ, ആബാലവൃദ്ധം സ്ത്രീപുരുഷ ഭേദമെന്യേ കൊന്നൊടുക്കുവാനുള്ള രാജകൽപനയോ? അവൾ ഇതികർത്തവ്യതാവിമൂഢയായി തൂണുപോലെ അങ്ങനെ നിന്നുപോയി.

മർദൊക്കയിയെ സന്ദർശിച്ച ഭൃത്യൻ, വൃദ്ധൻ പറഞ്ഞയച്ചതായി ഏതാനും വിവരങ്ങൾ കൂടി രാജ്ഞിയെ ഉണർത്തിച്ചു.

"സ്വാമിനി! പതിനായിരം വെള്ളി, മഹാരാജാവിന്റെ തൃപ്പാദങ്ങളിൽ കാഴ്ചവെയ്ക്കാമെന്നു ഹാമാൻ വാഗ്ദാനം ചെയ്തിട്ടുണ്ടുപോലും! മഹാരാജാവിനെ സൂത്രത്തിൽ വഞ്ചിക്കയാണ് ഹാമാൻ ചെയ്തിട്ടുള്ളത്. ഈ വിളംബരത്തിന്റെ താൽപര്യമനുസരിച്ച് നിഷ്കർഷയായി പ്രവർത്തിക്കുന്നതിന് നാടൊട്ടുക്ക് രാജകൽപന

കരം അടിയന്തിരമായി പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നത്രേ. എസ്തർ ഭയപാരവശ്യങ്ങളോടെ ചോദിച്ചു.

"മർദൊക്കയി ഒടുവിൽ എന്തു പറഞ്ഞു?"

"യഹൂദവംശത്തെ രക്ഷിക്കാൻ നിന്റെ സ്വാമിനിക്കു മാത്രമേ കഴിവുള്ളു" എന്നായിരുന്നു വൃദ്ധൻ ഒടുവിൽ അടിയനോടു പറഞ്ഞതു്.

## VIII

ആ രാത്രി എസ്തർ മഹാരാജ്ഞി അനുഭവിച്ച ധർമ്മസങ്കടം, വർണ്ണനാതീതമായിരുന്നു! തന്റെ ജീവിതയാഥാർത്ഥ്യങ്ങളെ ആത്മപരിശോധന ചെയ്തുകൊണ്ടു് അവൾ രാത്രിമുഴുവൻ നിദ്രാവിഹീനയായി കഴിച്ചുകൂട്ടി. തനിക്കു് ലൌകികവിഭവങ്ങളും, ഉൽകൃഷ്ട പദവിയും സ്വാധീനമാണു്; എന്നാൽ തന്റെ പ്രവൃത്തിസ്വാതന്ത്ര്യം എത്രയോ പരിമിതമാണു്. മഹാരാജസന്നിധിയിൽ സ്വേച്ഛപോലെ പ്രവേശിക്കാൻ അവൾക്കു് അനുവാദമുണ്ടോ? അനുവാദമുണ്ടായിരുന്നെങ്കിൽ, അവൾ തൽക്ഷണം, തന്റെ പിതൃബന്ധുവിന്റെയും സ്വവംശത്തിന്റെയും ത്രാണനാർത്ഥം, രാജപാദങ്ങളിൽ മുട്ടുകുത്തി ഇരക്കുമായിരുന്നു. മഹാരാജാവിന്റെ ഇഷ്ടാനുസാരംമാത്രം, ആജ്ഞാനുസാരംമാത്രം, സന്നിധാനത്തിൽ എത്തുവാനെ അവൾക്കു് അവകാശമുള്ളു ഈ പരിതഃസ്ഥിതിയിൽ, കരണീയമെന്തെന്നറിയാതെ അവൾ കുഴങ്ങി. മർദൊക്കയിയെപ്പററി ചിന്തിക്കുമ്പോൾ, എസ്തറിന്റെ ഹൃദയം

സ്നേഹപാരവശ്യംകൊണ്ടു വിലോലചപലമാകും; സഹതാപാനുഭൂതികൊണ്ടു പാദാതികേശം ഉലയും. തന്റെ വളൎത്തച്ഛൻ—തന്നെ അശരണതപത്തിൽനിന്നും കരകേററിയസ്നേഹസമ്പന്നൻ, തന്റെ അഭ്യുദയത്തെ ജീവിതൈകലക്ഷ്യമായി കരുതിപ്പോരുന്ന ആ ആത്മബന്ധു അദ്ദേഹത്തിന്റെ ഈ അപേക്ഷയെ നിറവേററാതിരിക്കുകയോ?

ഇപ്രകാരമുള്ള ചിന്താഗതികളുടെ സമ്മൎദ്ദത്താൽ എസ്തർ ആ രാവിൽ അശേഷം ഉറങ്ങിയില്ല. പ്രഭാതത്തിൽ രാജ്ഞി സ്വന്തം പരിചാരകനായ ഹാച്ചായെ വിളിച്ചു ഇപ്രകാരം അരുളിച്ചെയ്തു.

“ഹാച്ചാ! മർദൊക്കയിയെ എങ്ങനേയും കണ്ടുപിടിക്കണം. എന്നിട്ട് ഞാൻ പറഞ്ഞതായി പറയണം. മഹാരാജാവിനെ കണ്ടു് സങ്കടം ഉണൎത്തിക്കുന്നകാൎയ്യം, വിചാരിച്ചതുപോലെ അത്ര എളുപ്പമല്ല ഈയിടെ വിശേഷിച്ചും, തിരുമനസ്സുകൊണ്ടു് സന്ദൎശനസൗകൎയ്യങ്ങൾ നിശേഷം നിറുത്തിയിരിക്കുകയാണു്. തിരുമേനി അപേക്ഷകളും ഹർജികളുംകൊണ്ടു് പൊറുതി മുട്ടിയിരിക്കുന്നു. ആജ്ഞാനുസരമേ, ആൎക്കും രാജസന്നിധിയിൽ പ്രവേശിക്കാൻ അനുവാദമുള്ളൂ. രാജകല്പനയാണതു്. അതു ധിക്കരിച്ചാൽ ശിക്ഷ ശിരച്ഛേദമായിരിക്കും. ഒരു മാസത്തിൽ കൂടുതലായി, രാജ്ഞിയായ എനിക്കുപോലും രാജാവിനെ കാണുവാൻ അവസരം ലഭിച്ചിട്ടില്ല. രാജശാസനത്തെ ഒരുവകൊണ്ടും ധിക്കരിക്കാൻ ഞാൻ ശക്തയല്ല

തന്നെ. ഈ വിവരം ദയവായി മർദ്ദൊക്കയിയെ ധരിപ്പിക്കുക. അദ്ദേഹം തെററിദ്ധരിക്കയില്ലെന്ന് എനിക്കുറപ്പുണ്ട്."

ഹാച്ചാ, രാജ്ഞിയുടെ സന്ദേശം, ഒന്നും വിടാതെ, അൽപം മനോധമ്മവും ചേൎത്തു മർദ്ദൊക്കയിയെ ധരിപ്പിച്ചു.

മർദ്ദൊക്കയി നൈരാശ്യത്തോടും അൽപം പാരുഷ്യത്തോടും കൂടിയാണ് എസ്തേറിൻെറ സന്ദേശം ശ്രവിച്ചതു്. പാവം! എസ്തേർ വിചാരിച്ചു; മർദ്ദൊക്കയി തെററിദ്ധരിക്കയില്ലെന്ന്! പക്ഷെ, മർദ്ദൊക്കയി തെററിദ്ധരിക്കതന്നെചെയ്തു. മാത്രമല്ല, മറുപടിയായി ഇത്രയും ധരിപ്പിക്കുന്നതിന് ഹാച്ചായോടു ആവശ്യപ്പെടുകയുംചെയ്തു.

"ഹാച്ചാ! ഒരു കാൎയ്യം രാജ്ഞിയെ പ്രത്യേകം ധരിപ്പിക്കണം. ആരുടേയും ജീവൻ സുരക്ഷിതമല്ല. എസ്തറും, ഹാമാൻെറ നിഷ്ഠുരനിയമത്താൽ ഹിംസിക്കപ്പെടും. അതിനാൽ ധൈര്യമായി പ്രവൎത്തിക്കട്ടെ. എസ്തേർ, രാജ്ഞീപദത്തിൽ എത്തിയിട്ടുള്ളതു് യഹൂദവംശത്തെ രക്ഷിക്കുവാനുള്ള ഒരു മാൎഗ്ഗമായിപ്പരിണമിച്ചേക്കാം. അതായിരിക്കാം ദൈവനിശ്ചയം."

മർദ്ദൊക്കയിയുടെ മറുപടികേട്ടു് അവൾ ദീർഘനേരം മൌനമായി പലതും ചിന്തിച്ചുകൊണ്ടിരുന്നു. മർദ്ദൊക്കയിയും താനുമായി വേർപെട്ട ദിവസം, ആ

മൂഢൻ, അവളുടെ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിച്ച പല സംഗതികളും അവാ ഓൎത്തു. "നീ യഹൂദവംശത്തിലെ ഒരംഗമാണെന്ന കാര്യം അഭിമാനത്തോടെ ഓൎത്തുകൊള്ളണം." ഇപ്പോൾ എസ്തറിനു് ബോധ്യപ്പെട്ടിരിക്കുന്നു, അതിൻെറ അൎത്ഥവ്യാപ്തി എത്രത്തോളമെന്നു്. എസ്തർ, സംശയഗ്രസ്തമായിരുന്ന മനസ്ഥിതിയിൽനിന്നും ഉണൎന്നു; തൻെറ കൎത്തവ്യത്തെ കരതലാമലകംപോലെ ദൎശിച്ചു. "താൻ പ്രവൎത്തിക്കണം; തൽക്ഷണം പ്രവൎത്തിക്കണം. സ്വജനങ്ങൾക്കുവേണ്ടി, വേണ്ടിവന്നാൽ തൻെറ ജീവൻ പണയപ്പെടുത്തണം. ഹാമാൻെറ ദുഷ്ടതകൊണ്ടു് വധിക്കപ്പെടുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണു് ഭൎത്തൃഹസ്തത്താൽ ഹിംസിക്കപ്പെടുന്നതു്." അവാ കൎമ്മസന്നദ്ധയായി.

എസ്തർ രാജ്ഞി, കൎമ്മധീരയായ ഒരു പ്രൌഢ നാരിയായി രൂപാന്തരപ്പെട്ടു. "മൎദ്ദൊക്കയിയോടു പറയുക" അവാ ഒരു ഭൃത്യനോടാജ്ഞാപിച്ചു. "നഗരത്തിലുള്ള യഹൂദരെല്ലാം ഒത്തൊരുമിക്കട്ടെ. ഇന്നു മുതൽ മൂന്നുരാവും മൂന്നുപകലും അവർ പ്രാൎത്ഥനയിലും ഉപവാസത്തിലും കഴിയട്ടെ. ഞാനും എൻെറ സ്വന്തം ഭൃത്യരും അപ്രകാരം ചെയ്യും. അതിനുശേഷം ഞാൻ, രണ്ടും കല്പിച്ചു് രാജസന്നിധാനത്തിൽ എത്തുന്നുണ്ടു്. ഈ വിവരം മൎദ്ദൊക്കയിയെ ധരിപ്പിക്കൂ."

എസ്തറിൻെറ അഭിമതാനുസാരം യഹൂദസമുദായം, ആഹാരമുപേക്ഷിച്ചും, പ്രാൎത്ഥിച്ചും മൂന്നുനാളുകാ കഴിച്ചു

കുട്ടി. രാജ്ഞിയും പരിചാരകവൃന്ദവും അപ്രകാരംതന്നെ ഐഹികസുഖങ്ങൾ വെടിഞ്ഞു് ആത്മീയചിന്തയിൽ വ്യാപരിച്ചു. ഈ സത്കമ്മത്തിൻെറ അവസാനത്തിൽ തനിയ്ക്കു കൂടുതൽ ആത്മീയപ്രകാശവും തൻേറടവും കൈവന്നതായി അവൾക്കു് അനുഭവപ്പെട്ടു.

## IX

കണ്ണുകളെ അഞ്ചിപ്പിക്കുന്ന കനകരത്ന സിംഹാസനത്തിൽ അഹശ്വേരസ്സ് മഹാരാജാവു് ഇരുന്നരുളുകയാണു്. ഐശ്വര്യത്തിൻേറയും സമൃദ്ധിയുടേയും വിലാസരംഗമായിരുന്നു അവിടം. വിവിധവർണ്ണങ്ങളിലുള്ള മാർബിൾ കല്ലുകളാൽ നിമ്മിക്കപ്പെട്ടിരുന്ന കുളിർഭിത്തികൾ, അകത്തുള്ള സൌന്ദര്യധോരണിയെ പ്രതിഫലിപ്പിച്ചു ബഹുലീകരിച്ചിരുന്നു. ഇന്ദ്രനീലനിറമാന്ന പട്ടുമെത്തകളിൽ ഉപവിഷ്ടരായി, സൂര്യപടോപധാനങ്ങളിൽ തലചായ്ച്ചു്, ഹാമാൻ തുടങ്ങിയ പ്രമുഖരാജസേവകന്മാർ, സിംഹാസനത്തിൻെറ ഉഭയപാശ്വങ്ങളിലും പരിലസിച്ചിരുന്നു. ഈ സന്ദർഭത്തിലാണു് എസ്തേർ മഹാരാജ്ഞിയുടെ രാജസന്നിധാനത്തിലേയ്ക്കുള്ള പ്രവേശനമുണ്ടായതു്.

പ്രാർത്ഥനകൊണ്ടു് പവിത്രീകൃതമായിരുന്ന അവളുടെ ചേതസ്സിൽ ആപൽശങ്കകൾക്കു് ഇടമുണ്ടായിരുന്നില്ല.

അഹശ്വേരസ്സ് മഹാരാജാവിൻെറ പട്ടമഹിഷിയ്ക്കു ചേർന്ന പ്രൌഢഗാംഭീര്യങ്ങളോടെ, ചേതസ്സമാകർഷക

മായ വിധത്തിൽ രാജ്ഞിയും ചേന്ന വസ്ത്രാലങ്കാരങ്ങൾ അണിഞ്ഞു് എസ്തർ, അന്തഃപുരത്തിൽ നിന്നും മന്ദമന്ദം നടന്നു്, മഹാരാജാവിൻെറ ദൃഷ്ടിക്കു വിഷയമാകത്തക്കവിധത്തിൽ, അല്പം അകലെ ഒരു പ്രവേശനദ്വാരത്തിൽ നിലകൊണ്ടു. വാസ്തിരാജ്ഞി, മഹാരാജാവിൻെറ നിർബന്ധപൂർവ്വമായ ക്ഷണത്തെപ്പോലും നിരസിച്ചു. എസ്തർരാജ്ഞി, രാജസന്നിധിയിൽ സ്വമേധയാ ചെന്നിരിക്കുന്നു! എന്തു വ്യത്യാസം.

കുറച്ചുകാലമായി കാണുവാൻ തരപ്പെടാതിരുന്നതുകൊണ്ടു് വർദ്ധിതമായ ഔത്സുക്യത്തോടുകൂടിയാണു് അസ്വോരസ്സ് എസ്തറിനെ കടാക്ഷിച്ചതു്. അപരാധിനി എന്നപോലുള്ള നിലയും ലജ്ജാവിനയങ്ങളുടെ സ്വാഭാവികതയും മഹാരാജാവിൻെറ മനസ്സിൽ എന്തെന്നില്ലാത്ത സ്നേഹകൗതുകങ്ങൾ ജനിപ്പിച്ചു. അസ്വോരസ്സ് തൻെറ അധികാരമുദ്രയായ പൊന്നിൻചെങ്കോൽ സ്വാഗതസൂചകമായി ഉയർത്തിക്കാണിക്കുകയും രാജസമ്മതിയുടെ പ്രസ്തുതലക്ഷ്യം ഗ്രഹിച്ചിരുന്ന രാജ്ഞി, തിരുമുമ്പിൽ പ്രവേശിക്കയും ചെയ്തു.

"പ്രിയപ്പെട്ട എസ്തർ! നിനക്കെന്താണാവശ്യമെന്നു പറഞ്ഞുകൊള്ളുക. രാജ്യത്തിൽ പകുതിപോലും നിനക്കു തരുവാൻ മടിയില്ലെന്നറിഞ്ഞുകൊള്ളുക."

എസ്തർ മൃദുവായി മന്ദഹസിച്ചു. ഇപ്രകാരം ഉണർത്തിക്കുകയും ചെയ്തു. "തിരുവുള്ളമുണ്ടായി, നാളെ

തിരുമേനിയും, ഫാമാനും, അടിയൻെറ വിരുന്നിൽ സംബന്ധിക്കണമെന്നു് അപേക്ഷയുണ്ടു്."

അസ്സേപാറസ്സ് ഉറക്കെ ചിരിച്ചു. "ഇത്രമാത്രമേ ഉള്ളോ? വളരെ സന്തോഷം. ഞങ്ങൾ, ഈ ക്ഷണത്തിൽ അഭിമാനിതരായിരിക്കുന്നു." രാജ്ഞി സംതൃപ്തിയോടെ മടങ്ങി. രാജാവിനോടൊപ്പം തന്നേയും രാജ്ഞി ക്ഷണിച്ചതിൽ ഫാമാൻ ചരിതാൎത്ഥനായി.

X

പ്രത്യക്ഷഹേതുവൊന്നും കൂടാതെ, ആ രാവിൽ, അസ്സേപാറസ്സ് മഹാരാജാവിനെ, നിദ്രാദേവി കടാക്ഷിച്ചില്ല. ദന്തപര്യങ്കത്തിൽ, പട്ടുമെത്തയിൽ, ബൃഹത്തായ രാജ്യത്തിൻെറ സൃഷ്ടിസ്ഥിതിസംഹാരസമൎത്ഥമായ രാജശക്തി, ഉറക്കം വരാതെ തിരിഞ്ഞും ചരിഞ്ഞും മനഃക്ലേശത്തോടുകൂടി നിമിഷങ്ങൾ എണ്ണിയെണ്ണിക്കഴിക്കുകയായിരുന്നു. അലസമായ ചിത്തവൃത്തി, അസ്സേപാറസ്സിനെ ആകാശക്കോട്ടകൾ കെട്ടുവാൻ പ്രേരിപ്പിച്ചു; ഭൂതകാലപ്രവൎത്തനങ്ങളിലേക്കു് എത്തിനോക്കുവാൻ അദ്ദേഹത്തിനു് ജിജ്ഞാസ ജനിപ്പിച്ചു. വിധിവിലാസംകൊണ്ടായിരിക്കാം, മഹാരാജാവു് മങ്ങിയ വെളിച്ചത്തെ പ്രകാശിപ്പിച്ചു് തൻെറ സ്വകാൎയ്യഡയറിയുടെ പഴയ ഏടുകൾ മറിച്ചുനോക്കുന്നതിൽ തല്പരനായി കാണപ്പെട്ടു. തന്നെ വധിക്കുന്നതിനായിക്കൊണ്ടുള്ള സേവകജനത്തിൻെറ ഉദ്യമം വിവരിച്ചിരുന്ന താളിൽ, മഹാരാജാവിൻെറ ദൃഷ്ടികൾ ആകസ്മികമായി പതിഞ്ഞു എന്നു പറ

ഞ്ഞാൽ കഴിഞ്ഞതല്ലോ. ആ വിവരണത്തിൽ, മർദൊക്കയിയെപ്പററി താൻ അകമഴിഞ്ഞു് അഭിനന്ദിച്ചിട്ടുള്ള ഭാഗവും അദ്ദേഹത്തിൻെറ ശ്രദ്ധയെ ശക്തിയായി ആകർഷിച്ചു. അസ്സേപാസ്സ് ആ നിമിഷത്തിൽ തൻെറ സ്വകാൎയ്യകാൎയ്യദർശിയെ വിളിച്ചു വരുത്തി, ഇപ്രകാരം തിടുക്കത്തിൽ ചോദിച്ചു

"മർദൊക്കയിയുടെ, രാജഭക്തിപ്രകടനത്തിനു് നാം എന്തു പ്രത്യുപകാരമാണു് ചെയ്തിട്ടുള്ളതു്?"

"തിരുമേനി! ഒന്നും ചെയ്തിട്ടുള്ളതായി അടിയൻ ഓൎക്കുന്നില്ല" എന്നയാൾ പ്രത്യുത്തരം നൽകി.

"ഛേ! അതു നന്നായില്ല; എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു" എന്നു് രാജാവു് കല്പിച്ചു.

ഹാമാനും ആ രാത്രി കാരണാന്തരത്താൽ മനഃപൂർവ്വം, ഉറങ്ങുകയുണ്ടായില്ല. മഹാരാജ്ഞിയുടെ പ്രത്യേക തിരുവുള്ളത്തിനു് താൻ പാത്രമായിരിക്കുന്നു. മഹാരാജാവിനെയല്ലാതെ, മറെറാരു പുരുഷനേയും, അവർ ഇതുവരെ വിരുന്നിനു് ക്ഷണിച്ചു് കേട്ടുകേൾവിപോലുമില്ല. തന്നോടു കാണിച്ച ഈ ബഹുമതിയിൽ ഹാമാൻ കൂടുതൽ അഹങ്കാരമത്തനായി. മർദൊക്കയിയുടേയും യഹൂദവംശത്തിൻേറയും മൂലച്ഛേദം എത്രയോ സുകരമായിത്തീൎന്നിരിക്കുന്നു. ഇപ്രകാരമാണു് ഈ മനുഷ്യദ്രോഹിയുടെ ചിന്തകൾ പാഞ്ഞതു്. അധികാരമണ്ഡലത്തിൻെറ സ്വാധീനശക്തിയെ സ്വകാൎയ്യസി-

ധിക്കുള്ള ഉപകരണമായി രൂപാന്തരപ്പെടുത്തുന്ന കുടിലചിത്തന്മാർ സേവകവർഗ്ഗത്തിൽ കാണുക സാധാരണമാണല്ലോ. ആ രാവിൽതന്നെ, ഹാമാൻ, തന്റെ പ്രത്യേകശത്രുതയ്ക്കു് വിധേയനായിരുന്ന മർദ്ദൊഖായിയെ വധിയ്ക്കുന്നതിനു് ഒരു കഴുകുമരം തന്റെ സങ്കേതപരിസരങ്ങളിൽ ഒരിടത്തു് രഹസ്യമായി കുഴിച്ചിടുവിപ്പിച്ചു. പിറെറദിവസം തന്നെ, തന്റെ ചിരകാലാഭിലാഷത്തെ സഫലമാക്കുന്നുണ്ടെന്നു് അയാൾ നിശ്ചയിച്ചുറച്ചു. രാജാവിന്റെയും രാജ്ഞിയുടേയും പ്രീതിയ്ക്കു പാത്രമായ ഹാമാനു് എന്തുതന്നെ ചെയ്തുകൂടാ!

ഏവംവിധങ്ങളായ ഒരുക്കങ്ങൾ കഴിഞ്ഞു്, ഹാമാൻ പ്രഭാതത്തിൽ പതിവുപോലെ രാജസന്നിധാനത്തിൽ എത്തി. അഹസ്വേരസ്സിന്റെ മുഖത്തു് അസാധാരണമായ ഒരു ഭാവവ്യത്യാസം സ്ഫുരിക്കുന്നുണ്ടെന്നു്, കണ്ടുകൂടിയ മാത്രയിൽതന്നെ, ഹാമാനു് തോന്നിപ്പോയി. അഹസ്വേരസ്സ് തന്റെ സേവകപ്രധാനിയെ അരികിൽ വിളിച്ചു് ഇപ്രകാരം പ്രശ്നം ചെയ്തു.

"ഹാമാൻ! പ്രിയപ്പെട്ടസ്നേഹിതാ! രാജാവിനു് പ്രജകളിൽ ഒരുവനെ ബഹുമാനിക്കണമെന്നു തോന്നിയാൽ, എന്താണു് ഏററവും ഉചിതമായ മാർഗ്ഗം?"

ഈ ചോദ്യം ഹാമാനെ, അതിമാത്രം ഉത്സാഹപ്പെടുത്തി. അയാൾ വിചാരിച്ചു, "ഈ പ്രജകളിൽ ഒരുവൻ താനല്ലാതെ ആരാണു്? തന്നെ കൂടുതലായി ഉയ

ത്താൻ അസ്സേപരസ്സ് ആഗ്രഹിക്കുന്നുണ്ടാവാം. രാജ്ഞിയുടേയും പ്രീതി നേടിയ് തന്നെ കൂടുതൽ ബഹുമാനിക്കണമെന്ന് അവിടുത്തേക്ക് തോന്നിയിരിക്കണം." ഇപ്രകാരം ചിന്തിച്ച് നവമായ ഉത്സാഹപ്രകർഷത്തോടുകൂടി ഹാമാൻ പ്രതിവചിച്ചു.

"തിരുമേനി! തിരുവുള്ളപ്രസാദത്തിന് പാത്രമായ ഒരുവനെ മററു പ്രജാലക്ഷങ്ങൾക്ക് ഒരു പാഠമായിരിക്കത്തക്കവണ്ണം ഉന്നതബഹുമതികൾകൊണ്ട് പൂജിക്കണം. അടിയന് തോന്നുന്ന ഒരു മാർഗ്ഗം അറിയിച്ചുകൊള്ളട്ടെ. അവിടുത്തെ സ്വന്തം രാജകീയവസ്ത്രാഭരണങ്ങൾ അണിയിച്ച്, അവിടുത്തെ കിരീടവും ധരിപ്പിച്ച് അവിടുത്തെ സ്വന്തം അശ്വത്തിൻെറ പുറത്തേററി, നഗരത്തിലെ പ്രധാന തെരുവീഥികളിൽകൂടി രാജോചിതമായ ഇതര സന്നാഹങ്ങളോടുകൂടി അയാൾ സഞ്ചരിക്കുവാൻ കല്പനയുണ്ടാകട്ടെ. രാജപ്രസാദത്തിൻെറ പരിണതഫലം ഇതാണെന്ന് രാജസേവകന്മാർ മുന്നും പിന്നും നടന്ന് പ്രജാലക്ഷങ്ങളെ ഉൽബോധിപ്പിക്കയും ചെയ്യട്ടെ."

ഈ ഉപദേശം, അസ്സേപാസ്സിന് എത്രമേൽ സ്വീകാര്യമായിതോന്നിയെന്ന് അദ്ദേഹത്തിൻെറ അനന്തരനടപടികൾ തെളിയിച്ചു.

അസ്സേപരസ്സ് കൽപിച്ചു. "ഹാമാൻ! ഈ ഉപദേശം നാം സർവാത്മനാ അഭിനന്ദിയ്ക്കുന്നു. ശ്രദ്ധിച്ച്

രോക്കു. നമ്മുടെ പ്രീതിക്കു പാത്രമായതു് യഹൂദനായ മർദൊക്കായിയാണു്. ഹാമാൻ! സേവകന്മാരിൽ പ്രധാനിയായ നീ തന്നെ മർദൊക്കായിയെ വിളിച്ചുവരുത്തി, നമ്മുടെ കിരീടവും വേഷഭൂഷാധികളും അണിയിച്ചു് തെരുവീഥികളിൽക്കൂടി സാഘോഷം സഞ്ചരിപ്പിക്കാൻ സകല ഏർപ്പാട്ടും ചെയ്യുക. സകലമാനപേരേയും, രാജപ്രീതിയുടെ സത്യാവസ്ഥ തെര്യപ്പെടുത്തുന്ന കൃത്യവും ഹാമാൻതന്നെ കയ്യേൽക്കുക."

ഹാമാൻ അസ്തപ്രജ്ഞനായി ഏതാനും നിമിഷം നിന്ന നിലയ്ക്കുനിന്നുപോയി. സ്വയംകൃതാനർത്ഥത്തിന്റെ ഗതിവിഗതികൾ അയാളെ അമ്പരിപ്പിച്ചു. എന്നാൽ രാജകല്പനയല്ലേ! ഹാമാൻ മനസ്സില്ലാമനസ്സോടെ തന്റെ ബദ്ധശത്രുവിനെ ഭൃത്യഭാവേന പരിചരിയ്ക്കുകയും രാജപ്രീതി ലഭിച്ച പുരുഷനായി മർദൊക്കായിയെ ബഹുജനങ്ങൾക്കു് പരസ്യമായി പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു എന്നേ പറയേണ്ടു.

## XI

അന്നു സായാഹ്നത്തിൽ മഹാരാജാവും സേവകപ്രധാനി ഹാമാനും മഹാരാജ്ഞിയുടെ അതിഥികളായി വിരുന്നു സൽക്കാരത്തിൽ സംബന്ധിക്കയുണ്ടായി. മഹാരാജാവിനെ സംബന്ധിച്ചിടത്തോളം, അതു് മനോരഞ്ജകമായ ഒരു സന്തോഷകൃത്യം തന്നെയായിരുന്നു. എന്നാൽ ഹാമാനാകട്ടെ, നിരുത്സാഹവാനായി കാണപ്പെട്ടു.

ബാഹ്യേന്ദ്രിയങ്ങൾ ഭക്ഷണപാനീയങ്ങളിൽ പ്രവൎത്തിച്ചു കൊണ്ടിരുന്നെങ്കിലും, അന്തരിന്ദ്രിയങ്ങൾ മൎമ്മഭേദകമായ ഒരു അനുഭവത്തിൻെറ സ്മരണയിൽ നീറിപ്പുകഞ്ഞു കൊണ്ടിരുന്നു. എത്ര ലജ്ജാകരമായ ഒരു നടപടിയാണു് അന്നു് ഏതാനും നാഴികകൾക്കു് മുമ്പു് തനിക്കു് അനുഷ്ഠിക്കേണ്ടിവന്നതു്. തന്നെ അപമാനിച്ച ധിക്കാരിയെ താൻ കുതിരപ്പുറത്തുകേററി കൊണ്ടുപോകേണ്ടിവന്നു. തൻെറ ബദ്ധവൈരിയെ താൻ ആദരിക്കേണ്ടിവന്നു. അവൻെറ കൊലയ്ക്കായി താൻ ഒരുക്കിയിരുന്ന കഴുമരം അപ്പോഴും തന്നെയും തൻെറ അധികാരശക്തിയേയും അപഹസിച്ചു കൊണ്ടു് അതേ നിലയിൽ നില്ക്കുന്നു. ഹാമാൻ എങ്ങനെ സന്തോഷത്തോടുകൂടി ഈ വിരുന്നിൽ പങ്കെടുക്കാനാണു്? അയാൾ സല്ക്കാരകോലാഹലത്തിൻെറമദ്ധ്യേ നെടുവീൎപ്പിടുകയും ദന്തങ്ങൾ തമ്മിൽ ഉരുമ്മുകയും അധരത്തെ മൎദ്ദിക്കുകയും ചെയ്തു. എന്നാൽമഹാരാജാവു് ഹാമാൻെറ ചേഷ്ടകളെ പ്രത്യേകമായി ശ്രദ്ധിക്കുന്നതിനോ ഉത്സാഹക്കുറവിനുള്ള ഹേതുവിനെപ്പററി ആരായുവാനോ തുനിഞ്ഞില്ല.

വിരുന്നു് ഏതാണ്ടു് സമാപിക്കാറായപ്പോൾ അഹസ്വേരസ്സ് മഹാരാജ്ഞിയെ അഭിസംബോധനം ചെയ്തു.

"പ്രിയപ്പെട്ട എസ്ഥേർ! നിൻെറ ആഗ്രഹം എന്തെന്നു് പറഞ്ഞുകൊള്ളൂ. ഞാൻ മുമ്പു് ഒരിക്കൽ പറഞ്ഞില്ലേ; രാജ്യത്തിൽ പകുതി വേണമെങ്കിലും സമ്മാനിയ്ക്കാമെന്നു്.

എസ്തർ ഒട്ടും അമാന്തിച്ചില്ല. ഹാമാൻെറ സ്വാധീനശക്തിയോ, തന്നോടുള്ള അനുരാഗമോ വിജയിയ്ക്കുന്നതെന്നു് അറിയേണ്ട പരീക്ഷ ഇനിയും മാററിവയ്ക്കാവുന്നതല്ല. അവരം ധൈര്യ്യസമേതം ഉണൎത്തിച്ചു.

"തിരുമേനി! അവിടുത്തേയ്ക്കു് തിരുവുള്ളമുണ്ടായി, അടിയൻേറയും അടിയൻെറ വംശക്കാരുടേയും ജീവനെ രക്ഷിച്ചുകൊള്ളണമെന്നുമാത്രമേ അപേക്ഷയുള്ളു. അടിയൻ ഒരു യഹൂദസ്ത്രീയാണു്. അടിയനേയും യഹൂദവംശത്തേയും കൂട്ടക്കൊലയ്ക്കു് വിധിച്ചിരിയ്ക്കുന്നു."

ഇതുകേട്ടു് മഹാരാജാവു്, കോപത്തോടെ ഞെട്ടി എഴുന്നേററു.

"നിന്നെ വധിക്കുവാൻ കെല്പുള്ളവനാരു്? അവനെവിടെ?"

അവരം ചൂണ്ടിക്കാണിച്ചു. "തിരുമേനി! ഇതാ ഹാമാൻ മുമ്പിൽ ഇരിയ്ക്കുന്നു." ഹാമാൻ അടിമുടി വിറച്ചുപോയി. മുഖം വിളറി. ഇരിപ്പിടത്തിൽനിന്നും അറിയാതെ പകുതി പൊന്തിപ്പോയി. തലകുനിച്ചു് നേത്രങ്ങരം ചുളുക്കി, അയാരം വികൃതങ്ങളായ ചേഷ്ടകരം അഭിനയിച്ചു.

അസേപറസ്സു്, അട്ടഹസിച്ചുകൊണ്ടു് ചാടി എഴുന്നേററു. ഹാമാൻ, അട്ടയെപ്പോലെ ഇരുപ്പിടത്തിനുള്ളിൽ ചുരുണ്ടുകൂടി. മുസലസദൃശങ്ങളായിരുന്ന രാജഹ

സ്ഥങ്ങളം, ഹാമാൻെറ ഗളപ്രദേശത്തെ ലാക്കാക്കി കുതിച്ചു ചാടി. എന്നാൽ, ഉത്തരക്ഷണത്തിൽ അസേപാറസ്സ്, ആ സാഹസത്തിൽ നിന്നും വിരമിക്കുകയും, സൽക്കാര മുറി തരണംചെയ്തു ആരാമമദ്ധ്യത്തിൽ എത്തി, കാവൽക്കാരനായ ഒരു ഭമത്യപനോട്ട് തന്നെ അനുഗമിക്കാൻ ആജ്ഞാപിക്കയും ചെയ്തു.

മഹാരാജാവ് മുറിയിൽനിന്നും കുതിച്ചു പാഞ്ഞു പോകുന്നതു കണ്ടപ്പോൾ, ഹാമാന്, കാര്യം മനസ്സിലായി. തൻെറ ജീവൻ അപകടത്തിലായി എന്ന് ഹാമാൻ തീർച്ചയാക്കി. മഹാരാജ്ഞിയുടെ കാരുണ്യം ഒന്നു മാത്രമേ തന്നെ രക്ഷിക്കയുള്ളൂ. ഹാമാൻ മഹാരാജ്ഞിയെ സമീപിച്ച് മുട്ടുകുത്തി, കണ്ണുനീർ വാർത്തു ദീനദീനമായി ക്ഷമാപ്രാർത്ഥന ചെയ്തു. തൻെറ അപരാധങ്ങളെ പൊറുക്കണമെന്നും, തൻെറ ജീവനെ രക്ഷിക്കണമെന്നും ഹാമാൻ ഇരന്നു. ഈ പ്രാർത്ഥനകൾ എല്ലാം കേട്ടിട്ടും, ഈ അത്യാദരങ്ങൾ എല്ലാം കണ്ടിട്ടും, എസ്തർ, ശിലാപ്രതിമപോലെ നിശ്ചേതനയായി ഇരുന്നതേയുള്ളൂ.

മഹാരാജാവ്, കാവൽക്കാരനോടുകൂടി തിരിച്ചെത്തിയപ്പോൾ, ഹാമാൻ, രാജ്ഞിയുടെ പാദത്തിൽ വീണ് പലതും പുലമ്പുന്നതായിട്ടാണു കണ്ടതു്. ഹാമാൻെറ പേരിൽ സംശയഗ്രസ്തമായ രാജചിത്തം, ഹാമാൻെറ ഈ പ്രവൃത്തിയും ദുശ്ശങ്കയോടെയാണ് വീക്ഷിച്ചതു്. അസേപാറസ്സ് ആക്രോശിച്ചു. "ശരി, കൊള്ളാം! എസ്തറിനേയും

അവരുടെ ജനങ്ങളേയും ഹിംസിക്കാൻ ഒരുങ്ങിയ നീചൻ ഇപ്പോൾ അവളോടു പ്രാൎത്ഥന നടത്തുന്നോ?"

മഹാരാജാവ് കാവൽക്കാരനോടു കല്പിച്ചു. "ഇവനെ കൊണ്ടുപോകു. അവൻെറ മുഖം വസ്ത്രം കൊണ്ടു മൂടുക. അവൻ കൊല്ലപ്പെടേണ്ടിയിരിയ്ക്കുന്നു."

ഇതു കേട്ട മാത്രയിൽ ഹാമാൻെറ പ്രാണൻ പകുതിയും പേടികൊണ്ടു് പറന്നുപോയി. കാവൽക്കാരൻ, കല്പനപ്രകാരം വസ്ത്രംകൊണ്ടു മുഖം മറച്ചു് ഹാമാനെ വലിച്ചിഴച്ചുകൊണ്ടു് അവിടം വിട്ടു. അപ്പോൾ അസ്വേരസ്സ് അരുളിച്ചെയ്തു "നില്ക്കു്. ഹാമാൻ ഒരു കഴുകുമരം അവൻെറ ഭവനാങ്കണത്തിൽ എവിടെയോ പ്രതിഷ്ഠിച്ചിട്ടുണ്ടെന്നു കേട്ടു. അതിൽ, അവനെത്തന്നെ കേററട്ടെ! അതാണു് ഈ ദ്രോഹിയ്ക്കു് ഉചിതമായ ശിക്ഷ."

ബാലചന്ദ്രൻ, പാലൊളി പരത്തിയിരുന്ന ആ രാവിൽ, കടിലചിത്തനായിരുന്ന ഹാമാൻെറ ജഡശരീരം, ജീവിതത്തിൻെറ അനിശ്ചിതത്വത്തെ സംബന്ധിക്കുന്ന ഒരു ചോദ്യചിഹ്നംപോലെ, മരച്ചില്ലു് തൂങ്ങിക്കിടക്കുന്നതു് ആ വഴിയേ സഞ്ചരിച്ച പലരും കണ്ടു് അത്യാൽഭുതപ്പെട്ടു. ഈ വാൎത്ത നാലു ദിക്കിലും പരന്നു. പുരജനങ്ങൾ തടിച്ചുകൂടി. കൂട്ടത്തിൽ മർദൊക്കായിയും ഉണ്ടായിരുന്നു. ഹാമാൻെറ അന്ത്യത്തിൽ അൽഭുതം പ്രദർശിപ്പിക്കാത്ത ഒരാൾ ഉണ്ടായിരുന്നു എങ്കിൽ—ഈ കാഴ്ച സമചിത്തതയോടെ വീക്ഷിച്ച ഒരു ധീരൻ ഉണ്ടായിരുന്നു എങ്കിൽ—അതു മർദൊക്കായി മാത്രമായിരുന്നു.

എസ്തർ മഹാരാജ്ഞി, മഹാരാജാവിൻെറ സ്നേഹഭാജനമായി വർദ്ധിതമഹസ്സോടെ വീണ്ടും ഏറെക്കാലം ജീവിച്ചുപോന്നു. ഹാമാൻെറ വകയായിരുന്ന സകല സ്വത്തുക്കളും—അതു് കുറെ അധികമുണ്ടായിരുന്നു—പ്രിയപ്പെട്ട എസ്തറിനു് ആ പ്രേമസമ്പന്നൻ സംഭാവന ചെയ്തു. മർദ്ദൊക്കയി, ഉദ്യോഗസോപാനത്തിൽ പടിപടിയായി ഉയർത്തപ്പെട്ടു്, മഹാരാജാവിൻെറ പ്രധാനനായ ഉപദേഷ്ടാവായി താമസംവിനാ പരിണമിച്ചു. യഹൂദവംശത്തിൻെറ കൂട്ടക്കൊലയ്ക്കു് നാളും തീയതിയും തിട്ടപ്പെടുത്തി രാജമുദ്ര ചാത്തിയ വിളംബരം നാനാദേശങ്ങളിലും എത്തിച്ചിരുന്നു എന്നു് പ്രസ്താവിച്ചിരുന്നല്ലോ. ആ രാജകല്പനയെ പിൻവലിയ്ക്കുന്നതിനോ ധിക്കരിക്കുന്നതിനോ രാജ്യനീതി നിപുണനായ മഹാരാജാവിനു പ്രാപ്തിയില്ലായിരുന്നു. നിർദ്ദിഷ്ടമായമാസം അടുക്കുന്തോറും എസ്തർ മഹാരാജ്ഞിയുടെ, അഭയപ്രാത്ഥനകൾ അത്യധികമായി. നിയമജ്ഞനായ അഹേസ്വാറസ്സിനു് ഒരു പോംവഴിമനസ്സിൽ ഉദിച്ചു. രണ്ടാമതൊരു വിളംബരം, സാമന്തന്മാക്കും പ്രഭുക്കന്മാക്കും കല്പിച്ചു് അടിയന്തിരമായി അയയ്ക്കുവാൻ വേണ്ട നിദ്ദേശങ്ങൾ പുറപ്പെട്ടു. യഹൂദവധത്തിനു് നിർണ്ണയിച്ചിട്ടുള്ള ദിനത്തിൽ, യഹൂദന്മാക്കു് സംഘംചേന്നു് ആയുധധാരികളായി എതിക്കുവാനുള്ള രാജാനുമതിയായിരുന്നു ഈ രണ്ടാം വിളംബരത്തിലെ താല്പര്യം. ഇതിൽനിന്നും, രാജാവിൻെറ അഭിമതം എന്തെന്നറിവാൻ ഉദ്യോഗസ്ഥന്മാക്കും ഭടന്മാക്കും അനായാസേന കഴിഞ്ഞിരുന്നു. വധദിനത്തിൽ ആയുധധാരികളായി സംഘം ചേന്നു്

നടന്നിരുന്ന യഹൂദന്മാർ, രാജഭൃത്യന്മാരുടെയും ഉദ്യോഗസ്ഥന്മാരുടേയും സഹായസഹകരണത്തോടുകൂടി, സ്വന്തം ശത്രുക്കളിൽ ചുരുങ്ങിയതു് എഴുപത്തയ്യായിരം പേരെ പരലോകം പൂകിച്ചു് കൃതകൃത്യരായി. ഇപ്രകാരം ഹാമാൻെറ യഹൂദഹിംസാദിനം, സംഭവങ്ങളുടെ ഗതിവിഗതികൾകൊണ്ടു്, യഹൂദശത്രുക്കളിൽ അധികം പേരുടേയും മരണദിനമായി കലാശിക്കുകയാണുണ്ടായതു്. ഹാമാൻെറ തീരുമാനത്തേയും ഫലത്തേയും അനുസ്മരിപ്പിക്കുന്ന ഒരാഘോഷം, മാർച്ചുമാസത്തിൽ ഒരു പ്രത്യേകദിവസം, ഇന്നും യഹൂദർ കൊണ്ടാടിവരുന്നു എന്നുള്ളതു് സ്മർത്തവ്യമത്രേ !

# പ്രേമാൎത്തയായ അബിശഗ്ഗും
# യുവകോമളനായ അദോനിയാവും

---

ഇസ്റയേൽ വംശത്തിൽ വാണരുളിയ നാടുവാഴികളിൽ പ്രഥമഗണനീയനായ ദാവീദ് രാജാവ് തൻെറ എഴുപതാമത്തെ വയസ്സിൽ എത്തിച്ചേൎന്നിരിക്കുന്നു. എരിഞ്ഞടങ്ങിയ അഗ്നിപൎവ്വതം പോലെ, കാററും കോളും ശമിച്ച പാരാവാരം പോലെ, അദ്ദേഹം സ്വമഞ്ചത്തിൽ അലസശയനം ചെയ്യുകയായിരുന്നു. ജീവിതസയാഹ്നത്തിൻെറ അന്തിമഘട്ടം ആസന്നമായതായി അദ്ദേഹത്തിനും പരിചാരകഗണത്തിനും ബോദ്ധ്യമായി. ഭുവനമനോഹരമായിരുന്ന യരുശലേം കൊട്ടാരത്തിലെ രാജകീയ ശയ്യാഗാരത്തിൽ കനകരത്നഖചിതമായ ദന്തപൎയ്യങ്കത്തിൽ ചക്രവൎത്തി ശരീരപീഡകളെ ലഘൂകരിക്കുമാറ്, ഒരു സമ്മോഹനസായാഹ്നം ആസ്വദിക്കുന്നതിൽ തല്പരനായി കാണപ്പെട്ടു. അസ്തശക്തമായ രവികിരണങ്ങളുടെ മന്ദസ്പൎശമേററ് അദ്ദേഹത്തിൻെറ ക്ഷീണിച്ച അവയവങ്ങൾ ഉന്മിഷിതങ്ങളാകുകയും, വെഞ്ചാമരം പോലെ നരച്ച്, പറന്നു മാറിടത്തെ ആശ്ലേഷിക്കുന്ന വെള്ളിമീശകൾ സ്വൎണ്ണപ്രഭമായി മിന്നിത്തിളങ്ങുകയും ചെയ്തു. മടിയിൽ പടുത്തുവെച്ചിരുന്ന ഇരുകരങ്ങളും കിരണപ്രവാഹത്തിൻെറ "ഫളഫളായത"യിൽ നേരിയ

അരുണിമ വിതറി, ദർശനസൌഭാഗ്യകരങ്ങളായി പരിശോഭിച്ചു. ഹാ! ആ കരങ്ങൾ! അവ സാധാരണ കരങ്ങളോ? ആട്ടിൻപററത്തെ തട്ടത്തുകൂട്ടുവാൻ ഉപകരിച്ച കരങ്ങളാണവ! ഒരു രാജകിരീടത്തെ കരസ്ഥമാക്കിയ കരങ്ങളാണവ! ലാവണ്യവതികളായ നിരവധി സുന്ദരാംഗനകളെ താലോലിച്ചു വശപ്പെടുത്തിയ കരങ്ങളും അവതന്നെ. ഒരിക്കൽ അതിക്രുദ്ധനായ ഒരു പഞ്ചാസ്യവരനെ കാലപുരി ചേർത്ത കരങ്ങളും മറെറാന്നല്ല. മറെറാരിക്കൽ ഒരു കരടിത്താനെത്താനുമാററക്കാനും ആ കരങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഇതേ കരങ്ങൾകൊണ്ടാണ് ഒരു വെൺകൽ ഗുളികകൊണ്ടു ഗോലിയാത്തിനെ പരലോകം പൂകിച്ചതും. എന്നാൽ ചരിത്രം സൃഷ്ടിച്ച ആ കരങ്ങളുടെ ഇന്നത്തെ അവസ്ഥയെന്തു്? മേട്ടരങ്ങളായിരുന്ന വിരലുകൾ ശോഷിച്ചു് അസ്ഥിമാത്രമായിരിക്കുന്നു. ചുക്കിച്ചുളുങ്ങിയ തൊലി അസ്ഥിബന്ധം വിട്ടു ക്രമം തെററി മടിയിൽ പരന്നുകിടിയിരിക്കുന്നു. മാത്രമോ? ഉയർത്തപ്പെട്ടപ്പോഴെല്ലാം അശക്തിദ്യോതകമായി കൈകൾ വിറച്ചുകൊണ്ടേ ഇരിക്കുന്നു.

അതാ, ഒരിക്കൽ കൂടി ആ പരിക്ഷീണങ്ങളായ കൈകൾ മന്ദമായി പൊക്കപ്പെടുന്നു. ഈ ചലനത്തിൻെറ ആന്തരാർത്ഥം ഗ്രഹിച്ചു് അടുത്തൊരു പീഠത്തിൽ ഉപവിഷ്ടയായിരുന്ന ഒരു അംഗനാമണി വേഗത്തിൽ ദാവീദിനെ സമീപിച്ചു നേർമ്മയേറിയ പട്ടുപുതപ്പുകൊണ്ടു് അദ്ദേഹത്തിൻെറ ശരീരത്തെ ആവരണം ചെയ്യുന്നു. അനന്തരം ആ തയ്യലാൾ ഒരു സ്വർണ്ണക്കിണ്ണം നിറച്ചു 'വൈൻ' പക

രുകയും, അതു് കുടിക്കുന്നതിനായി അദ്ദേഹത്തോടു് അഭ്യ ർത്ഥിക്കുകയും ചെയ്യുന്നു. അവൾ പറയുന്നു, 'പ്രഭോ ഇതു കുടിച്ചാലും. കുളിരുശമിക്കുവാൻ ഇതു ഒന്നാന്തരമാണു്.'

രാജാവു് അനുസരണയുള്ള ശിശുവിനെപ്പോലെ അവൾ പറഞ്ഞപ്രകാരംചെയ്തു. പിന്നീടു് ഏതാനും നിമിഷങ്ങൾ ആ കന്യകയെനോക്കി മൌനമായി ചിന്താ ഗ്രസ്തനെന്ന പോലെ ഇരിക്കുന്നതു കാണുമാറായി. അദ്ദേ ഹത്തിന്റെ കണ്ണുകൾ ശാന്തങ്ങളും ദർശനക്ഷമങ്ങളുമായി പരിവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു.

'മകളേ! അബിഷാ, നാമിരുവരും—നീയും ഞാനും— ഭാഗ്യമുള്ളവരാണു്.' വൃദ്ധന്റെ കൈകൾ അബിഷയുടെ കേശസമൃദ്ധിയിൽ കൂടി മന്ദപ്രവാഹം ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹം വീണ്ടും ക്ഷീണസ്വരത്തിൽ തുടൎന്നു, 'എന്റെ കാലം കഴിയാറായി; മകളെ! നിന്റെ കാലം വരുന്നേഉള്ളു. നാമിരുവരും അനിശ്ചിതഭാവിയിലേക്കു കാലെടുത്തുവക്കാൻ ഭാവിക്കുകയാണു്.'

കന്യക ദാവീദ് കിടന്നിരുന്ന കട്ടിലിനരികിൽ ഒരു പീഠത്തിൽ ഇരുന്നു മന്ദസ്മിതത്തിന്റെ ലാഞ്ഛന കലരുന്ന മുഖത്തോടു കൂടി ആ അതിവന്ദ്യവയോധികന്റെ വാക്യങ്ങളെ സാകൂതം ശ്രദ്ധിച്ചു. പരിശുദ്ധസ്നേഹത്തിന്റേയും നിർമ്മലമായ നിഷ്കളങ്കതയുടേയും കേളീരംഗമായിരുന്നു ഇവർ ഇരുവരുടേയും ഹൃദയതലങ്ങൾ. ഈഅൽഭുതബന്ധം ഹൃദയസ്പൃക്കായിരുന്നു.

ദാവീദ് വീണ്ടും ഉച്ചരിച്ചു. 'അബിഷാ, നീ വസന്തകാലവും ഞാൻ വഷകാലവുമായിത്തീന്നിരിക്കുന്നു... അവർ നിന്നെ എൻെറ പ്രേയസീപദത്തിൽ അവരോഹണം ചെയ്യാൻ കൊണ്ടുവന്നതോക്കുമ്പോഠ നൈസർഗ്ഗികമായ ശക്തികഠ ക്ഷയിച്ച് സ്നേഹംവററി വരണ്ടു് അണയാറായ ഈ ദീപത്തിൽ, ഓജസ്സും ചൈതന്യവും വീണ്ടുകൊണ്ടുവരുന്നതിനു കെൽപും വൈഭവവുമുള്ള ഒരു ലളിതാംഗിയെ തേടി അവർ എൻെറ വിസ്തൃത സാമ്രാജ്യം മുഴുവൻ സൂക്ഷ്മമായ അന്വേഷണം നടത്തി. അവസാനത്തിൽ അവർ സമ്മോഹിനിയായ നിന്നെ കണ്ടുപിടിച്ചു. നിൻെറ സാന്നിദ്ധ്യം എൻെറ വൃദ്ധതന്തുക്കളെ നിസ്തന്ദ്രമാക്കുമെന്നും സാധുക്കഠ...അവർ ആശിച്ചു. ഹാ! കഷ്ടം അവക്ക് എന്തു ഭീമമായ തെററാണു പററിയതു്. പ്രേയസികളുടെ കാലം എന്നെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വരാതവണ്ണം കഴിഞ്ഞു പോയി. എൻെറ ശരീരത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ തണുപ്പ് ഒന്നിനൊന്നുകൂടി ഞാൻ മൃത്യുവശഗനായിച്ചമഞ്ഞിരിക്കുന്നു. ഇഹലോകത്തിലെ യാതൊരു ശക്തിയ്ക്കും എന്നെ രക്ഷിക്കുവാൻ സാധിക്കുന്നതല്ല.

ദാവീദ് ഒരിക്കൽക്കൂടി ആ സൌന്ദയ്യധാമത്തിൻെറ കേശസമ്പത്തിൻ മൂദുലമായി തടവിക്കൊണ്ടിരുന്നു. ഏതാനും നിമിഷങ്ങഠ കഴിഞ്ഞു തൻെറ ചിന്താഗതിയെ വീണ്ടും ഇപ്രകാരം പ്രകാശിപ്പിച്ചു.

നിശ്ചയമായും നീ മനോഹാരിണിയാണു്; നിൻെറ സൌന്ദയ്യം ഒരു ശിലാപ്രതിമയ്ക്കുപോലും ജീവൻനൽ

കാൻ പോരുന്നതാണു്. നിൻെറ സാന്നിദ്ധ്യംകൊണ്ടു് എനിക്കു തീർച്ചയായും ഒരാശ്വാസമുണ്ടായിട്ടുമുണ്ടു്. അതു ഞാൻ ഇതാ നിന്നോടു തുറന്നു സമ്മതിക്കുന്നു. എന്നാൽ അതു് ഒരു കാമുകൻ എന്ന നിലയ്ക്കല്ല. സ്നേഹസമ്പന്നയായ ഒരു പുത്രിയുടെ സാന്നിദ്ധ്യം ഒരു പിതൃഹൃദയത്തെ ആശ്വസിപ്പിക്കുന്നപോലെ ഒരുകറയററ ആശ്വാസസുഖമാണു് ഞാൻ അനുഭവിക്കുന്നതു്. അതു് എൻെറ മകൾ മനസ്സിലാക്കണം.

അബിഷായുടെ കണ്ണുകൾ ബാഷ്പകണങ്ങളുടെ സ്ഫുരണത്താൽ അവ്യക്തങ്ങളായി. അവൾ തൻെറ മുഖം തിരിച്ചുകളഞ്ഞു. കുറച്ചുകഴിഞ്ഞപ്പോൾ ആ പെൺകുട്ടി ഭയസംഭ്രമങ്ങളോടുകൂടി, അവളുടെ പാണിതലം രാജകരത്തിൽ അർപ്പിച്ചു് മൃദുസ്വരത്തിൽ പറഞ്ഞു.

"അയ്യോ മഹാപ്രഭോ! അടിയനു് അവിടത്തോടുള്ള കൃതജ്ഞത പറഞ്ഞറിയിക്കാവുന്നതല്ല. ഇങ്ങോട്ടാണു് പോരുന്നതെന്നറിഞ്ഞപ്പോൾ അടിയൻ വളരെ ഭയന്നു; കഷ്ടപ്പാടുകളെപ്പററിയുള്ള സ്മരണ അടിയനെ വ്യാകുലപ്പെടുത്തി. എന്നാൽ അനുഭവമോ? എത്രയോ വിപരീതമായിരിക്കുന്നു! അവിടുത്തെ പെരുമാററം, വന്ന അന്നു മുതൽ അടിയൻെറ സകല ഭയങ്ങളേയും ദൂരീകരിച്ചു് അടിയനെ ലഘുചിത്തയാക്കി. ഹാ! അവിടുന്നു, അടിയൻെറ അച്ഛനെപ്പോലെ കരുണാപൂർവ്വം പെരുമാറി; കാമുകജനത്തെപ്പോലെ ഔദാര്യപൂരം പൊഴിച്ചു; രാജാവായ ദാവീദിനെപ്പോലെ അന്തസ്സോടുകൂടി അടിയനെ സ്വീകരിച്ചു. ഇതിലപ്പുറം എന്തു വേണം?"

നിരുന്മേഷമായ ഒരു മന്ദഹാസം ദാവീദിന്റെ അധരപുടങ്ങളെ തെല്ലൊന്നു ചലിപ്പിച്ചു. "കാതുകൾക്കു ആനന്ദപ്രദമായ പച്ചപ്പരമാൎത്ഥമായിരിക്കാം, ഞാൻ എന്റെ ആയുസ്സിൽ ഇപ്പോൾ ആദ്യമായി കേൾക്കുന്നതു്." ഇത്രയും പറഞ്ഞ ശേഷം ആ വൃദ്ധനായ വീരകേസരി ഭൂതകാലസ്മരണകളിൽ ആമഗ്നനായി ചിന്താഭാരംകൊണ്ടെന്നപോലെ നയനങ്ങളെ നിമീലനം ചെയ്തു. തന്നെ രാജാവായി അഭിഷേകം ചെയ്തതിനുശേഷം നാളതുവരെയുള്ള നാല്പതുവൎഷങ്ങൾക്കിടയിൽ തന്നെ വലയം ചെയ്തിരുന്ന സ്തുതിപാഠകന്മാരുടെയും സ്വാൎത്ഥതല്പരന്മാരുടെയും വ്യാജകഥനങ്ങൾ അദ്ദേഹത്തിന്റെ മനക്കണ്ണാടിയിൽ ദ്രുതതരം പ്രതിഫലിച്ചിട്ടുണ്ടായിരിക്കണം; ഒന്നോ രണ്ടോ പ്രാവശ്യം ദാവീദ് കണ്ണുകൾ പകുതി അടച്ചുതുറന്നതിനുശേഷം, സ്ഥിരസുഷുപ്തിയിൽ ലയിക്കയാണുണ്ടായതു്.

കൊട്ടാരത്തെ മറച്ചുകൊണ്ടു ബഹുസഹസ്രം ശാഖകളോടുകൂടി തഴച്ചുവളൎന്നു നിന്നിരുന്ന മരക്കൂട്ടങ്ങളുടെ മറവിൽ ചൈതന്യയുക്തനായ ഒരു യുവകാമുകൻ, ഈ കന്യകയുടെ വരവു കാത്തു് അക്ഷമനായി നിലയുറപ്പിച്ചിരുന്നു. ഉദാത്തനും ദൃഢകായനും ലക്ഷണയുക്തനുമായ ഈ യുവാവു് അന്നാട്ടുകാരുടെ കണ്ണിലുണ്ണിയായിരുന്നു. സ്ത്രീപുരുഷഭേദമില്ലാതെ സകലരും ഈ സുരൂപനെ ആരാധിച്ചും ബഹുമാനിച്ചും വന്നിരുന്നു. ഇദ്ദേഹം ദാവീദിന്റെ പുത്രനും അനന്തരാവകാശിയുമായ "അദോനിജാ" തന്നെ ആയിരുന്നു. അദോനിയാവിന്റെ ആകൃതിപ്രകൃതികൾ കണ്ടറിഞ്ഞു മനംകുളുൎത്ത പുരജന-

ങ്ങൾ വാഴ്ത്തും. അപ്പനു ചേർന്ന മകൻ തന്നെ. അതേ രൂപം, അതേ സ്വഭാവം—ആ ധൈര്യം ആ വീര്യം എന്തുകൊണ്ടും യോഗ്യൻ—തിരിയിൽനിന്നും കൊളുത്തിയ പന്തംപോലെ "തേജസ്വി" എന്നിങ്ങനെ.

ഈ യുവകോമളനെ കാണുന്ന മാത്രയിൽ മോഹനാംഗികൾ അസ്വസ്ഥചിത്തരായി പരിണമിക്കാറുണ്ടായിരുന്നു. അവർ അന്യോന്യം നിമന്ത്രണം ചെയ്യും. 'സഹോദരനായ അബ്ശലോമിനെപ്പോലെ തന്നെ സൌന്ദര്യസാരം വഴിഞ്ഞൊഴുകുന്ന മോഹനകളേബരൻ. ആ സഹോദരനെപ്പോലെ പരാക്രമശാലിയും സാഹസപ്രിയനും, സഹോദരനെ ഗ്രസിച്ച ദൌർഭാഗ്യം ഇദ്ദേഹത്തേയും' അവർ തുടർന്നു വിചാരിക്കുവാൻ അശക്തകളായി നെടുവീർപ്പോടുകൂടി വിരമിക്കും. ഇതാണു പതിവ്.

അബിഷാ ഉദ്യാനത്തിൽ എത്തി. പ്രേമച്ചൂടാർന്ന ഒരു ഗാഢാലിംഗനം. ഇതാണ് അവൾക്കു ലഭിച്ച സ്വാഗതം. കാമുകൻെറ കണ്ണുകൾ വികസിതങ്ങളായി. ഹൃദയം ആനന്ദസമുദ്രത്തിൽ ആറാടി. അനന്തരം ഉൽക്കടമായ തിടുക്കത്തോടുകൂടി

"അപ്പൻെറ സ്ഥിതി എങ്ങനെ?" എന്നു ചോദ്യം ചെയ്തു.

"അപ്പൻ ഉറങ്ങുന്നു. എന്നാൽ വളരെ വളരെ ക്ഷീണിച്ചിരിക്കയാണ്. അവസാനത്തെ ഉറക്കത്തിൻെറ

മുഹൂർത്തം അടുത്തിരിക്കുന്നെന്നു് അദ്ദേഹത്തിനു തന്നെ തോന്നിത്തുടങ്ങിയിരിക്കുന്നു."

അഡോനിയാവു് നീരസഭാവത്തിൽ പുരികങ്ങൾ ചുളിച്ചു. മാത്രമല്ല, ശങ്കാദ്യോതകമായ ഒരു ഗാഢചിന്തയുടെ നിഴലാട്ടം ആ കണ്ണുകളിൽ വ്യക്തമായി കളിയാടി. ആ പുത്രൻ പ്രതിവചിച്ചു.

"അബിഷാ! നാമെല്ലാം നിത്യനിദ്ര പ്രാപിക്കേണ്ടവർ തന്നെ. എന്നാൽ അതിനു മുമ്പായി നമുക്കു ചില കടമകൾ ഉണ്ടു്. ജീവിതമാകുന്ന മുന്തിരിസ്സത്തു് ആസ്വദിക്കണം. യൌവനത്തിൻെറ സ്വാദു്. പ്രേമത്തിൻെറ സുധാലഹരി, രാഗാനുഭൂതി, അതു നമ്മുടെ അവകാശമാണു്. അബിഷാ! നിൻെറയും എൻെറയും."

അവൾ അവനെ ഗാഢമായി ചുംബിച്ചു. അവൻ അത്രമാത്രം അവൾക്കു പ്രിയപ്പെട്ടവനായിരുന്നു.

"അബിഷാ! നീ ശ്രദ്ധിച്ചുകേൾക്കൂ" അവൻ വേഗത്തിൽ പറഞ്ഞു. എനിക്കു് അധികസമയം ഇവിടെ നിൽക്കുവാൻ തരമില്ല. കൊട്ടാരകാര്യങ്ങൾ മഹാ കുഴപ്പത്തിലായിരിക്കുന്നു. അവിടെ ദുരാലോചനകളുടെ ഒരു കേന്ദ്രമായിത്തീർന്നുപോയി. പിതാവിൻെറ സിംഹാസനം അപഹരിക്കാൻ ബന്ധപ്പെടുന്ന കുബുദ്ധികൾ തീവ്രയത്നങ്ങൾ ചെയ്യുന്നു. പിതാവിൻെറ മരണമുഹൂർത്തം പാർത്തു് അവർ കാത്തിരിക്കുകയാണു്.

എന്താണു പറയുന്നതു്? അവിടുന്നല്ലേ യഥാൎത്ഥമായ രാജ്യാവകാശി? അവൾ ഔത്സുക്യത്തോടുകൂടി ചോദിച്ചു.

കഥയില്ലാത്ത പെൺകുട്ടി നീ എന്തറിഞ്ഞു; ഞാൻ തന്നെ കിരീടാവകാശി; അതിനു തൎക്കമില്ല. എന്നാൽ ശക്തിയുള്ള ഒരു സംഘം എതിരാളികൾ ഇപ്പോൾ തലപൊക്കിയിട്ടുണ്ടു്. എന്റെ അധഃപതനത്തിനായി അവർ പഠിച്ചവിദ്യ സകലതും പ്രയോഗിച്ചുവരുകയാണു്. ഈ സംഘത്തിന്റെ നേതൃസ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതു് ഒരു സ്ത്രീയാണു്. അവൾ വളരെ സൂത്രശാലിനിയാണു്. ബെത്ത്ശേബാ എന്നാണു് അവളുടെ പേരു്.

അവൾ പരിഭ്രമത്തോടുകൂടി പറഞ്ഞു, ബെത്ത്ശേബായൊ? എന്തു്? ബെത്ത്ശേബാ രാജാവിന്റെ പ്രാണപ്രേയസി അല്ലേ"?

"അതേ. പ്രേയസി തന്നെ. അതുപോലെയായിരുന്നു എന്റെ അമ്മ ഹാഗിത്തും. ആ പദവി കുറേക്കൂടി നേരത്തെ അവകാശപ്പെട്ടവളാണു് എന്റെ അമ്മ. എന്നാൽ അപ്പന്റെ സ്വശക്തി നശിച്ചുതുടങ്ങിയതു മുതൽ ബെത്ത്ശേബാ അവരുടെ പുത്രനായ ശലോമോനെ അവരോധിക്കുന്നതിനുള്ള കുടിലതന്ത്രങ്ങൾ പ്രയോഗിച്ചുവരികയാണു്. നാളെയാണു് രണ്ടിലൊന്നു തീൎച്ചയറിയുന്ന ദിവസം."

"നാളെയൊ?" അബിഷാ വികാരപാരവശ്യത്തോടെ ചോദിച്ചു.

അദോണിയാവ്—അതേ, നാളെത്തന്നെ. ഞങ്ങൾ സൂത്രമെല്ലാം ഇണക്കിയിരിക്കുന്നു. നാളെ നിശ്ചിതമായ ഒരു പരിപാടി സ്വീകരിക്കും. നാളെ ഞാൻ രാജാവായി പ്രഖ്യാപനം ചെയ്യപ്പെടും. എനിക്ക് എൻെറ സ്വന്തം രഥങ്ങളും കുതിരപ്പട്ടാളവും ഉണ്ട്. അമ്പതു പട്ടാളക്കാർ എൻെറ മുമ്പിൽ അകമ്പടി സേവിച്ച് എന്നെ രാജാവായി വിളംബരം ചെയ്തുകൊണ്ടു നഗരവീഥികളിൽക്കൂടി സഞ്ചരിക്കും. അപ്പൻെറ അനന്തിരവനായ ജോവാബ്, നമ്മുടെ സർവസൈന്യാധിപൻ, എൻെറ പക്ഷത്താണ്. പ്രധാന പുരോഹിതനായ "അബിയാഥറും" എന്നോടു ചേർന്നുനിൽക്കും. നാളെ അബിയാഥർ എന്നെ രാജാവായി അഭിഷേകവും ചെയ്യും. അവിടെവച്ച് ആവശ്യമായ ബലികർമ്മങ്ങൾ ഞാൻ പരസ്യമായി ജനങ്ങളുടെ കൺമുമ്പിൽവച്ചു നിർവഹിക്കും. ഇതിൻെറ ഫലമായി ഞാനാണ് രാജാവ്, ഞാനാണ് രാജ്യം ഭരിക്കുന്നത് എന്നു ജനസഞ്ചയം മനസ്സിലാക്കും."

അബിഷാ, ഭയപരവശയായി ആ യുവാവിൻെറ കരങ്ങളെ മുറുകെപ്പിടിച്ചു. അവൾ ചോദിച്ചു. "പ്രിയപ്പെട്ട അദോണിയാ!" ആ പ്രവൃത്തി ബുദ്ധിപൂർവമാണോ? അപ്പനായ ദാവീദ് ഇപ്പോഴും ജീവിച്ചിരിക്കുന്നു. ശത്രുക്കൾ പറഞ്ഞുപരത്തും. അവിടുന്ന് അദ്ദേഹത്തിൻെറ കിരീടത്തെ അപഹരിച്ചെന്ന്; അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി എന്ന്. അപ്പൻെറ ആളുകൾ, അബ്ശലോമോനോടു പെരുമാറിയതുപോലെ അദോണിയാവിനോടും പെരുമാറിയെങ്കിലോ?"

ആ യുവകോമളൻെറ മുഖത്തിൽ പൊട്ടുന്ന നവോ ഒരു കാളിമ വീശി മാഞ്ഞു മറഞ്ഞു. അദ്ദേഹം ധൈര്യ പൂർവം ഉൽഘോഷിച്ചു

"ഏതൊരു വിപത്തും ഞാൻ നേരിടേണ്ടിയിരിക്കുന്നു! ഇനി ഒന്നും മാററിവയ്ക്കാൻ നിവൃത്തിയില്ല. മാററിവയ്ക്കുന്നതു് ആത്മഹത്യാപരമായിരിക്കും. ഓരോ ദിവസം ചെല്ലുന്തോറും "ശലോമോൻെറ"അനയായികൾ വദ്ധിച്ചു വദ്ധിച്ചുവരുന്നു. ഇപ്പോൾതന്നെ രാജാവിൻെറ അംഗരക്ഷകസൈന്യത്തിൻെറ അധിപൻ ശലോമോൻെറ വശത്താണു്. പ്രവാചകനായ "നാഥാനും" പുരോഹിതനായ "സാദൊക്കും" ശത്രുപക്ഷത്തിൽ ചേർന്നു കഴിഞ്ഞിരിക്കുന്നു. ഇവരെല്ലാം നിസ്സാരന്മാരല്ല. രണ്ടിലൊന്നു് ഉടൻ അറിയണം. അബിഷാ! നീയൊരിക്കലും ഭയപ്പെടേണ്ട. ഞാൻ രാജാവായി വാഴിക്കപ്പെട്ടു കഴിഞ്ഞിട്ടു്, ശത്രുക്കൾക്കു പ്രാപ്തിയുണ്ടെങ്കിൽ പ്രതിഷേധിക്കട്ടെ. രാജാധികാരത്തിൻെറ ശക്തി അപ്പോൾ ഞാൻ കാണിച്ചുകൊടുക്കാം. നാളെ—അതെ നാളെത്തന്നെ ഞാൻ രാജാവായിത്തീരും—അബിഷാ നീയാവട്ടെ ഇസ്രയിലിലെ രാജ്ഞിയും."

ഉത്സാഹത്തോടുകൂടി അവൻ ആ കനകവല്ലിയെ വീണ്ടും പരിരംഭണം ചെയ്തു.

അടുത്ത പ്രഭാതം!അതു് കാർമേഘാവൃതമായിരുന്നു. ഏതോ ഒരു അലഘുവായ ഭാരം അന്തരീക്ഷത്തെ ആവരണം ചെയ്യുന്നതായി തോന്നിപ്പോകും. ഒരു മ്ലാനത സർ

വത്തു ദൃശ്യമായി. "ഇസ്രയേലിന്റെ വിധി നിർണ്ണയകമായ ആ ദിനം പ്രാപഞ്ചശക്തികളെ അസ്വസ്ഥമാക്കിത്തീർത്തിരിക്കുന്നോ?

അബിഷാ, രാജാവിനെ പരിചരിക്കുന്നതിൽ അന്നു് പതിവുപോലെ വ്യാപൃതയായി. എങ്കിലും സ്വപ്നലോകത്തിലോ മായാലോകത്തിലോ സഞ്ചരണം ചെയ്യുന്നതുപോലെ ഒരു അയഥാർത്ഥത അവളുടെ നടപടികളിൽ അവർക്കുതന്നെ ബോദ്ധ്യപ്പെട്ടു. ഒന്നുരണ്ടുതവണ വിദൂരമായ ഒരു സ്ഥലത്തുനിന്നു്, ആഹ്ളാദസൂചകമായ ഹർഷാരവങ്ങൾ ആകർണ്ണനം ചെയ്യപ്പെടുന്നതായ ഒരു തോന്നൽ അവളുടെ അന്തരിന്ദ്രിയങ്ങളെ സ്തബ്ധമാക്കിത്തീർത്തു.

രാജാവിന്റെ ശരീരാസ്വാസ്ഥ്യം കൂടുതൽ ആശങ്കാകുലമായിത്തീർന്നിരുന്നു. പ്രഭാതത്തിന്റെ േരധികഭാഗവും അദ്ദേഹം അസ്തപ്രജ്ഞനായി, പലതും പുലമ്പിക്കൊണ്ടിരുന്നു. ഇടയ്ക്കിടെ പരിചിതങ്ങളായ ചില പേരുകൾ ഉരുവിടുന്നതു വ്യക്തമായി കേൾക്കാമായിരുന്നു. ചിലതു് അബിഷായുടെ മനസ്സിലായി "ശൌലിന്റേയും ജോനാഥന്റെ"യും പേരുകൾ അവൾ തിരിച്ചറിഞ്ഞു.

നേരം പുലർന്നതോടുകൂടി അദ്ദേഹത്തിന്റെ ആലസ്യം അല്പം അകലുകയും പ്രജ്ഞാകേന്ദ്രം ഒട്ടൊന്നു തെളിയുകയും ചെയ്തു. ഈ സമയത്തായിരുന്നു അടച്ചിരുന്ന വാതലുകൾ ശക്തിയായി തള്ളിത്തുറക്കപ്പെടുന്ന ഒരുശബ്ദം കേൾക്കായതു്. ഉത്തരക്ഷണത്തിൽത്തന്നെ കോപസംഭ്ര

ങ്ങളോടുകൂടി, രാജ്ഞിയായ ബെത്ത്ശേബാ, ഭർത്തൃസന്നിധിയിൽ പ്രവേശിച്ചു. അവൾ മഹാരാജാവിനെ പ്രണാമപുരസ്സരം അഭിവാദ്യം ചെയ്തിട്ട് അസ്വസ്ഥയായി തിരുമുമ്പിൽ ചില ചേഷ്ടകൾ കാണിച്ചു. ദാവീദ് ഉദാസീനമായി അവളെ നോക്കി "നീ എന്തിനാണു വന്നതു്?" എന്നു മന്ദസ്വരത്തിൽ പ്രശ്നംചെയ്തു. ബെത്ത്ശേബാ നിവർന്നുനിന്ന് തലയുയർത്തി ഏറെക്കണ്ണിട്ട് അബിഷാഗയെ നോക്കിയതിനുശേഷം വികാരഗംഭീരശബ്ദത്തോടുകൂടി ഇപ്രകാരം തിരുമനസ്സറിയിച്ചു.

"അദോനിയാവു് രാജ്യം വാഴുന്നു. തന്നെത്താൻ രാജാവായി വിളംബരം ചെയ്യപ്പെട്ടിരിക്കുന്നു. "ജോവാബും" "അബിയാഥറും" അയാളുടെ പക്ഷത്താണു്. ജനങ്ങളുടെ മുമ്പിൽവച്ചു് ആട്ടുമാടുകളെ ബലികഴിച്ചു് രാജാധികാരത്തെ അവരെ തെര്യപ്പെടുത്തിയിരിക്കുന്നു. തിരുമേനി ഓർക്കുന്നുണ്ടോ എന്നോടുചെയ്ത ആ ശപഥം. അവിടുത്തെ കിരീടാവകാശിയായി എന്റെ പുത്രൻ "സോളമനെ" അല്ലാതെ മററാരെയും വാഴിക്കുകയില്ലെന്നു്."

ഈ ഭാഷണത്തിന്റെ അവസാനവാക്യങ്ങൾ ആക്രോശിച്ചു വളരെ ഉച്ചത്തിലും വെറുപ്പോടും കൂടിയാണു് ഉദീരണം ചെയ്തതു്. ദാവീദ തല മന്ദമായി താഴ്ത്തി ചിന്താവ്യഗ്രനായി കാണപ്പെട്ടു. പൂർവസ്മരണകളിൽ അദ്ദേഹത്തിന്റെ അവിശദബുദ്ധി പ്രവർത്തിക്കുകയായിരുന്നിരിക്കാം.

"ശപഥമോ? ഞാനെന്തെങ്കിലും ശപഥം ചെയ്തിട്ടുണ്ടോ" എന്നിങ്ങനെ പ്രകൃതി തന്നോടായിത്തന്നെ രാജാവു ചോദിക്കുന്നതായി തോന്നി.

"അബ്ശലോം രാജ്യം വാഴുന്നോ, നീ എന്താണു പറഞ്ഞത്, അവൻ മഹാവിഷമക്കാരനും പരാക്രമിയുമാണ്. അവന്റെകാര്യം എനിക്കൊരുമഹാഭാരമാണ്."

അബിഷാ, ഇതുകേട്ടപ്പോൾ ദാവീദിന്റെ തലയ്ക്കൽ അരികിൽ ചെന്ന് "പ്രഭോ അബ്ശലോമല്ല, അദോനിയാവാണു രാജ്യം വാഴുന്നത്" എന്നു തിരുത്തിപ്പറഞ്ഞു. മാത്രമല്ല, അബിഷാ തുടർന്ന് "അദോനിയാവ് അവിടത്തെ സ്ഥാനം കവരുകയല്ലാ ചെയ്തിട്ടുള്ളത്. അദ്ദേഹം......

അബ്ശലോം, അദോനിയാവ്, അദോനിയാവു, അബ്ശലോം എല്ലാം ശരിതന്നെ. ഇരുവരും സുമുഖന്മാർ, ഇരുവരും പരാക്രമികൾ, ഇരുവരും സാഹസികന്മാർ എന്റെ കുററംതന്നെ. അവരെ ഞാൻ അത്രയേറെ സ്നേഹിച്ചു. അവരുടെ ഇഷ്ടം അത്രയേറെ കാത്തു. ഈവിധം പിതാവു വിലപിച്ചു.

ദാവീദിന്റെ നുരുവശങ്ങളിലും നിന്നുകൊണ്ട് ഈ രണ്ടു സ്ത്രീകളും മല്ലയുദ്ധപ്രവീണന്മാരെന്നവണ്ണം കുറച്ചുനേരം പരസ്പരം ഉഗ്രമായ നോട്ടം ചിതറി വീണ്ടും ആരെങ്കിലും സംഭാഷണം തുടരുന്നതിനു മുമ്പിൽ, നാഥാൻ അതിവേഗത്തിൽ പൊഞ്ഞു തിരുമുമ്പിൽ പ്രവേശിച്ചു. ബെത്ത്ശെബായും, നാഥനും അർത്ഥവത്തായി പരസ്പരം കടാക്ഷിക്കുന്നത് അബിഷാ കണ്ടു. നാഥാ

ന്റെ ഈ ആഗമനം മുൻകൂട്ടി നിശ്ചയിച്ചിരുന്ന ഒരു പരിപാടി പ്രകാരമാണെന്നു തൽക്ഷണം അബിഷായുടെ മനസ്സിലായി.

പ്രവാചകനായ "നാഥാൻ" തിരുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

"പ്രഭോ! അവിടുന്നു് അദോനിയാവിനെ സിംഹാസനത്തിൽ അവരോധിച്ചോ? ഞങ്ങൾ കാണുന്നതു് എന്തു്? കേൾക്കുന്നതു് എന്തു്? അദോനിയാവും അനുയായിസംഘവും ഉല്ലാസത്തകർപ്പുകൊണ്ടു നഗരം ഇളക്കി മറിക്കുന്നു. ജനാവലി അത്യുച്ചത്തിൽ ആർത്തു വിളിക്കുന്നു. "രാജാവായ അദോനിയാവു നീണാൾ വിജയിക്കട്ടെ" എന്നു്. ഇതെന്തു കഥയാണു്.?

ഈ വാർത്താനിവേദനം കേട്ടു് അബിശഗിന്റെ ഹൃദയം ത്രസിച്ചു. അവൾ നേരത്തെ ഭയന്നിരുന്നതു പരമാർത്ഥമായി ബ്ഭവിച്ചു. ദ്രോഹാലോചനക്കാർ വളരെ നയസാമർത്ഥ്യത്തോടുകൂടി, അവരുടെ വാദം രാജസന്നിധിയിൽ സമർപ്പിക്കുന്നു. താൻ ജീവിച്ചിരിക്കുമ്പോൾ തന്റെ രാജാധികാരം അപഹരിക്കപ്പെട്ടിരിക്കുന്നു എന്നു ദാവീദിനു് ഒരുവിഭ്രമം ജനിക്കട്ടെ. അതായിരുന്നു അവരുടെ സൂത്രം. ഈ വാദം ആ വൃദ്ധനിൽ എന്തെന്തു പരിവർത്തനങ്ങളാണു വരുത്തുവാൻ പോകുന്നതു് എന്നവൾ അൽഭുതപ്പെട്ടു.

ദാവീദ് അശക്തനെങ്കിലും ഈ പുതിയ പരിതഃസ്ഥിതികളെ നേരിടുക തന്നെ ചെയ്തു. വ്യക്തമായും സാ

വധാനുത്തിലും നിർദ്ദാക്ഷിണ്യമായും ദാവീദ് ഇപ്രകാരം അരുളി.

"ഇപ്പറയുന്നതു രാജകല്പനയാണ്. ശലോമോനെ നമ്മുടെ സ്വന്തം കഴുതപ്പുറത്തു കയററി ഗീഹോനി ലേക്കു കൊണ്ടുപോവുക. അവിടെവെച്ചു പുരോഹിതനായ സാദൊക്കും പ്രവാചകനായ നാഥാനും അവനെ രാജാ വായി അഭിഷേകം ചെയ്യട്ടെ എൻെറ സ്വന്തം സൈ ന്യാധിപനായ 'ബെനയായും' പരിവാരങ്ങളും ശലോമോ നെ അനുയാത്ര ചെയ്യട്ടെ. ആ കാഴ്ച ഒന്നുകൊണ്ടുതന്നെ പ്രജകൾ നമ്മുടെ ഹിതമെന്തെന്നു ഗ്രഹിച്ചുകൊള്ളും. ഞാൻ ഇതാ ഇന്നു മുതൽ ശലോമോനുവേണ്ടി രാജ്യാവകാശം ഒഴിഞ്ഞു കൊടുത്തിരിക്കുന്നു."

ഈ ഓരോ പദങ്ങളും അബിശഗ്ഗിൻെറ ഹൃദയ ത്തിൽ വജ്രസൂചികൾ തുളച്ചു കയററി. അവൾ അവ ർണ്ണനീയമായ യാതനയ്ക്കു വശഗയായി കൈകൾ തമ്മിൽ തിരുമ്മുകയും നെററിത്തടത്തെ ബലമായിത്തടവുകയും ചെയ്തു. അവൾ അനുഭവിച്ച ദുസ്സഹദുഃഖം എന്തു പറ യട്ടെ!

ആ അവസരത്തിൽ വിജയദ്യോതകമായി ബഹിർ പ്രകാശം ചെയ്ത മന്ദഹാസത്തെ അടക്കുവാൻ പണിപ്പെ ട്ടുകൊണ്ടു് ബെത്ത്ശേബാ, ദാവീദിനോടു നമ്രമുഖയായി യാത്രാനുവാദം ചോദിക്കുകയും, "രാജാവായ ദാവീദ് ആചന്ദ്രതാരം ജീവിച്ചിരിക്കട്ടെ" എന്ന് ആശംസിക്കു കയും ചെയ്തു.

ദാവീദ് ഈ കപടാശംസയുടെ വികൃതികൊ ണ്ടെന്നപോലെ പിറേറ ദിവസം കാലഗതി പ്രാപിച്ചു.

“ദാവീദ് ശലോമോനെ രാജാവായി വാഴിക്കാൻ കാരണമെന്തു്? ഈ ചോദ്യം ഒരു നൂറുവട്ടം അബിശഗ് തന്നോടായിത്തന്നെ ചോദിച്ചു. ശരിയായ ഒരു ഉത്തരം ബുദ്ധിയിൽ തോന്നാതെ അവൾ കുഴങ്ങി. ന്യായമായ കിരീടാവകാശി അദോനിയാവാണെന്നു ലോകക്ക് എല്ലാം ബോദ്ധ്യമായിരിക്കെ, ഈ കട്ടംകൈ ചെയ്യുവാൻ ദാവീദിനെ പ്രേരിപ്പിച്ചതാരായിരിക്കാം. ബുദ്ധീന്ദ്രിയ ങ്ങൾക്കു ക്ഷീണം ബാധിക്കയാൽ ദാവീദ് അദോനിയാവെ ആകൃതിപ്രകൃതികളുടെ സാമ്യംകൊണ്ടു് “അബ് ശലോ” മെന്നു തെററിദ്ധരിച്ചിരിക്കുമോ? അഥവാ, ബുദ്ധിശക്തി യിലും വിജ്ഞാനത്തിലും പേരെടുത്ത ശലോമോൻ ഒരു യോദ്ധാവു മാത്രമായ അദോനിയാവിനെക്കാൾ, രാജ്യഭര ണത്തിനു യോഗ്യനായ യുവാവായി ദാവീദിനു തോന്നിയി രിക്കുമോ? അതോ, ശലോമോൻെറ പക്ഷം പിടിച്ചു വാദിച്ച ഏതിർ ശക്തികൾക്കു വയോധികനായ ദാവീദ വഴങ്ങിക്കൊടുക്കുകയാണോ ചെയ്തതു്? ഏതോ അവൾക്ക് ഒരു തീർച്ചയും കിട്ടിയില്ല.

അബിശഗ്, ശലോമോൻെറ കൊട്ടാരത്തിലേക്കു നോക്കുമ്പോഴെല്ലാം, ഏതോ തീവ്രമായ ചിന്തയ്ക്കു ധീനനെന്നപോലെ അദ്ദേഹം ഉലാത്തുകയായിരിക്കും.

അദോനിയാവിനെപ്പററിയുള്ള വിചാരം ശലോ മോനെ വല്ലാതെ അലട്ടുന്നു. വൃദ്ധനു കാവൽക്കാരനായ ഒരു ഭടൻ കൂട്ടുകാരനോടു മന്ത്രിച്ചു.

"സാക്ഷാൽ അവകാശി" ജീവിച്ചിരിക്കെ തൻെറ സ്ഥാനം സുരക്ഷിതമല്ലെന്നു് അറിവാനുള്ള ബുദ്ധി മഹാരാജാവിനു് ഇല്ലാതെപോകുമോ എന്ന കൂട്ടുകാരൻ അസ്വാസ്ഥ്യകാരണത്തെ ഊന്നിക്കൊടുത്തു.

നീ കഥകളൊന്നും അറിഞ്ഞില്ലേ! അദ്ദേഹമിന്നാവും ദേവാലയത്തിൽ ശരണം പ്രാപിച്ചിരിക്കയാണു്. അതിനാൽ തക്കസമയം വരട്ടെ എന്നു കാത്തിരിക്കുകയാണു് നമ്മുടെ തമ്പുരാൻ എന്നു് ഇതരൻ വസ്തുതകളെ വിശദീകരിച്ചു.

ഈ സംഭാഷണം ഒളിച്ചുനിന്നിരുന്ന അബിശഗ്ഗ്, ആദ്യന്തം വ്യക്തമായി കേട്ടു വിവിധവികാരങ്ങളുടെ ഒരു പടക്കളമായിത്തീൎന്നു - അവളുടെ ഹൃദയാങ്കണം. ഒന്നോൎത്തപ്പോൾ അവൾക്കു സ്വല്പം ആശ്വാസം തോന്നി. തൻെറ കാമുകൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു! എത്രയോ ആനന്ദപ്രദമായ സ്മരണ!.

രണ്ടു ദിനങ്ങൾ കഴിഞ്ഞപ്പോൾ അവൾ തൻെറ കാമുകനെ നേരിട്ടു കണ്ടു. അഹഹാ! ആ കാഴ്ച മൎമ്മഭേദകമായിരുന്നു. ക്രൂരന്മാരായ രണ്ടു പട്ടാളക്കാരാൽ ഇരുവും വലവും സൂക്ഷിക്കപ്പെട്ടു് തൻെറ പ്രാണനാഥൻ ആനീതനാകുന്ന കാഴ്ച കണ്ടു് അവൾ പിടഞ്ഞു. അബിശഗ്ഗ് നീ ഭയപ്പെടേണ്ട. അന്നു ഞാൻ രാജാവും നീ രാജ്ഞിയും, എന്നു് ആ രഹസ്സംഗമത്തിൽ തൻെറ ആത്മപ്രിയൻ ഉച്ചരിച്ച പദങ്ങൾ ഓരോന്നും അവളുടെ കൎണ്ണപുടങ്ങളിൽ ഇരച്ചു കയറി.

മഹാരാജാവായ ശലോമോൻെറ തിരുമുമ്പിൽ ഹാജരാകുവാനായി ഇതാ അദ്ദേഹം യാതൊരു ക്രസലുംകൂടാതെ പട്ടാളക്കാരെ അനുഗമിക്കുന്നു. ഹൃദയത്തിൻെറ അടിപ്പു നിലച്ചതുപോലെ ഒരു തോന്നൽ അവളെ ഇതികത്തവ്യതാവിമൂഢയാക്കിത്തീർത്തു.

അദോനിയാവിനെ കണ്ടപ്പോൾ ശലോമോൻ നിഷ്പ്രഭനായിത്തീൻ. അദ്ദേഹത്തിൻെറ മുഖം വിളറി എങ്കിലും മനക്കരുത്തു വീണ്ടെടുത്തു് തന്നെ സമീപിക്കുന്നതിനായി വാമഹസ്തം ഉയത്തി ഒരു സംജ്ഞ കാണിച്ചും അവിടെ തടിച്ചുകൂടിയിരുന്ന ജനാവലി ഏതോ അത്യത്ഭുതം കാണുവാനെന്നപോലെ നിന്നിമേഷരായിച്ചമഞ്ഞു. അദോനിയാവു് കൽപനയനുസരിച്ചു് മുന്നോട്ടു നീങ്ങി. ഉദാസീനഭാവത്തിൽ, എന്നാൽ തൻെറ തോട്ടുകൂടി ഇടവും വലവും തിരിഞ്ഞു് പ്രേക്ഷകന്മാരെ സമീക്ഷിച്ചുകൊണ്ടു പുരോഗമിക്കുന്നതിനിടയിൽ അദോനിയാവിൻെറ ദൃഷ്ടികൾ തൻെറ സഹൃദയസർവസ്വമായ അബിശഗ്ഗിനെ ദർശിച്ചു ഹൃദയാവർജകമായ ഒരു മന്ദഹാസംകൊണ്ടു താൻ അവളുടെ സാന്നിദ്ധ്യത്തെ അറിഞ്ഞിരിക്കുന്നതായി അവളെ ഗ്രഹിപ്പിച്ചു. അദോനിയാവു ശലോമോൻെറ അടുത്തെത്തി. ശിരസ്സുയത്തി അചഞ്ചലനായി നിന്നുകൊണ്ടു പ്രസ്ഫുടമായി ഇപ്രകാരം അറിയിച്ചു. ശലോമോനെ നാം തമ്മിലുള്ള മത്സരത്തിൽ താങ്കൾ ജയിച്ചിരിക്കുന്നു. ഞാൻ താങ്കൾക്കു വിധേയനാണു്. അദോനിയാവിൻെറ നിൽപും ഭാഷണവും ചേഷ്ടകളും സൂക്ഷിച്ചു കാണികൾ

അവൻെറ മനസ്സാന്നിദ്ധ്യത്തെ മതിക്കുകയും ശ്രുപത്തെ കൊണ്ടാടുകയുംചെയ്തു. അദോനിയാവു തുടന്നു; എന്നെ സംബന്ധിച്ച് അവിടത്തെ വിധി എന്തെന്ന് എനിക്കറിയേണ്ടിയിരിക്കുന്നു.

ശലോമോൻ അദോനിയാവിനെ അടിതൊട്ടു മുടിവരെ സൂക്ഷ്മാവലോകനംചെയ്തു. ഹാ! ഈ ശിരസ്സ് ഈ ഉടലിൽനിന്നു വേർപെടുത്തുവാൻ എന്താണുവഴി? ഇതായിരുന്നു ശലോമോൻെറ ആലോചന. ഒരു കള്ളക്കുററം ചുമത്തുവാൻപോലും പഴുതില്ലല്ലോ എന്നു ഖേദിച്ചു. ശലോമോൻ ബുദ്ധിപൂർവം ഇപ്രകാരം ശാസിച്ചു.

"രാജാവായ എന്നോടു ഭക്തിയുള്ളവനായി നീ ജീവിക്ക. എന്നാൽ നീ സ്വാതന്ത്ര്യം, മറിച്ചു, ദ്രോഹത്തിനാണു നീ ഭാവമെങ്കിൽ, നീ നിശ്ചയമായും കൊല്ലപ്പെടേണ്ടവൻതന്നെ."

ഇതു കേട്ടു പുഞ്ചിരസം ഊറുന്ന അധരപുടങ്ങളോടുകൂടി അദോനിയാവ് രാജസന്നിധിയിൽ നിന്നു മടങ്ങി. തനിക്കു ജീവസ്വാതന്ത്ര്യം ലഭിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടുകൂടി, അബിഷായുമായുള്ള സമ്പർക്കസൌഭാഗ്യം ജീവിതത്തിലെ അതിപ്രധാനഘട്ടമായി കൊതിച്ചിരുന്ന ആ തരുണൻ, പോകുന്നപോക്കിലും അബിഷായെ കടാക്ഷിച്ചു സംതൃപ്തചിത്തനായി തൻെറ വാസസ്ഥാനം പൂകി.

ഇതാ ഒരു സ്ത്രീ ശലോമോൻെറ സന്നിധാനത്തിൽ പ്രവേശിക്കുന്നു. ശലോമോൻ ഉല്ലാസവാനായി എഴു

ന്നേറവു് ഉപചാരപൂർവം, ആഗതയായ മാതാവിനെ സമീപിച്ചു്, "അമ്മേ വരുക. എൻെറ വലത്തുവശത്തായിത്തന്നെ ഇരിക്കുക" എന്നു നിർബന്ധപൂർവം അപേക്ഷിച്ചു.

ബെത്ത്ശേബാ ശലോമോൻെറ വാമഭാഗത്തു് ഉപവിഷ്ടയായി. അവർ പുത്രനെ തഴുകിക്കൊണ്ടു് ഒരു വസ്തുത നിവേദനംചെയ്തു. 'മകനേ! അവനു—അദോനിയാവിനു് അബിശഗിനെ വിവാഹം ചെയ്യണമെന്നു് പറയുന്നു.'

ഇതു കേട്ട മാത്രയിൽ ഹാ! കിട്ടിപ്പോയി, താൻ ആഗ്രഹിച്ചിരുന്ന കാരണം കിട്ടിപ്പോയി എന്നു ശലോമോൻ ആഹ്ളാദിച്ചു. നമ്മേയും നമ്മുടെ രാജാധികാരത്തേയും വെല്ലുവിളിക്കുന്ന—ധിക്കരിക്കുന്ന ഒരാഗ്രഹം അദോനിയാവു പരസ്യപ്പെടുത്തിയിരിക്കുന്നു. ഇതിലപ്പുറം രാജസ്ഥാനത്തെ അപമാനിക്കാനെന്തുള്ളൂ. അവനു് അബിശഗ്ഗിനെ ഭാര്യയാക്കണംപോലും. ഈ അബിശഗ്ഗ് ഏതു്? അച്ഛൻെറ അന്തഃപുരത്തെ അലങ്കരിച്ചിരുന്ന അംഗനാരത്നമല്ലേ? അവളെ അവകാശപ്പെടാനുള്ള അധികാരം—അടുത്ത രാജാവായ നമുക്കല്ലാതെ മററാർക്കുണ്ടു്. അവൻെറ ധിക്കാരം എന്നിങ്ങനെ പ്രതികാരസന്ദർഭം കരഗതമായതിലുള്ള സന്തോഷത്തോടുകൂടി, അദോനിയാവിൻെറ മേൽ ചുമത്തപ്പെടേണ്ടുന്ന ശിക്ഷാസമ്പ്രദായത്തെ മനസ്സിൽ ശലോമോൻ കുറിച്ചു കഴിഞ്ഞു.

അനന്തരം അമ്മയെ അഭിസംബോധന ചെയ്തുകൊണ്ടു് ഇപ്രകാരം പ്രതിവചിച്ചു. അപ്പോൾ അദോ

നിയാവിന് അബിശഗ്ഗിനെ വേണം അല്ലേ! നല്ല ഭക്തിപ്രകടനം. നല്ല ഉദ്ദേശ്യം. അബിശഗ്ഗിനെ കിട്ടിക്കഴിഞ്ഞാൽ അവൻെറ അടുത്ത അഭിലാഷം അവൻെറ സ്നേഹിതനായ യോവാബിനെ സർവ്വസൈന്യാധിപതി ആക്കണമെന്നായിരിക്കും; അടുത്തതു നമ്മെ ദ്രോഹിച്ച അബിയാഥരെ പുരോഹിതനായി വീണ്ടും പ്രതിഷ്ഠിക്കണമെന്നായിരിക്കും. ഒടുവിൽ ഈ രാജ്യവും സ്ഥാനവും അങ്ങോട്ടു ഒഴിഞ്ഞുകൊടുക്കുവാനായിരിക്കും. കടുത്ത ആഗ്രഹങ്ങൾ അമ്മേ കൊള്ളാം. തക്കകാരണം ലഭിച്ചു. അവൻെറ സ്വന്തമുഖത്തുനിന്നുതന്നെ രാജദ്രോഹം അവൻ പ്രഖ്യാപനം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനിയും ക്ഷമിക്കുവാൻ തരമില്ല. ഈ നിമിഷത്തിൽ അവൻ വധിക്കപ്പെടട്ടേ എന്നു നാം കൽപിക്കുന്നു.

ഇത്രയും പറഞ്ഞതിനുശേഷം, സ്വന്തം അംഗരക്ഷകസൈന്യത്തിൻെറ അധിപതിയായ ബെനിയായെ വരുത്തി ഏതോ ചില കൽപനകൾ കൊടുത്തു.

ദീനദീനമായ ഒരു രോദനം—വെന്തു പൊരിഞ്ഞ ഒരു സ്ത്രീഹൃദയത്തിൻെറ പരിദേവനം ആ അന്തരീക്ഷത്തിൽ ഉയൎന്നു. അബിശഗ്ഗ് ഒട്ടൊന്നു നടന്നും തട്ടിപ്പിടഞ്ഞുവീണും നിസ്സഹായമായി വിലപിച്ചുകൊണ്ടു രാജസന്നിധാനത്തിൽ പരിഭ്രാന്തയായി ഓടുവാൻ പണിപ്പെട്ടു. ശൂലധാരികളായ കിങ്കരന്മാരാൽ അവളുടെ മാൎഗ്ഗം പ്രതിബന്ധിക്കപ്പെട്ടു. അവൾ ഉറക്കെ ആക്രന്ദനംചെയ്തു; മാറത്തടിച്ചു ഹൃദയം തകരുമാറു്, അദോനിയാവിനെ

രക്ഷിക്കണമേ എന്നു പ്രാർത്ഥിച്ചു. ആരു കേൾക്കാനാണു്. ഒടുവിൽ അവൾ പരവശയായി വ്യസനത്തോടും ആലസ്യത്തോടുംകൂടി വാടിത്തളൎന്നു നിലംപതിച്ചു. വിമ്മിഷ്ടത്തോടുകൂടിയ ഞരങ്ങൽ മാത്രമേ പിന്നീടു് അവളിൽ നിന്നും പുറപ്പെട്ടുള്ളൂ.

ഈ ദീനസ്വരം കൊട്ടാരത്തിൽ തിമിൎത്തു തകൎത്തിരുന്ന കോലാഹലങ്ങൾക്കിടയിൽ—ദാസീനൃത്തം വാദ്യഘോഷങ്ങൾ ഗീതപ്രയോഗങ്ങൾ—ഇവകൾക്കിടയിൽ മന്ദശ്രുതികളായി പരിണമിച്ചു് പരിസരവായുവിൽ വിലയംപ്രാപിച്ചു.

അടുത്ത കൊലക്കളത്തിൽ നിതാന്ത സുഭഗനും വീരപരാക്രമനുമായിരുന്ന അദോനിയാവിന്റെ കണ്ഠച്ഛേദം ലാഘവത്തോടുകൂടി നിർവഹിക്കപ്പെടുന്ന ആ രംഗം കാണുവാൻ അന്നത്തെ അണയാറായ സൂര്യബിംബമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.

---

## ദാവീദും ഔരിയാവിശേലും

"ഹാവു! ഇത്തവണ നമ്മുടെ ദുരാഗ്രഹിയുടെ മനം കുളിൎത്തു എന്നു തോന്നുന്നു." രോമം കവിഞ്ഞിറങ്ങുന്ന ആട്ടിൻപററത്തെ തലോടിക്കൊണ്ടു് ആ കത്രികക്കാരൻ തന്റെ ചങ്ങാതിയായ വേലക്കാരന്റെ ചെവിയിൽ ഈ വിധം മന്ത്രിച്ചു.

ദുരാഗ്രഹികളിൽവെച്ച് ദുരാഗ്രഹിയെന്നും, "അറുത്തകൈയ്ക്കു് ഉപ്പുതേക്കാത്തവനെന്നും മററും വേലക്കാരും അയൽക്കാരും ഒരുപോലെ കൃപണനും ലുബ്ധനുമായ നാബാലിനെ പഴിച്ചുപോരുക പതിവായിരുന്നു.

"താൻ പറഞ്ഞതു ശരിയാണു്" പഴമക്കാരനായ ആ ചങ്ങാതി പ്രതിവചിച്ചു. അയാൾ തുടന്നു: "ഇത്ര വലിയ ആട്ടിൻപററം ഈ പ്രദേശത്തു് ആക്കെങ്കിലുമുണ്ടോ? അതോ, പോകട്ടെ, ഇക്കൊല്ലത്തെ രോമമോ? എന്തുപറയാനാണു ? എൻെറ ഓമ്മയിൽ ഇത്രയധികം ഞാൻ കണ്ടിട്ടില്ല. യജമാനൻെറ ഭാഗ്യംതന്നെ ഭാഗ്യം!"

കത്രികക്കാർ, ആടുകളുടെ രോമത്തെ അവയുടെ തൊലി പിച്ചിപ്പറിയ്ക്കുമാറു് പറെറപ്പറെറ വെട്ടിവീഴ്ത്തുന്നതിൽ ആമഗ്നരായിരുന്നു. "യജമാനനു് നല്ല കാലം, തങ്ങൾക്കോ പണ്ടത്തെ പട്ടിണിയും പരിവട്ടവും" എന്നു് ദാരിദ്ര്യംകൊണ്ടു് എരിപൊരികൊള്ളുന്ന ആ അജപാലകന്മാർ സ്വന്തം ക്ലേശങ്ങളെ ഹൃദയങ്ങളിൽ അമത്തി. അത്രമാത്രം ക്രൂരനും, കക്കശനും പിശുക്കനുമായിരുന്നു അവർ സേവിച്ചുപോന്ന അവരുടെ യജമാനൻ, സമ്പന്നനായ "നാബാൽ"!

ജോലിക്കാരുടെ ഇടയിൽക്കൂടി, നാബാൽ ചുവടുകൾവെച്ചു് കടന്നുപോയി. അവർ നിവരാതെ, കത്രികകളിൽനിന്നും കയ്യെടുക്കാതെ, മുതലാളിയെ ഏറുകണ്ണിട്ടുനോക്കി. "ഹാ! എത്ര ധിക്കാരത്തോടുകൂടിയുള്ള നടപ്പു്! എന്തുത്സാഹം! അഹങ്കാരംകൊണ്ടു പുളയുന്നു. ഇതാ, ഈ ആടുകളെ തീററിപ്പോററിത്താലോലിച്ച

നമ്മോട്ട് ഒന്നു മിണ്ടാൻപോലും ഇവൻ കനിയുന്നില്ലല്ലോ” ഇപ്രകാരം ചിന്തിച്ച് ആ ഭൃത്യന്മാർ നിരാശയോടെ നെടുവീർപ്പിട്ടു.

നമ്മുടെ നാബാൽ! ഇവൻ എന്തുതരക്കാരനാണ്? ഒരു ഉദ്ദണ്ഡൻ; ഒരു കുടവയറൻ; ഒരു നെടുംവായൻ!

നാബാൽ ഒട്ടല്ലിട നടക്കുകയും, ചില ആടുകളുടെ മുമ്പിൽ ഒട്ടല്ലിട നില്ക്കുകയും, കൈകൾ രണ്ടും അരക്കെട്ടിൽ ഊന്നി രോമസമൃദ്ധികണ്ട് അഹ്ളാദിച്ച് 'കിലുകിലോ' രവത്തോടുകൂടി പന്തക്കവിടിമേഖലയെ തെളിയിക്കുമാറ് ചിരിക്കുകയും ചെയ്തുകൊണ്ട് അങ്ങനെ ആടുകളുടെ സ്ഥിതിയും, രോമത്തിന്റെ പൊലിമയും, വേലക്കാരുടെ ശുഷ്കാന്തിയും ഏകകാലത്തിൽ അത്ഥവത്തായി ഗൃദ്ധ്രനേത്രങ്ങളാൽ സമീക്ഷണം ചെയ്യുന്നു. ഉള്ളിൽ ഒതുങ്ങാത്ത സന്തോഷംകൊണ്ട് ഉല്ലാസവാനായി ചിരിക്കുമ്പോഴെല്ലാം അർദ്ധഗോളാകൃതിയിൽ തുടുത്തു പൊന്തുന്ന റബർകവിളുകൾ ചെഞ്ചായം തേച്ചതുപോലെ ചെമക്കുകയും പ്രകൃത്യാ ബിന്ദുസദൃശങ്ങളായ കുന്നിക്കുരുക്കൺമുത്തുകൾ താൽക്കാലികമായി മാഞ്ഞുമറഞ്ഞ് ഏതോ അത്യഗാധമായ വിലങ്ങളിൽ തിരോധാനം ചെയ്യുകയും സഹജമായിരുന്നു. എന്നാൽ നയനങ്ങളുടെ ഈ താൽക്കാലിക തിരോധാനത്തിന്റെ മദ്ധ്യത്തിലും, നാബാലിന്റെ ദർശനശക്തി സൂസൂക്ഷ്മമായി അതിന്റെ കൃത്യം നിറവേററിവന്നിരുന്നതാണ് അത്ഭുതം! എന്തെന്നാൽ ഏതെങ്കിലും ഒരു ഭൃത്യൻ, കത്രിച്ചുകൊണ്ടിരുന്നതിന്റെ ഇടയ്ക്ക്, നെററിത്തട

ത്തിലെ വിയർപ്പുതുള്ളികൾ വടിച്ചിറക്കുന്നതിനായി കൈത്തണ്ടുകൾ തെല്ലൊന്നുയർത്തിയാൽ, ഉത്തരക്ഷണത്തിൽ നാബാലിൻെറ മുഷ്ടിക്കുള്ളിൽ അമരുന്ന പരുപരുത്ത ചാട്ട, നിർദ്ദാക്ഷിണ്യമായി, നിഷ്കരുണമായി അവൻെറ പുറപ്പുറപ്പിൽ ചുടചുടെയുള്ള പ്രഹരങ്ങൾ ഏല്പിക്കുമായിരുന്നു.

അതാ, നാബാലിൻെറ ചെഞ്ചോരക്കണ്ണുകൾ, പടുകുഴിയിൽനിന്നും പൊന്തി മലർന്നു വീണ്ടും മിന്നിപ്രകാശിക്കുന്നു! അയാൾ വിചാരിക്കുകയാണു്; "ഈക്കൊല്ലം പൊടിപൂരംതന്നെ! ആകെ നാലായിരം ആടുകൾ. തൻെറ അയല്ക്കാർക്കും ഇത്രയധികം കാണുകയില്ല; നിശ്ചയം. ഇനി ഒരു കൊല്ലത്തേക്കു പരമാനന്ദം. ഇത്തവണ ഒരാട്ടുംപോലും നഷ്ടപ്പെട്ടിട്ടില്ല. തീററിസ്ഥലങ്ങളിൽനിന്നും ഒന്നൊഴിയാതെ തിരിച്ചെത്തി. എന്തു ഭാഗ്യം. അയൽക്കാരുടെ ആടുകളിൽ അധികവും കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി. എൻെറ വക ഒരൊററയെണ്ണംപോലും കള്ളന്മാർ തൊട്ടില്ല" ഈ വിധം ചിന്തിച്ചു സ്വാതന്ത്ര്യം ദുരാഗ്രഹിയുമായ നാബാൽ ആത്തുമദിച്ചു. കുടവയർഭിത്തിയെ മൃദുവായി മർദ്ദിക്കയും ചെയ്തു.

ഈ വർഷത്തിൽ ഭാഗ്യദേവത, തന്നെ സവിശേഷം ആശ്ലേഷിക്കാനുണ്ടായ കാരണവും ഒട്ടൊക്കെ നാബാൽ തൻെറ ഇടയന്മാരിൽനിന്നും കേട്ടിരുന്നു. അക്കഥ അത്ഭുതജനകമായിരുന്നു. തൻെറ ആട്ടിൻപററം കാട്ടുകളിൽ മേഞ്ഞുകൊണ്ടിരുന്ന കാലങ്ങളിൽ, ഒരുസംഘം കൊള്ളക്കാർ തന്നെ അവററയെ സകലവിധ അപായങ്ങ

ളിൽനിന്നും രക്ഷിച്ചു സൂക്ഷിച്ചുപോന്നിരുന്നുപോലും ഇതെങ്ങനെ വിശ്വസിക്കാനാണു്? എങ്ങനെ വിശ്വസിക്കാതിരിക്കും? കൊള്ളക്കാർക്കു് ഇത്ര ഔദാര്യമോ? നാബാൽ അത്ഭുതപ്പെട്ടു; അവിശ്വസിച്ചു. എന്നാൽ തന്റെ സ്വന്തം ഇടയന്മാർ മാത്രമല്ല, അയൽക്കാരുടെ ഇടയന്മാരും ഈ വാർത്ത ഏകകണ്ഠമായി സ്ഥിരീകരിച്ചു. എന്തിനേറെ? നാബാൽ മനസ്സില്ലാമനസ്സോടെ വിശ്വസിക്കുവാൻ നിർബന്ധിതനായി. എന്നാൽ അതോടുകൂടി ഈ കച്ചവടക്കാരുടെ മണ്ടത്തരം യാതൊരു ലാഭവും ഇല്ലിയ്ക്കാത്തുള്ള ഈ ഉദാരകൃത്യം-നാബാലിന്റെ ഹൃദയത്തിൽ ഇവരെപ്പററി പുച്ഛവും അവജ്ഞയും ഉദിപ്പിക്കുവാൻ പോരുന്നതായിരുന്നു. പക്ഷെ, അവരുടെ വിഡ്ഢിത്തരം തനിക്കു് ശ്രേയസ്കരമായല്ലോ എന്നും ഈ ലുബ്ധൻ ആഹ്ലാദിച്ചു സമാധാനിക്കാതിരുന്നില്ല.

സമയം സന്ധ്യയോടടുക്കാറായി. അന്നത്തെ "രോമസംഭരണം" മതിയാക്കേണ്ട ഘട്ടം അതിക്രമിക്കുന്നു. കത്രികക്കാർ ആ ദിനത്തിന്റെ ചരമനിമിഷങ്ങളിൽ ശപിച്ചുകൊണ്ടും എന്നാൽ ബദ്ധപ്പെട്ടും 'ക്ലിക്ക്, ക്ലിക്ക്' ശബ്ദത്തോടുകൂടി കത്രികകളെ ദ്രുതതരം പ്രവർത്തനം ചെയ്യുന്നു. നാബാൽ അതീവ സന്തുഷ്ടനായി നാലുപാടും തിരിഞ്ഞുനോക്കി; എല്ലാം ഭദ്രം! സുരക്ഷിതം !!

അനന്തരം, ആ രാത്രിയിലെ, വിഭവസമൃദ്ധമായ 'സദ്യവട്ട'ത്തിലേയ്ക്കു് കുംഭോദരനായ നാബാൽ തന്റെ ചിന്തയെ നടത്തിച്ചു. ധാരാളം മദ്യവും മാംസവും പക്വഫലങ്ങളും മധുരപലഹാരങ്ങളും ഹാ! നാബാലിന്റെ

നാവിൽനിന്നും വെള്ളം ഊറി; നീർച്ചാലുകൾ പെരുകി; അധരങ്ങൾ ആർദ്രങ്ങളായിച്ചമയുകയും ചെയ്തു.

ആകസ്മികമായി നാബാലിൻെറ ചിന്താഗതി അതാ പ്രതിബന്ധിയ്ക്കപ്പെടുന്നു! നാബാൽ പകച്ചു നോക്കി; അമ്പരന്നുനിന്നു. എവിടെനിന്നെന്നറിഞ്ഞില്ല, കുതിരകളുടെ കുളമ്പടിശബ്ദം അടുത്തടുത്തു വരുന്നതായി കേൾക്കപ്പെടുന്നു. താമസംവിനാ, ഒരു സംഘം അശ്വാരൂഢന്മാരായ മുറാളന്മാർ ഇരച്ചുപാഞ്ഞു് നാബാലിൻെറ സങ്കേതത്തിൽ വന്നു് നിലയായി. ഈ സംഘത്തിലെ പ്രമാണിയായ ഒരു ദീർഘകായൻ കുതിരപ്പുറത്തുനിന്നും താഴത്തിറങ്ങി ചുവടുകൾ അളന്നളന്നു് പ്രൌഢഗമനം ചെയ്തു് നാബാലിൻെറ മുമ്പിൽ എത്തി, ആചാരമര്യാദപൂർവ്വകം ഉപചാരം ചെയ്തിട്ടു്, ഇപ്രകാരം നിവേദനം ചെയ്തു.

"ഞങ്ങളുടെ നായകനായ ദാവീദിൻെറ നാമത്തിൽ—ആ നാമം വിജയിയ്ക്കട്ടെ—ഇശയിയുടെ പ്രിയപുത്രനായ ദാവീദിൻെറ നാമത്തിൽ—ഞങ്ങൾ അവിടുത്തെ പ്രണാമം ചെയ്യുന്നു. അവിടുത്തേയ്ക്കും അവിടുത്തെ ബഹുമാന്യ കുടുംബത്തിനും ക്ഷേമൈശ്വര്യങ്ങളെ ദാവീദിൻെറ നാമത്തിൽ ഞങ്ങൾ നേൎന്നുകൊള്ളുന്നു. ഇക്കൊല്ലം അവിടുത്തേയ്ക്കു കൈവന്ന അമിതമായ ലാഭത്തിൽ ദാവീദ് സന്തുഷ്ടചിത്തനായിരിക്കുകയാണു്. ദാവീദ് പറഞ്ഞയച്ചിരിക്കുന്നു; "അങ്ങയുടെ അജഗണം, 'കാർമെൽ' പ്രദേശങ്ങളിൽ മേഞ്ഞുകൊണ്ടിരുന്ന കാലമത്രയും അവയെ അപായം വരാതെ കാത്തുരക്ഷിച്ചതു്

ദാവീദും കൂട്ടാളികളുമാണു്" ഈ വസ്തുത അവിടുത്തെ ഓമ്മിപ്പിയ്ക്കണമെന്നു്. ഈ പരമാത്ഥം അങ്ങയുടെ ഇടയന്മാർതന്നെ സമ്മതിയ്ക്കാതിരിയ്ക്കയില്ലെന്നു് ദാവീദിനു് ഉത്തമവിശ്വാസമുണ്ടു്."

ആഗതരെ കൺസൂചികംകൊണ്ടു്, നാബാൽ സൂരംഗീകരിച്ചു. പറഞ്ഞ മൊഴികളെല്ലാം അസത്യമെന്ന ഭാവത്തെ സ്ഫുരിപ്പിക്കുമാറു് നാബാൽ, ആകർണ്ണനം ചെയ്തു. അനന്തരം ദൃഷ്ടികം ഭൂമുഖത്തിലേയ്ക്കു് ലക്ഷ്യമാക്കി നെട്ടനീളത്തിൽ ഒരു മൂളൽ മൂളി. നാബാലിന്റെ ഉദരകുഹരത്തിൽനിന്നും കഫക്കെട്ടുകളെ തട്ടിത്തകത്തു് ബഹിർഗമിച്ച ഈ കണ്ഠധ്വനി പ്രമാണിയെ അത്യൽകടമായി വെറുപ്പിയ്ക്കുകയും അറപ്പിയ്ക്കുകയും ചെയ്തു എങ്കിലും മര്യാദയ്ക്കു ഭംഗംവരാതെ അയാൾ വീണ്ടും തുടന്നു.

"അതിനാൽ മഹാ പ്രഭുവും അത്യുദാരനുമായ അവിടുന്നു് അറിയേണ്ടിയിരിക്കുന്നു; അവിടത്തെ സുഭിക്ഷതയിൽ സമ്പൽസമൃദ്ധിയിൽ—അവിടുന്നു ഞങ്ങളിൽ കനിവു കാണിക്കണമെന്നു് ഈവിധം അറിയിക്കതന്നെ. അങ്ങു് വേണ്ടതു യഥാകാമം ചെയ്യുമെന്നു് ദാവീദു് ആശിച്ചുകൊണ്ടിരുന്നു. എന്നാൽ, നാളിതുവരെ അതിന്റെ ലക്ഷണമൊന്നും കാണാൻ തരപ്പെട്ടില്ല. ദാവീദിനു് ഇപ്പോൾ വലിയ ദുരിതകാലമാണു്. ആഹാരത്തിനൊന്നും ഇല്ലാതെ, ദാവീദും ഞങ്ങളും നന്നാ വിഷമിക്കുന്നു."

ഇത്രയുംകൂടി കേട്ടപ്പോൾ, നാബാലിൻെറ ചകോര ദൃഷ്ടികളിൽ ചോരത്തുള്ളികൾ തിങ്ങിക്കൂടുകയും, മുഖ ഭാവങ്ങൾ ഭയാനകമായി പരിവർത്തനം ചെയ്കയും ചെയ്തു. അയാൾ പലകപ്പല്ലുകൾകൊണ്ടു് കീഴ്ചു ണ്ടിനെ അമർത്തിക്കടിച്ചു. കൈകൾ പരസ്പരം തിരു മ്മി അതിക്രൂരം ആക്രോശിച്ചു.

"കൊള്ളാം ഭേഷ്! ഒന്നാന്തരം കഥ! ദാവീദ്? ഇവനാര്? കട്ടും മുടിച്ചും നടക്കുന്ന ആ തെമ്മാടി. പിടി കൊടുക്കാതെ ഒളിച്ചോടി കൊലയും കൊള്ളയുമായി നട ക്കുന്ന ഈ അക്രമികളെ നല്ല പാഠം പഠിപ്പിക്കാൻ ആരു മില്ലെന്നോ? ഈ കള്ളക്കൂട്ടങ്ങളെ ഞാൻ തീററിപ്പോററ ണമെന്നോ? ഹോ മറയത്തു് തെമ്മാടിപ്പരിഷകൾ" ഈ രീതിയിൽ കോപാട്ടഹാസം ചെയ്തുകൊണ്ടു് "ഇത്രയുംകൂടി കൊണ്ടുപോ" എന്നു ഗർജ്ജിച്ചു് തൻെറ കൈയിലെ കവണ്ടിക്കൊണ്ടു് പ്രമാണിയുടെ തലയ്ക്കും കഴുത്തിനും തുരുതുരെ പെരുമാറി. ഇതു കണ്ടുനിന്ന നാബാലിൻെറ ഇടയന്മാർ പ്രമാണിയോടുള്ള സഹതാപസൂചകമായി തമ്മിൽ തമ്മിൽ മന്ത്രിച്ചു. പ്രമാണിയും കൂട്ടുകാരും "ദാവീദിൻെറ ആജ്ഞയെ അനുസരിക്കമാത്രമാണു് ഞങ്ങ ളുടെ കർത്തവ്യം" എന്നോർത്തു് അടങ്ങിപ്പാർത്തു.

ആഗതസംഘം, തങ്ങൾക്കു ലഭിച്ച താഡനപീഡ നമാകുന്ന സമ്മാനവും വാങ്ങി, അതിദ്രുതം അവരുടെ വനസങ്കേതത്തിലേക്കു് ഓടിച്ചുപോയി. അനന്തരസംഭവ ങ്ങൾ ഗൗരവാവഹമായിരിക്കുമെന്നോർത്തു് നാബാലിൻെറ ഭൃത്യസഞ്ചയം നടുങ്ങി. വനവാസകാലമത്രയും അവരേയും

അവരുടെ ആട്ടിൻപററത്തെയും സംരക്ഷിച്ച ആയുധധാരികളെ, ഇപ്രകാരം അപമാനിച്ചുവിട്ടതോർത്തു് അവർ നിർവ്യാജം ഖേദിച്ചു. പക്ഷേ, അവർക്കെന്തുചെയ്യാൻ കഴിയും? ചിലർ ദാവീദിൻെറ പ്രതികാരകർമ്മത്തെ ഭയന്നു അന്നുതന്നെ അവിടംവിട്ടു് എവിടെയോ മാറി മറഞ്ഞു. രാജാവായ ശാവുൽപോലും, ദാവീദിനെ ഒരു നിസ്സാര ശത്രുവായിട്ടല്ല കരുതിയിട്ടുള്ളതു്. പുരജനങ്ങൾ നാട്ടുനീളെ ഇരുവരെപ്പററിയും പറയാറുണ്ടു്; "ശാവുൽ, ദാവീദിൻെറ ആളുകളെ ആയിരമായിരക്കണക്കിനു് കൊന്നൊടുക്കിയിട്ടുണ്ടെങ്കിൽ, ദാവീദ് ശാവുലിൻെറ ആളുകളെ ലക്ഷക്കണക്കിനു് കൊന്നൊടുക്കിയിട്ടുണ്ടു്" എന്നു്. എന്തുതന്നെ സംഭവിയ്ക്കയില്ല, എന്നവർ അമ്പരന്നു. അവരുടെ ആശങ്കകൾ അടിസ്ഥാനമില്ലാത്തതല്ലായിരുന്നു.

അനന്തരസംഘം, വനസങ്കേതത്തിൽ തിരിച്ചെത്തി. ദാവീദിൻെറ സമക്ഷം തങ്ങൾക്കു് നാബാലിൻെറ സ്ഥലത്തുവെച്ചുണ്ടായ അനുഭവം വികാരപാരവശ്യത്തോടെ കഥനം ചെയ്തു. ദാവീദ് അവർ പറഞ്ഞതെല്ലാം ക്ഷമയോടെ കേട്ടു. യാതൊരു ക്ഷോഭവും ആ മുഖത്തിൽ നിഴലാടിയില്ല. യാതൊരക്ഷരവും, അദ്ദേഹം ഉരിയാടിയില്ല. നിർവ്വികാരനെന്നപോലെ ദാവീദ് അവിടെനിന്നും നടന്നു് അരികെയുള്ള തൻെറ പ്രധാന സങ്കേതമായ കാട്ടുപാളയത്തിൽ പ്രവേശിക്കയത്രേ ചെയ്തതു്.

അവിടെ എന്തിനും പോരുന്നവരായി, അറുനൂറു് വീരശൂരന്മാർ അധിവാസം ഉറപ്പിച്ചിരുന്നു. ഭക്ഷണ

സാമഗ്രികളുടെ വിരളതകൊണ്ടു് പരിക്ഷീണഗാത്രന്മാരായിച്ചമഞ്ഞിരുന്നു എങ്കിലും അവരുടെ മനഃസ്ഥൈര്യവും, നേതാവിലുള്ള ഭക്തിവിശ്വാസവും അന്നു മാത്രമെങ്കിലും ചഞ്ചലപ്പെട്ടിരുന്നില്ല. ദാവീദിന്റെ ഗാംഭീര്യം തുളുമ്പുന്ന മുഖം കണ്ടമാത്രയിൽ, അവർ ക്ലേശങ്ങൾ മറക്കുകയും പ്രസന്നവദനരായി അഭിവാദ്യം ചെയ്തിട്ടു് നായകന്റെ ചുററും കല്പന കേൾക്കാൻ സന്നദ്ധരായി നിലകൊള്ളുകയും ചെയ്തു. ദാവീദിന്റെ മുഖത്തിൽ ഇപ്പോൾ അസാധാരണമായ ഗൌരവവും കോപവും സ്ഫുരിച്ചിരുന്നു.

"എല്ലാപേരും പടച്ചട്ടയും, പടവാളും ധരിക്കുക" ദാവീദ് വികാരക്ഷോഭത്തോടെ ആജ്ഞാപിച്ചു. ഇരുനൂറു പേർ ഇവിടം കാത്തു രക്ഷിക്കുക. ശേഷം പേർ എന്നെ അനുഗമിക്കുക, പ്രഭാതത്തിനുമുമ്പേ, നാബാലിന്റെ ഭവനം കളംകോരണം. ജീവനോടുകൂടി യാതൊന്നും അവിടെ ശേഷിപ്പിക്കരുതു്. ഓർമ്മയിരിക്കട്ടെ!" ഇതായിരുന്നു കല്പന.

ദാവീദിന്റെ പാളയത്തിൽ ഇപ്രകാരമുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ നാബാലിന്റെ അന്തഃപുരത്തിൽ സംഭവങ്ങൾ മറെറാരു മാർഗ്ഗത്തെ തുടൎന്നുകൊണ്ടിരിക്കുകയായിരുന്നു.

ദാവീദിന്റെ ദൂതനെ നിർദ്ദയം മർദ്ദിക്കുന്നതുകണ്ടു നിന്ന ഇടയന്മാർ, സ്വസ്വാമിനിയുടെ സവിധത്തിൽ ഓടിയെത്തി. ഇത്തരം ഘട്ടങ്ങളിൽ നാബാലിന്റെ പത്നി അവർക്കൊരു അഭയസ്ഥാനമായിരുന്നു. അവൾ

ഭൃത്യഗണത്തിന്റെ വിഭ്രാന്തികണ്ടു്, പരിഭ്രമിച്ചു. എങ്കിലും, ഭർത്താവിന്റെ ഏതോ കട്ടംകൈയായിരിക്കണം, ഭൃത്യന്മാരുടെ ഭീതിയ്ക്കു കാരണമെന്നു് അവൾ ഊഹിയ്ക്കാതിരുന്നില്ല. അവളുടെ ഊഹം ശരിയായിരുന്നു.

ദാവീദിന്റെ അനുചരസംഘത്തിന്റെ ആഗമനവും നിവേദനങ്ങളും, യജമാനനായ നാബാലിന്റെ ധിക്കാരപൂർവ്വമായ പ്രത്യുത്തരവും, പ്രഹരസംഭാവനയും മററും വളരെ തന്മയത്വത്തോടെ ഇടയന്മാർ യജമാനപത്നിയായ അബിഗേലിന്റെ മുമ്പിൽ ഒന്നിനു പത്തായി വർണ്ണിച്ചു കേൾപ്പിച്ചു. അബിഗേൽ ഇതെല്ലാം ഭയസംഭ്രാന്തിയോടെ കേട്ടു. ഭർത്താവിന്റെ പിശുക്കും മുൻകോപവും വരുത്തിക്കൂട്ടിയേക്കാവുന്ന അത്യാപത്തിനെ ഓർത്തു് അബിഗേൽ വെറുത്തു വിളറിപ്പോയി. ദാവീദിനേയും, അദ്ദേഹത്തിന്റെ വീരപരാക്രമികളായ അനുയായികളേയുംപററി പല കഥകളും അവർ കേട്ടിരുന്നു.

ഇടയന്മാരിൽ ഒരുവൻ പറഞ്ഞു "എങ്കിലും നമ്മുടെ യജമാനൻ ഇത്ര കട്ടംകൈ പ്രവർത്തിക്കുമെന്നു് ഞങ്ങൾ സ്വപ്നേപി വിചാരിച്ചില്ല. മേച്ചിൽ താവളങ്ങളിൽ വെച്ചു് ഞങ്ങളേയും ആട്ടിൻപററത്തേയും രാപകൽ കാത്തുരക്ഷിച്ചതു് ഈ ദാവീദും കൂട്ടരുമായിരുന്നു. ഇല്ലെങ്കിൽ, എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഉണ്ടായേനെ. ഇതിനൊരു പോംവഴി ഇപ്പോൾതന്നെ ഇവിടുന്നു കണ്ടുപിടിക്കണം. ഇല്ലാഞ്ഞാൽ നമ്മെ കൂട്ടത്തോടെ ദാവീദ് കൊന്നൊടുക്കും."

അബിഗേൽ അന്ധാളിപ്പോടുകൂടി, മറുപുറം പരന്നു കിടന്നിരുന്ന മണലാരണ്യത്തിന്റെ അതിരുകളിലേയ്ക്കു് തന്റെ നയനങ്ങളെ പായിച്ചു. ദാവീദും സംഘവും വരാവുന്ന മാർഗ്ഗം അതായിരുന്നു. "രാത്രി അധികം ഇരുട്ടുന്നതിനു മുമ്പിൽ ദാവീദു് എത്താതിരിക്കയില്ല. ആപത്തിൽനിന്നും ഒഴിയാൻ, എന്തെങ്കിലും വേഗത്തിൽ ചെയ്യേണ്ടതീരൂ" എന്നു് അബിഗേൽ ദൃഢനിശ്ചയം ചെയ്തു.

അവൾ ചിന്തിച്ചു. "നേരം അത്ര അതിക്രമിച്ചില്ല. ഇപ്പോൾതന്നെ കുറെ ഭക്ഷണസാധനവും കൊണ്ടു് ദാവീദിന്റെ സങ്കേതത്തിലേയ്ക്കു പുറപ്പെട്ടാലെന്തു ? താൻതന്നെ നേരിട്ടു കൊണ്ടുപോയി കൊടുത്തിട്ടു്, ദാവീദിനോടു് സമസ്താപരാധം ഏററു പറയാം. കാര്യം പറഞ്ഞാൽ മനസ്സിലാക്കാനുള്ള ഹൃദയം ദാവീദിനില്ലാതിരിക്കുമോ? എന്തെങ്കിലും ഇവിടെ ആപത്തിനെ ക്ഷണിച്ചുകൊണ്ടു് വെറുതെ ഇരിക്കുന്നതിലും ഭേദം, വരുന്നതു വരട്ടെ എന്നു വിചാരിച്ചു് ഇറങ്ങിത്തിരിക്കുകയാണു്."

ഈ വിചാരധാരയെ തുടർന്നു് അബീഗേൽ ഭക്ഷണസാധനങ്ങൾ ശേഖരിച്ചുതുടങ്ങി. നാബാൽ അപ്പോഴും രാജസങ്കേതത്തിൽനിന്നും തിരിച്ചെത്തിയിരുന്നില്ല. അവൾ ഇരുനൂറു വലിയ അപ്പങ്ങളും നൂറുകുപ്പി വീഞ്ഞും, അനവധി ചാക്കു ധാന്യവും ഏതാനും കൊട്ട മുന്തിരിപ്പഴവും മററും സംഭരിച്ചു് കഴുതകളുടെ ചുമലിൽ നിക്ഷേപിച്ചു അനന്തരം അബിഗേൽ ഒരു കഴുതപ്പുറത്തുകയറി അഞ്ചാറു ഭൃത്യജനങ്ങളുടെ അകമ്പടിയോടുകൂടി ദാവീദിന്റെ പാളയത്തെ ലക്ഷ്യീകരിച്ചു യാത്രയാരംഭിച്ചു.

രണ്ടു നാഴികയോളം പറയത്തക്ക യാതൊരു സംഭവവും കൂടാതെ ഈ സഞ്ചാരസംഘം യാത്ര തുടൎന്നു. ഈ സമയമത്രയും അബിഗേൽ സ്വന്തം ദാമ്പത്യജീവിതദുരിതങ്ങളെപ്പററി പേൎത്തും പേൎത്തും ചിന്തിച്ചുകൊണ്ടിരുന്നു. എത്രയേറെ വിപത്തുകളെ അവളുടെ ബുദ്ധിപൂൎവ്വമായ പെരുമാററം ദൂരീകരിച്ചിട്ടുണ്ടു്. എത്രയോ കരുതലോടു കൂടിയാണു് അവരു ജീവിച്ചുവരുന്നതു! ദിവസം ഒരായിരം കുടുംബവഴക്കുകൾക്കുള്ള വക ഭൎത്താവിൻെറ ഭാഷണത്തിലും പ്രവൃത്തിയിലും ഉണ്ടാകാറുണ്ടു്. എന്നാൽ അവൾ സൎവ്വവും സഹിച്ചു് കുടുംബഛിദ്രത്തിനു് ഇട കൊടുക്കാതെ കഴിച്ചുപോന്നു. അവളുടെ അപ്പനമ്മമാർ പറയും. നമ്മുടെ പുത്രി സുഖമായി ജീവിക്കുന്നു. ഇതിലപ്പുറം നമുക്കു് എന്താണു് വേണ്ടതു്. ഭൎത്താവു പണക്കാരൻ, സമൎത്ഥൻ, അവളോ എത്ര നല്ല തങ്കക്കട്ടി എന്നിങ്ങനെ.

അബിഗേൽ തന്നത്താൻ വിചാരിച്ചു. "അദ്ദേഹത്തിനു പണമുണ്ടു്. അതു വാസ്തവം. എന്നാൽ പണമുണ്ടെന്നുവച്ചു് ഇത്രമാത്രം അഹംകരിക്കാമോ? ഇത്രമാത്രം സമൎത്ഥത കാണിക്കാമോ? വല്ലവരും ആത്മാൎത്ഥമായി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടോ? കടുവായെ ഭയപ്പെടുന്നതുപോലെ ഭയപ്പെടും. അത്രമാത്രമെയുള്ളു. ഇയ്യിടെ തീററിയും കുടിയും വൎദ്ധിച്ചിരുന്നു. കുടി കഴിഞ്ഞു ലക്കില്ലാതെ കാട്ടിക്കൂട്ടുന്ന വികൃതികളോ? ഇന്നാളൊരിക്കൽ... ..." അവളുടെ ചിന്താഗതി ഇത്രയുമെത്തിയപ്പോൾ പൊടുന്നനവെ എതിരെയായി കുതിരകളുടെ കുളമ്പടി ശബ്ദവും കോലാഹലവും കേൾക്കപ്പെട്ടു.

അബിഗേലിന്റെ കാര്യം മനസ്സിലായി. അവൾ കഴുതപ്പുറത്തുനിന്നും ഇറങ്ങി മന്ദഗതിയായും എന്നാൽ യാതൊരു കൂസലും കൂടാതെയും സംഹാരസന്നദ്ധമായി ഇരമ്പിക്കുതിച്ചുവരുന്ന അശ്വാരൂഢന്മാരെ അഭിമുഖീകരിച്ചു. അവളെക്കണ്ടമാത്രയിൽ ദാവീദ് മിന്നൽവേഗത്തിൽ കടിഞ്ഞാൺ മുറുക്കി കുതിരയെ നിറുത്തുകയും വലംകൈ ഉയർത്തി നില്ക്കുന്നതിനുള്ള ആജ്ഞ അനുചരസംഘത്തിനു നല്കുകയും ചെയ്തു. ദാവീദ് അവളെ ആപാദചൂഡം അവലോകനം ചെയ്തു. മണലാരണ്യപ്രദേശങ്ങളിൽ സ്ത്രീജനങ്ങളെ കാണുക ഒരപൂർവ്വസംഭവമായിരുന്നു. ഇവളോ സർവ്വാംഗസുന്ദരിയായ ഒരു ചെറുപ്പക്കാരി. അവൾ കുതിരപ്പുറത്തുതന്നെ ഇരുന്നിരുന്ന ദാവീദിന്റെ മുമ്പിൽ മുട്ടുകുത്തി, തലതാഴ്ത്തി വിനയാദരങ്ങൾ പ്രദർശിപ്പിച്ചു. അന്നവൾ ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു.

"ഞാൻ നാബാലിന്റെ ഭാര്യയാണ്. അബിഗേൽ എന്നാണ് പേര്."

'നാബാലി'ന്റെ പേരു കേട്ട ഉടൻ ദാവീദ് കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങി, വാൾ ഉറയിൽനിന്നും ഊരിയെടുത്തു. നാബാലിനേയും അവന്റെ കുടുംബത്തേയും ആട്ടിൻകൂട്ടത്തേയും കൊന്നൊടുക്കുമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണല്ലോ ദാവീദ് പറന്നെത്തുന്നതു! എന്നാൽ അപ്പോഴും നമ്രമുഖിയായി സമസ്താപരാധം സ്വയം സമ്മതിച്ചുകൊണ്ട് വിനയപ്രാർത്ഥന ചെയ്യുന്ന ആ അബലയോട് ക്രൂരത പ്രവർത്തിക്കാൻ ദാവീദിന്റെ ഹൃദയം കരിങ്കല്ലല്ലായിരുന്നു. അവൾ വീണ്ടും പ്രാർത്ഥിച്ചു. "ധീര

നായ ദാവീദേ! അങ്ങ് എന്റെ സാഹസത്തിന് എന്നെ കുററപ്പെടുത്തിക്കൊള്ളുക. 'നാബാലിനെ'പ്പററി ഗൗനിക്കേണ്ട—ആ പേരു്, പടുവിഡ്ഢി എന്ന പദത്തിന്റെ പര്യായമാണു്, അങ്ങയുടെ ആളുകൾ വന്ന വിവരം അപ്പോൾ ഞാനറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ അവരെ വെറും കയ്യോടെ മടക്കി അയയ്ക്കുകയില്ലായിരുന്നു. വന്നതോ വന്നു. അതു് അവിടുന്നു് ക്ഷമിക്കണം. ഞാൻ കൊണ്ടുവന്നിട്ടുള്ള ലഘുവായ ഈ കാഴ്ചദ്രവ്യങ്ങളെ സ്വീകരിക്കാൻ അങ്ങേയ്ക്കു് ദയവുണ്ടാകണം."

പ്രതികാരതൃഷ്ണയും അക്രമാസക്തിയും തിരതല്ലുന്ന അനുചരന്മാരായ പടയാളികളിൽനിന്നും, പ്രതിഷേധദ്യോതകമായ മുറുമുറുക്കൽ കേൾക്കപ്പെട്ടു. പ്രത്യേകിച്ചും, നാബാലിന്റെ ചമ്മട്ടിയുടെ രുചി അനുഭവിച്ച പടയാളിയും കൂട്ടുകാരും വളരെ നീരസം പ്രദർശിപ്പിച്ചു. ആ ഢിക്കാരിയുടെ ഭാര്യയായ ഇവളെ തൽക്ഷണം വെട്ടി രണ്ടു തുണ്ടാക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം.

ദാവീദ് തന്റെ സംഘത്തോടു് സമാധാനമായും നിശ്ശബ്ദമായും പെരുമാറാൻ ആജ്ഞാപിച്ചു.

ദാവീദ് സംഭവങ്ങളുടെ ഗതിവിഗതികളെ തന്റെ മനോമുകുരത്തിൽക്കൂടി പ്രത്യവലോകനം ചെയ്തു.

'ഇവൾ യഥാർത്ഥത്തിൽ സംഗതികൾ തുറന്നു പറയുന്നു. കാഴ്ചയ്ക്കു് ഇവൾ സുന്ദരിയാണു്. ധൈര്യവും ഒട്ടും കുറവില്ല. തെമ്മാടിയായ 'നാബാലി'നെ രക്ഷിക്കാൻവേണ്ടി ഇവൾ സ്വജീവിതം പണയപ്പെടുത്താൻ

സന്നദ്ധയായയല്ലോ! ഇവർക്കവനെ മതിപ്പില്ല; എന്നാൽ അവൻെറ രക്ഷയിൽ ജാഗ്രതയുള്ളവളുമാണ്. സൗന്ദര്യം ധൈര്യം, ഭർത്തൃഭക്തി, എത്ര വിശിഷ്ടങ്ങളായ ഗുണങ്ങൾ. ഇവർ ബുദ്ധിശാലിനിയുംകൂടെയാണോ എന്തോ?"

ദാവീദ്, ശാന്തഗംഭീരമായി പ്രതിവചിച്ചു.

"നിന്നേയും നിൻെറ ഭർത്താവിനേയും സമസ്തസമ്പത്തിനേയും സംഹരിക്കണമെന്ന് ഞാൻ ചെയ്തുപോയ ശപഥത്തെ പിൻവലിക്കുവാൻ തക്കതായ വല്ല ന്യായവും നിനക്ക് എൻെറ അടുക്കൽ ബോധിപ്പിക്കാനുണ്ടോ?"

അബിഗേൽ പ്രത്യുത്തരം നൽകി.

"പരാക്രമിയായ ദാവീദേ! അങ്ങ് ഒന്ന് ഓർത്തുനോക്കൂ! ഇന്ന് അങ്ങയുടെനിലയെന്ത്? അങ്ങ് രാജ്യത്തിൽനിന്ന നിയമപ്രകാരം ബഹിഷ്കൃതനാണ്. രാജാവിൻെറ നിയമഹസ്തങ്ങൾ അങ്ങയെ അന്വേഷിച്ച് ചുററിക്കറങ്ങുന്നു. അങ്ങുകട്ടെ വീണ്ടും അക്രമങ്ങൾ ചെയ്വാൻ ഉദ്യുക്തനാകുന്നു. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ! അങ്ങേയ്ക്കു് ശോഭനമായ ഒരു ഭാവിയുണ്ട്. എന്നും ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവരികയില്ല. ജനസാമാന്യത്തിന് അങ്ങേപ്പററി വലിയ ബഹുമാനമാണ്; സ്നേഹമാണ്. അങ്ങ് യുദ്ധത്തിൽ സിംഹപരാക്രമനാണ്. ഒരിക്കൽ അങ്ങ് പടവെട്ടി രാജ്യം നേടും. അങ്ങനെ ഇസ്രായേലിൻെറ രാജാവായി ജനങ്ങൾ വാഴിക്കും. അന്നത്തെ സ്ഥിതി ഒന്നാലോചിച്ചു നോക്കുക. വെറും പ്രതീകാരത്തിനുവേണ്ടി ഇന്ന് രക്തം ചൊരിയാൻ ഇടയാകാതിരുന്നതിൽ അന്ന് അങ്ങ് സന്തോഷിക്കയില്ലേ! ദുർബലരായ

ജനങ്ങളെ അധികം വധിയ്ക്കുയാണെങ്കിൽ, അങ്ങയുടെ രാജസുഖഭോഗങ്ങൾക്കിടയിൽ ഒരു കരിം നിഴൽ വീശി അങ്ങയെ അസ്വസ്ഥനാക്കിക്കൊണ്ടിരിക്കും. അന്നു് ഞാനീപ്പറയുന്നതു് അവിടുന്നു് ഓക്കണം. 'നാബാലിൻെറ ഭാര്യ എത്രയോ ഭാഗ്യവതിയായി എന്ന ഗുണദോഷിച്ചു" എന്നു് തീർച്ചയായും അങ്ങു് വിചാരിക്കാതിരിക്കയില്ല."

ഈ ദീർഘമായ പ്രഭാഷണം കഴിഞ്ഞു് അവൾ വീണ്ടും മുഖം താഴ്ത്തി നിലകൊണ്ടു.

അവൾ പറഞ്ഞ ഓരോ വാക്കും ദാവീദ് കേട്ടു. തൻെറ അഭിലാഷങ്ങൾ, തൻെറ ഇംഗിതങ്ങൾ തന്നെയാണു് അബിഗേൽ പറഞ്ഞതു്. സംതൃപ്തിസൂചകമായ ഒരു സുമന്ദഹാസം അദ്ദേഹത്തിൻെറ അധരപുടങ്ങളിൽ കളിയാടി അബിഗേലിൻെറ പാണിദ്വയങ്ങളെ സ്വന്തം കരപുടങ്ങളാൽ ഗ്രഹിച്ചിട്ടു് അഭിനന്ദനപൂർവ്വം ഇപ്രകാരം പറഞ്ഞു.

"അബിഗേൽ! ഞാൻ നിങ്ങളോടു വളരെ കടപ്പെട്ടിരിക്കുന്നു. നിങ്ങളേയും നിങ്ങളുടെ ഭർത്താവിനേയും ഹിംസിക്കുവാൻ സംഗതിയാകാതെ നിങ്ങൾ വേണ്ടതു പ്രവർത്തിച്ചതിൽ, ഞാൻ ദൈവത്തെ വാഴ്ത്തുന്നു. നീതി നടത്തൽ ദൈവത്തിൻെറ അധികാരമാണു് മനുഷ്യൻെറതല്ല.

അബിഗേൽ മന്ദമായി കുനിഞ്ഞു. അവളുടെ മുല്ലലാലാരങ്ങൾ ദാവീദിൻെറ കരങ്ങളിൽ സ്പർശിക്കുമാറു് അണച്ചു് അവൾ അവനെ അഭിവാദ്യംചെയ്തു. അനന്തരം കഴുതപ്പുറത്തുണ്ടായിരുന്ന വിഭവസാമഗ്രികൾ എല്ലാം സമ്മാനിച്ചിട്ടു് അവളും ഭൃത്യജനങ്ങളും തിരികെ സ്വന്തം ഭവനത്തിലേക്കു് യാത്രയായി. ഈ ഘട്ടത്തിൽ സന്ധ്യാ

വേളസമാരംഭിച്ചിരുന്നു. ദാവീദ് അബിഗേലിന്റെ മടക്കയാത്രയിൽ കുറ്റേറെ നേരം അവളെത്തന്നെ നോക്കിക്കൊണ്ടു നിന്നുപോയി. എന്തോ ഒരു ചിന്താഭാരം അദ്ദേഹത്തെ ക്ലേശിപ്പിച്ചിരുന്നു എന്ന് അനുചരന്മാർക്ക് ബോധ്യമായി. യാത്രയുടെ ഇടയ്ക്ക് അബിഗേലും ഒന്നു തിരിഞ്ഞുനോക്കി. ദാവീദ് ഉത്സാഹപ്രകർഷത്തോടുകൂടി കൈവീശി അവളെ വീണ്ടും അഭിനന്ദിച്ചു. അനന്തരം താനും അനുയായികളും കുതിരപ്പുറത്തു കയറി പാളയത്തിലേക്കു ഓടിച്ചുപോകയും ചെയ്തു.

സ്വഭവനങ്ങളിൽ അബിഗേലും ഭൃത്യജനങ്ങളും തിരിച്ചെത്തിയപ്പോഴേക്കു ഏകദേശം അർദ്ധരാത്രിയോടടുത്തിരുന്നു. അവർ നിശ്ശബ്ദരായി ഭവനാങ്കണത്തിൽ എത്തി, അവരവരുടെ സങ്കേതസ്ഥാനങ്ങളെ പ്രാപിച്ചു. തന്റെ ശയനമുറിയിലേക്കു പോകുന്നപോക്കിൽ, അബിഗേൽ ഭക്ഷണത്തളത്തിൽ എത്തിനോക്കി. അതിഥികൾ എല്ലാവരും തൃപ്തിയായി തീററിയും കുടിയും കഴിഞ്ഞു പിരിഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ അവിടെ വ്യക്തമായിക്കണ്ടു. എന്നാൽ ഭർത്താവായ നാബാൽമാത്രം ഇരിപ്പുകസേരയിൽ തലയുംചാച്ച്, തിരിഞ്ഞും മറിഞ്ഞും 'കുറുക്കം' ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. അടുത്തു മേശപ്പുറത്ത് ഒഴിഞ്ഞ രണ്ടു മദ്യക്കുപ്പികളും ഇരുന്നിരുന്നു.

ഈ കാഴ്ചകണ്ടു് അബിഗേൽ നെടുവീർപ്പിട്ടു. ഒരു കണക്കിന് ഈവിധം കുടിച്ചുമറിഞ്ഞിരിക്കുന്നതു നന്നായി എന്നവൾ സമാധാനിച്ചു. തന്റെ ഈ സാഹസയാത്ര ഭർത്താവിനെ അറിയിക്കേണ്ടിവന്നില്ലല്ലോ എന്നവൾ

ആഹ്ലാദിച്ചു. എന്നാൽ ബോധംകെട്ട് മറിയത്തക്കവണ്ണം തന്റെ ഭർത്താവ് ഇങ്ങനെ കുടിക്കുന്നല്ലോ എന്നവൾ ഖേദിച്ചു. താൻ ദാവീദിനെ തടഞ്ഞിരുന്നില്ലെങ്കിൽ ഭർത്താവിന്റെ ഗതി എന്താകുമായിരുന്നു? തലയ്ക്കുമീതെ വന്ന വിപത്തിനെപ്പററി ഈ മനുഷ്യൻ ഒരു നിമിഷം ചിന്തിച്ചിട്ടില്ലല്ലോ. ദാവീദിന്റെ ആ വരവ്—അത്—ഒന്നുകൂടി അവളുടെ മനക്കണ്ണാടിയിൽ പ്രതിഫലിച്ചു കണ്ടു. എന്തു രൂപം, എന്തു ധൈര്യം, എന്തു വിനയം! ഛേ! താൻ എന്തുഭ്രാന്താണു വിചാരിക്കുന്നതു്. തന്റെ ഭർത്താവ് എത്ര നീചനായിക്കൊള്ളട്ടെ; തന്റെ സ്വാമിയും രക്ഷിതാവും അദ്ദേഹം മാത്രമാണ്. ഇത്തരം വിചാരഗതികളോടുകൂടി അബിഗേൽ ഏതാനും നിമിഷം തന്റെ ഭർത്താവിനെ നോക്കിക്കൊണ്ടു് അവിടെ നിന്നുപോയി.

വീടുകുലുക്കുന്ന അട്ടഹാസധ്വനികളാണു് അടുത്ത പ്രഭാതത്തിൽ അവളെ ഞെട്ടി ഉണർത്തിയതു്. ഭയപ്പെട്ടു കതകുതുറന്നു് ചുററുപാടും നോക്കിയപ്പോൾ, കോപംകൊണ്ടു് അടിമുടി വിറച്ചു് തുള്ളിച്ചാടുന്ന നാബാലിന്റെ ബീഭത്സരൂപത്തെയാണു് അവൾ ദർശിച്ചതു്.

ഭർത്താവിന്റെ ഇത്തരം കോപപ്രകൃതം കണ്ടു കണ്ടു് തഴമ്പിച്ചിട്ടുള്ളവളാണു് അബിഗേൽ. ഈ സന്ദർഭങ്ങളിൽ അദ്ദേഹത്തെ മയക്കുന്നതിനും സൌമ്യനാക്കുന്നതിനുമുള്ള പ്രത്യൌഷധം നയജ്ഞയായ അവൾക്കു വശമുണ്ടായിരുന്നു. അവൾ മെത്തയിൽനിന്നു് എഴുന്നേററു് ഒരു മുഴുത്ത ഗ്ലാസ്സ് നിറച്ചു് വൈൻ പകർന്നു സാദരം ഭർത്തൃകരങ്ങളിൽ സമർപ്പിച്ചു.

എന്നാൽ ഈ സൂത്രപ്രയോഗം, ഇത്തവണ ഫലിച്ചില്ല. ഒരലർച്ചയോടുകൂടി ആ 'ഗ്ലാസ്' നാബാൽ തട്ടിത്തെറിപ്പിച്ചു. മുഖഭാവം വികൃതമായി; ചുണ്ടുകൾ വളഞ്ഞുപിരിഞ്ഞു. ദന്തങ്ങൾ തമ്മിൽ ഉരുമ്മി കണ്ണുകൾ വജ്രച്ചില്ലുകൾപോലെ മിന്നി, നിന്ന നിലയ്ക്കു നിന്നു. വാക്കുകൾ തായ്പ്പെട്ടു. എങ്കിലും ആക്രോശിച്ചു.

"തേവിടിശ്ശീ—നീ കൊണ്ടുകൊടുത്തു അല്ലേ—ആ—തെമ്മാടിയ്ക്കു"..."

അവൾ വിശേഷിപ്പിച്ചു "ഇല്ലെങ്കിൽ നമ്മെ എല്ലാം ഒന്നോടെ കൊന്നൊടുക്കുമായിരുന്ന ആ ദാവീദിന്."

നാബാൽ "എന്തു്! എന്തു്! അധികപ്രസംഗം പറയുന്നോ? സത്യം പറ,—നീ എന്തെല്ലാം തട്ടിക്കൊണ്ടുപോയി—പറ. നേരെ സത്യം പറ—ഇല്ലെങ്കിൽ—"

കൊണ്ടുപോയ സൽക്കാരസാമഗ്രികളുടെ ഒരു പട്ടിക അവൾ ചൊല്ലിത്തുടങ്ങി.

നാബാലിൻെറ മുഖം വിളറി കവിൾപ്പരപ്പിൽ നീലഞരമ്പുകൾ തെളിഞ്ഞു കണ്ണുകൾ രക്തരശ്മികൾ ചിതറി, "ഇരുന്നൂറ് അപ്പങ്ങൾ!" നാബാൽ ഗർജ്ജിച്ചു. നാബാൽ ഓടിച്ചെന്നു അറപ്പുരപരിശോധിച്ചു. അയ്യോ! എന്നു മാറത്തടിച്ചു് പ്രജ്ഞാഹീനനായി നിലംപൊത്തി. കണ്ഠത്തിലൂപ്പിൽക്കൂടി ഒരു കുറുകൽമാത്രം കുറെ നേരത്തേക്കു്. അതു് അയാളുടെ അവസാനത്തെ കുറുകലുമായിരുന്നു!

ഏതാനും മാസങ്ങൾക്കുശേഷം, വിധവയായിത്തീർന്ന 'അബിഗേൽ' ചിന്താഗ്രസ്തയായി വിദൂരമായ മണലാരണ്യ

ത്തിലേക്കു നോക്കി നില്ക്കയായിരുന്നു. അവൾ പലതും വിചാരിച്ചു. ഓ ഒരു നിസ്സാരസംഭവം. ഞാൻ അതിൽ മെനക്കെട്ട് എന്തിന്നു ആകാശക്കോട്ടകൾ പണിയുന്നു. അദ്ദേഹം രണ്ടാമതൊരിക്കൽ എന്നെപ്പററി വിചാരിച്ചിരിക്കയില്ല" അവൾ നെടുവീർപ്പിട്ടു.

എന്നാൽ അബിഗേലിൻെറ ഊഹം തെററായിരുന്നു. രണ്ടുനാലുദിവസങ്ങൾ കഴിഞ്ഞപ്പോൾ ദാവീദിൻെറ മൂന്നു കുതിരപ്പടയാളികൾ അവളുടെ ഭവനത്തിൽ എത്തി. അവർ ഇപ്രകാരം നിവേദനംചെയ്തു "ഞങ്ങൾ മഹാനായ ദാവീദിൻെറ ഭടന്മാരാണു്. നാബാൽ മരിച്ചതായിക്കേട്ടു. നിങ്ങൾക്കു സമ്മതമുള്ളപക്ഷം, ദാവീദ് നിങ്ങളെ ക്ഷണിക്കുന്നു; ഭാര്യാപദം അലങ്കരിക്കുന്നതിന്നു്."

അബിഗേൽ, ജന്മസാഫല്യം കിട്ടിയാലെന്നപോലെ കൃതാർത്ഥയായി മൃദുമന്ദഹാസം പൊഴിച്ചു. അവൾ, അവരെ അനുഗമിച്ചു.

എന്തു ഭയങ്കരമായ നിശ്ചയമാണു് താൻ ചെയ്തതു് എന്നു് ഇടയ്ക്കിടെ അവൾ ആലോചിച്ചു. 'ഓ വരുന്നതെല്ലാം വരട്ടെ! ഏതാപത്തും അവൾക്കു നിസ്സാരമാണു് ഇന്നു് ദാവീദ് അക്രമികളുടെ രാജാവു്. നാളെ? ആരറിഞ്ഞു? നാളെ അദ്ദേഹം ഇസ്രായേലിലെ ചക്രവർത്തി അവളുടെ ശരീരം പുളകിതമായി.

## ശിംശോനും ഫിലിസ്ത്യരും

ആ ഭീമശരീരൻ, യാത്രയ്ക്കിടയിൽ നേട്ടതായിനിവന്നിട്ട്, കനത്ത കരുത്തുള്ള ശിരസ്സിനെ ഭംഗിയായി ഉയത്തി ഒന്നു പൊട്ടിച്ചിരിച്ചു. ലോകത്തെ തൃണവൽഗണിച്ചുകൊണ്ടുള്ള ഒരു ധിക്കാരച്ചിരിയായിരുന്നു അത്. അരികെയുള്ള അരുവിക്കരയിൽ ചൂണ്ടയിട്ടുകൊണ്ടിരുന്ന പൈതങ്ങൾ പൊട്ടുന്നനവേ ചൂണ്ടകൾ താഴെ വച്ചിട്ട് തിരിഞ്ഞുനോക്കി. അവർ കണ്ടതു് "ശിംശോനെ" ആയിരുന്നു.

അടുത്ത നിമിഷത്തിൽ ബാലന്മാർ കുതിച്ചുപാഞ്ഞു ഗ്രാമത്തിൽ എത്തി; വഴിനീളെ ആത്തുവിളിച്ചു തുള്ളിച്ചാടി. "ശിംശോൻ ഇതാ വന്നിരിക്കുന്നു. സോറായിലെ തടിമാടൻ നമ്മുടെ ഗ്രാമത്തിൽ" അവക്ക് ഇതിൽ കൂടുതൽ ആഹ്ളാദകാരണം എന്തുള്ളൂ! കുട്ടികൾ അത്യുച്ചത്തിൽ പേത്തും പേത്തും വിളിച്ചുപറഞ്ഞ് ഗ്രാമവാസികളെ ഒന്നാകെ ഇളക്കി.

സന്തോഷകരമായ ഒരപൂർവ സന്ദർശനം തന്നെയെന്ന് ഗ്രാമീണർ തലകുലുക്കി സമ്മതിച്ചു. ഈ വാത്ത കേട്ട ബാലികമാർ ഉത്സാഹവതികളായി. കിളിവാതിലുകളിൽക്കൂടി ശിംശോനെ നോക്കുന്നതിനു മുമ്പായി, അവർ തിടുക്കത്തിൽ കണ്ണാടിനോക്കി തലമുടി ഒതുക്കുകയും മുഖം തടവി സൌകുമാര്യത്തിൻെറ മാററ് വർദ്ധിപ്പിക്കുകയും ചെയ്തു. ഗൃഹഭരണവ്യാപൃതകളായ മദ്ധ്യവയസ്കകൾ അടുക്കളക്കാര്യങ്ങൾ കിടന്ന നിലയിൽ ഇട്ടിട്ട്, വെളിക്കു

വന്ന് നിലയായി. അത്രമാത്രം അത്ഭുതകരങ്ങളായ കഥകൾ ആണ് ഈ അതികായനായ വിക്രമപരാക്രമനെപ്പററി അവരെല്ലാം കേട്ടിരുന്നത്. ഇത്രയേറെ തരുണികളുടെ ഹൃദയം കവരുകയും ഒടുവിൽ അവരെ കൈവെടിയുകയും ചെയ്തിട്ടുള്ള മറെറാരു പുരുഷനെപ്പററി അവർ കേട്ടിട്ടില്ല. ഇത്രയേറെ പരിപന്ഥികളെ പൊരുതി ജയിച്ച് നരകം പൂകിച്ച മറെറാരു മല്ലപ്രവീണനേയും അവർ അറിയുകയില്ല. ആ അത്ഭുതാകാരനാണ് അവരുടെ ഗ്രാമത്തിൽ എത്തിയിരിയ്ക്കുന്നത്! എത്രയോ അസുലഭമായ ഒരവസരം!

ശിംശോൻെറ ആഗമനവാർത്ത കണ്ണാകണ്ണികയായ ആ ഗ്രാമസങ്കേതമെങ്ങും വ്യാപിച്ചു. കടകളിൽ നിന്നും തോട്ടങ്ങളിൽ നിന്നും ജനങ്ങൾ സംഘം ചേർന്നു ഗ്രാമവീഥികളിൽ തടിച്ചുകൂടി സ്വാരാജ്യത്തെ ആക്രമിച്ച് അമർത്തി വെച്ചിരിക്കുന്ന ശത്രുക്കളായ പലസ്തീൻകാരെ, തുരത്തുവാൻ കരുത്താർന്ന ശിംശോനെ ഒരു കണ്ണു കാണുവാൻ ആരു തന്നെ കൊതിക്കുകയില്ല!

ആ ബ്രഹ്മാണ്ഡശരീരൻ, മദയാനയുടെ പ്രൌഢിയാനത്തോടുകൂടി ഗ്രാമത്തിൻെറ പ്രധാന തെരുവിൽ എത്തിച്ചേർന്നു.

ഗ്രാമീണർ, ഈ പുഷ്ടകായനെ കണ്ടു വിസ്മയപ്പെട്ടു. "അപ്പോൾ ഇതാണ് ആ ശിംശോൻ; കാണേണ്ട രൂപം തന്നെ" എന്നവർ സാഭിമാനം പരസ്പരം മന്ത്രണം ചെയ്തു. ആ രൂപമോ?

ഇടതൂൎന്നു തഴച്ചു് കറുത്തുചുരുണ്ടുള്ള ചികുരക്കെട്ടുകളെ കഴുത്തോറംവെച്ചു് കത്രിച്ചിരിയ്ക്കുന്നു. വിജൃംഭിച്ചു നില്ക്കുന്ന ശുകതുണ്ഡനാസിക വദനഗാംഭീൎയ്യത്തിന്റെ പ്രത്യക്ഷലക്ഷ്യമായി പ്രോല്ലസിയ്ക്കുന്നു. വിസ്തൃതിയാൎന്ന നിസ്തുല ലലാടം ചിന്താശീലത്തിന്റെ വിലാസരംഗമായി പരിലസിക്കുന്നു. ആ നെടിയ നേത്രങ്ങളിലെ കടുനീലതാരങ്ങൾ ഹൃദാകർഷകങ്ങളെങ്കിൽ, ആ അഭികാമ്യമായ അധരപുടങ്ങളുടെ വശ്യശക്തി അതിതരാം ഹൃദയാവൎജ്ജകമായിരുന്നു. വിരിഞ്ഞ മാറിടം, ലോഹസദൃശമായ മാംസപേശികൾ, ഉരുക്കുകൊണ്ടു വാൎത്തെടുത്തപോലുള്ള അവയവവൃദ്ധിമ! ഈ ആകാരത്തിന്റെ മുമ്പിൽ അബലാമണികൾ അപഹൃതഹൃദയങ്ങളായി തീൎന്നുപോകുന്നതിൽ എന്തത്ഭുതമാണുള്ളതു്?

സ്വശരീരത്തിൽ ഒതുങ്ങി ലയിക്കുന്ന ദുൎദ്ധൎഷമായ ഗുരുതരശക്തിസമഗ്രതയെപ്പററി കേവലം അജ്ഞനെന്ന ഭാവേന അതിലാഘവത്തോടുകൂടിയാണു് ശിംശോൻ, അലസഗമനം ചെയ്തുകൊണ്ടിരുന്നതു്. വക്ഷസ്സിനെ ആവരണം ചെയ്തിരുന്ന ഒരു നിലയങ്കിയും മുട്ടുവരെയെത്തുന്ന പട്ടുകൊണ്ടുള്ള കാലുറയും മാത്രമേ, ഈ അതികായൻ അണിഞ്ഞിരുന്നുള്ളു. രംഭാപിണ്ഡങ്ങൾ കണക്കേ തടിച്ചു കൊഴുത്തുരുണ്ടു് മാംസളങ്ങളായ തുടകളുടെ സുഷമ ഓരോകാൽ ചുവടിളക്കത്തിലും ചേതസ്സമാകർഷകമാം വിധം ദർശനീയമായിരുന്നു. ഈ സുഭഗഗാത്രനെ കാണുമ്പോൾ അവിവാഹിതകളായ അംഗനാമണികൾ നെടുവീൎപ്പിടും; വിവാഹിതകളായ നാരീജനങ്ങൾ നാണത്തോടുകൂടി താന്താങ്ങളുടെ വിധിയെ പഴിയ്ക്കും. അതായിരുന്നു പതിവു .

ശിംശോൻെറ ഔദ്ധത്യം അവർക്കു പ്രിയകരമായി ട്ടാണു് തോന്നിയിട്ടുള്ളതു്. ഇത്രമാത്രം ബന്ധവൈചി ത്ര്യങ്ങൾകൊണ്ടു രസകരങ്ങളായ സംഭാഷണവിഷയങ്ങൾ അവൎക്കു് പ്രദാനം ചെയ്തിട്ടുള്ളതു് ഈ പ്രേമസമ്പന്നൻ അല്ലാതെ ആരാണു്? ശപിയ്ക്കപ്പെട്ട ശത്രുക്കളായ പല സ്തീൻകാരെ ഏകനായി പലായനം ചെയ്യിച്ചിട്ടുള്ളതു് ഈ മല്ലാഗ്രേസരനായ ശിംശോനല്ലാതെ മററാരാണു്? അഹോ! ശിംശോൻ അവിശ്വാസികളായ പലസ്തീൻ കാരെ വട്ടം കറക്കുന്ന കാഴ്ച! ഹാ! അവർ അവൻെറ മറെറല്ലാ കുററങ്ങളേയും പൊറുക്കും; മറക്കും; തീർച്ചതന്നെ!

ഇതിനെല്ലാം പുറമേ, ശിംശോൻ ഒരു വികടഭാ ഷണ വിരുതനും രസികശിരോമണിയുമാണു്. എന്തു ഫലിതമാണു് അദ്ദേഹത്തിൻെറ വാക്കുകളിലും പ്രവൃത്തി കളിലും! അവരുടെ നാട്ടിൽ ശിംശോനെപ്പോലെയുള്ള മഹിഷകായന്മർ വേറെയും ചിലരില്ലാതില്ല; അവരെല്ലാം മൂട്ടകത്തെപ്പോലെ മൂട്ടന്മാരെങ്കിലും, വിദ്യാരൂപിണി അവ രുടെ നാവിൽ ഒരിക്കൽപോലും നൃത്തം ചെയ്തിട്ടില്ല. ശിംശോനാകട്ടെ ശരീരത്തിലെന്നപോലെ ബുദ്ധിയിലും പ്രബുദ്ധവീര്യനായിരുന്നു. പോരിലെ ധൈര്യം പോലെ, ഈ വീരാഗ്രിമൻ, വാദത്തിൽ വിവിദനമായിരുന്നു. ഈ ഗുണഗണങ്ങളുടെ മകുടമായി മനുഷ്യർ കൊണ്ടാടിവന്നതു് ശിംശോൻെറ സമഭാവനയും സ്വജനങ്ങളോടുള്ള കാരു ണ്യാതിരേകവുമാണു്.

ശിംശോൻ മുൻപറഞ്ഞ ഗ്രാമവീഥിയിൽകൂടി മന്ദ മന്ദം നടന്നുപോയി. ജനബഹുലമായിത്തീൎന്ന പാർശ്വ

ഭാഗങ്ങളിൽനിന്നും സ്തുതിപരങ്ങളായ കുസുമനിചയം തന്നിൽ ചൊരിയപ്പെടുന്നതു്, ശിംശോൻ സംതൃപ്തിയോടെ അണിഞ്ഞു. ഈ പ്രശംസാവചസ്സുകളിൽ അഭിമാനഗർവ്വിഷ്ഠനായി, നവോന്മേഷഭരിതനായി, അദ്ദേഹം യാത്ര തുടർന്നു. ഗ്രാമീണരിൽ കാര്യവിവരമുള്ള ചിലർ ശിംശോനെക്കുറിച്ചു പറയുകയാണു്.

"ശിംശോൻെറ ഇന്നാളത്തെ പ്രവൃത്തി വളരെ നന്നായി. ഈ പലസ്തീൻകാർ എത്ര മണ്ടന്മാരാണു്? പക്ഷേ, എപ്പോഴും ഇതു് ഫലിച്ചു എന്നു വരുന്നതല്ല. അവർ പാത്തും പതുങ്ങിയും ചതിയ്ക്കാൻ തരം നോക്കും. ശിംശോൻ കൂടുതൽ കരുതി നടക്കേണ്ടിയിരിക്കുന്നു."

ഇതുകേട്ടു് കാര്യജ്ഞാനത്തിൽ ഒട്ടും മോശമില്ലായിരുന്ന അപരൻ പറഞ്ഞു.

"ഗാസാ കടലോരങ്ങളിൽ ഇടയ്ക്കിടയ്ക്കു് ശിംശോൻ വിശ്രമിക്കാൻ പോകുന്നതു് ശരിതന്നെ; അവിടെ ഒരു സുന്ദരിയെ കാണുകയും അവൾ അവനെ ക്ഷണിക്കുകയും ചെയ്താൽ, ആ ക്ഷണം സ്വീകരിക്കുന്നതിൽ എന്താക്ഷേപം? ശത്രുക്കൾ അവിടെ വട്ടമിടുന്നതു് എത്ര നിന്ദ്യമാണു്."

"അല്ലാ, ആ കഥയൊന്നും താൻ അറിഞ്ഞില്ലേ?" എന്നു മൂന്നാമതൊരുവൻ ഈ സംഭാഷണത്തെ പൊലിപ്പിച്ചു. എല്ലാവരും ഉത്കണ്ഠരായി. അയാൾ വിസ്തരിച്ചു.

"ശിംശോൻ ഏതാണ്ടു പാതിരാ ചെന്നപ്പോൾ അവളുടെ മുറിയിൽനിന്നും വെളിയിലേക്കു നോക്കി. മുററത്തു്

ശത്രുക്കൾ തിങ്ങിക്കൂടിയിരിക്കുന്നതു് ശിംശോൻ കണ്ടു. ഉടൻതന്നെ, സൂത്രത്തിൽ പുറവാതിലിൽക്കൂടി വെളിക്കു കടന്നു. ശത്രുക്കളുടെ ഇടയിൽക്കൂടി അവരറിയാതെ അങ്ങു നടന്നുപോയി. പോയ പോക്കിൽ ശിംശോൻ ചെയ്തതെന്താണെന്നു നിങ്ങൾ കേട്ടില്ലേ? എന്നു് ഈ പ്രഭാഷണപ്രിയൻ പ്രശ്നംചെയ്തു. പരമാർത്ഥത്തിൽ അവരാരും ഈ കഥ കേട്ടിരുന്നില്ല. വർദ്ധമാനമായ ഔത്സുക്യത്തോടുകൂടി അയാൾ തുടൎന്നു.

"ങ്ഹാ! അപ്പോൾ ആ ചരിത്രം നിങ്ങളുടെ കാതിൽ എത്തിയില്ല, അല്ലേ! അത്ഭുതംതന്നെ. ആ പോയ പോക്കിൽ ശിംശോൻ ആ നഗരത്തിന്റെ പ്രവേശനദ്വാരത്തിൽ ഉണ്ടായിരുന്ന കരിങ്കൽച്ചുവർ വാതിലുകളും തൂണുകളും കമ്പികളും ഒന്നോടെ നിശ്ശബ്ദമായി പിഴുതെടുത്തു തോളിൽകേററി നടയായി. ആ നഗരവും കടന്നു് അതിനപ്പുറം ഈ ചുമട്ടുംകൊണ്ടു് ഒരേ നടപ്പു്. ആ രാത്രി മുഴുവൻ നടന്നു. നേരം വെളുക്കാറായപ്പോൾ മുപ്പതുനാഴിക അകലെ "ഹെബ്രോൻ" എന്ന കുന്നിന്റെ ചെരുവിൽ എത്തി. ഈ ചുമടെല്ലാം അവിടെ ഇറക്കി, ഈ വാതിലുകളും തൂണുകളും അവിടെ പ്രതിഷ്ഠിച്ചു. എന്താ കൊള്ളാമോ കാര്യം?"

ഈ കഥകൾ കേട്ടവർ കേട്ടവർ അത്ഭുതപരതന്ത്രരായിച്ചമഞ്ഞു.

പിറെറദിവസം രാവിലെ തങ്ങളുടെ നഗരത്തിന്റെ ഗാംഭീരങ്ങളായ കരിങ്കൽ കവാടങ്ങളും ലോഹസ്തൂണ

ങ്ങളും അപ്രത്യക്ഷമായിരിക്കുന്നതു കണ്ടപ്പോഴം, പല സ്റ്റീൻകാർക്കുണ്ടായ ജാള്യതയും കോപതാപാദികളും എങ്ങനെ വർണ്ണിക്കട്ടെ!

ഓ! ഇതു ശിംശോൻെറ തമാശപ്രവൃത്തികളിൽ ഒന്നുമാത്രമാണു്. പലസ്റ്റീൻകാരെ പീഡിപ്പിക്കുന്നതിനു് ശിംശോനു് ഒരു പ്രത്യേകവിരുതും സന്തോഷവുമുണ്ട്. അപ്രകാരം ചെയ്യണമെന്നതു് ദൈവഹിതവുമായിരുന്നു. പണ്ടൊരിക്കൽ ശിംശോൻ, കൊട്ടുംപകയാലും വിനോദരസികതയാലും പ്രേരിതനായി മുന്നൂറു കുറുനരികളെ പിടികൂടി അവയുടെ വാലുകൾ ജോടിക്കണക്കിനു പരസ്പരം കൂട്ടിക്കെട്ടി, വാലുകളുടെ മദ്ധ്യത്തിൽ ഓരോ പന്തവും തിരുകി തീ കൊളുത്തി വിട്ടു. പഴുത്തു കൊയ്യാറായി കിടന്നിരുന്ന, പലസ്റ്റീൻകാരുടെ കൃഷിസ്ഥലത്തേക്കാണു് ഈ കോളിളകിയ ഉരുളന്മാരെ പായിച്ചുവിട്ടതു്! ഫലം. ഊഹ്യമാണല്ലോ. കൃഷിപ്പിഴകൊണ്ടു് അനവധി പലസ്റ്റീൻകാർ ആ വർഷത്തിൽ പട്ടിണികിടന്നു മരിച്ചുപോയി എന്നേ പറയേണ്ടു!

മറെറാരവസരത്തിൽ 'ലെഫി' എന്ന സ്ഥലത്തുവെച്ചു് അപ്രതീക്ഷിതമായി പരിപന്ഥിസഞ്ചയം ശിംശോനെ വലയം ചെയ്തു. അവിടെനിന്നും രക്ഷപ്പെടുക സുകരമല്ലായിരുന്നു. ശിംശോൻ ഒററക്കു് ഒരു കൂട്ടക്കൊലയ്ക്കുതന്നെ കോപ്പിട്ടു. കഴുതയുടെ താടിയെല്ലുകൊണ്ടുണ്ടാക്കിയ ഒരു അരുവാളിൻെറമാത്രം തുണയോടുകൂടി, ശിംശോൻ ശത്രുവ്യൂഹത്തിൽ ചാടിവീഴുകയും ഇടവും വലവും ചുററി മുന്നും പിന്നും തിരിഞ്ഞു് അരിനികരത്തെ ആയിരക്കണെ

ക്കിന് അരിഞ്ഞരിഞ്ഞു വീഴ്ത്തുകയും ചെയ്തു. ചുരുക്കം പേർ മാത്രമേ ജീവനുംകൊണ്ട് ഓടി രക്ഷപ്പെട്ടുള്ളു! അതാണു ശിംശോൻെറ ധൈര്യം! വീര്യം! പരാക്രമം.

നമ്മുടെ കഥാനായകൻമുൻപറഞ്ഞ ഗ്രാമവീഥിയിൽ കൂടിയുള്ള ഗതി തുടന്നുകൊണ്ടിരുന്നു. വിശ്വവിജയം സാധിച്ച ഒരു ഏകച്ഛത്രാധിപതി തലസ്ഥാനനഗരിയിൽ കൂടി ജനസഞ്ചയത്തിൻെറ ആമോദകളകളത്തിൽ അതിമോദവൃന്നായി ശിരഃകമ്പനത്തോടെ മൃദുസഞ്ചരണം ചെയ്യുമ്പോലെ, പരിസരങ്ങളെയും വിശിഷ്യ അന്തഃപുരത്തളിമങ്ങളെയും ദയാപുരസ്സരം കടാക്ഷിച്ചു കടാക്ഷിച്ച് ശിംശോൻ കുതൂഹലചിത്തനായി പുരോഗമനം സാധിച്ചുകൊണ്ടിരുന്നു.

ഇതിന്നിടയ്ക്കായിരുന്നു, ഒരു സ്ത്രീ അവരം എത്തിനോക്കിക്കൊണ്ടിരുന്ന വാതായനത്തിൽകൂടി "താങ്കൾ വളരെ ആഹ്ളാദവാനായി കാണപ്പെടുന്നല്ലോ" എന്ന് ശിംശോൻെറ നേക്ക് ഒരു ചിന്താശരൽക്കം വിമുക്തമാക്കിയതു്

"ഹാ കാതുകളെ കുളുർപ്പിക്കുന്ന കളകളസ്വരം; എന്തു മാധുര്യം; എന്തു മാർദ്ദവം," എന്നു് ശിംശോൻ സ്വയം മന്ത്രണം ചെയ്തു ആ വീക്ഷണവിദഗ്ദ്ധൻ ഒന്നു കൂടി നേരെ നോക്കി; അവളെ നല്ലപോലെ കണ്ടു. ആ സ്ത്രൈണഹൃദയൻ നിന്ന നിലയ്ക്കു അവിടെനിന്നു; അവളെ കണ്ണിമയ്ക്കാതെ കടാക്ഷിച്ചു എന്തു സൌന്ദര്യസാരത്തെയാണു് തൻെറ നയനങ്ങൾ ദശിക്കുന്നതു്. കനകാംബുജംപോലെ ലാവണ്യം വഴിഞ്ഞൊഴുകുന്ന കോമളവദനബിംബം; അനവദ്യമായ സൌരഭ്യപൂരത്തെ

പരത്തുന്ന വല്ലരീകുസുമം താരുണ്യത്തിൻെറ തരളതരംഗ പ്രവാഹം; ആഗതരെ സമാശ്ലേഷം ചെയ്യുന്ന നീലോല്പലേക്ഷണങ്ങൾ; നിറവാൎന്ന ചുണ്ടുകൾ; അഴിഞ്ഞുലഞ്ഞു കാളദ്യുതി ചിതറുന്ന കബരീബന്ധം! ശിംശോൻെറ ഹൃദയം ഈ സ്നേഹപ്രസരത്തിൻെറ ഹിമകരതയിൽ പുളകിതമായി; സ്നിഗ്ദ്ധമയമായി, പ്രജ്ഞാകേന്ദ്രം ഉണൎന്നു. എന്നാൽ അതോടുകൂടി ഏതോ അവ്യക്തമായ ക്ലേശത്തിൻെറ കരിനിഴൽപ്പാടുകൾ ഹൃദയദൎപ്പണത്തിൽകൂടി വീശിമായുന്നതായി ശിംശോനു ഒരു ഭൂതോദയം ഉണ്ടായി. ഈ മഹിളാമണിയുമായുള്ള ബന്ധം നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ ഹേതുഭൂതമായേക്കുമെന്ന ഒരു ആശങ്ക ശിംശോൻെറ മാനസചക്ഷുസ്സു ഉൽഭാവനം ചെയ്തു.

എങ്കിലും, ശിംശോൻ ഈ സുഭഗയുടെ ചോദ്യം ഒരനുഗ്രഹമായിക്കരുതി, ഇപ്രകാരം പ്രതിവചിച്ചു.

"ഞാൻ ഫിലിസ്ത്യയാക്കാരെ കബളിപ്പിച്ചതോൎത്തു് പൊട്ടിച്ചിരിച്ചുപോയതാണു്."

ആ അരുണാധരി മന്ദമായി മന്ദഹസിച്ചു. മുല്ലമൊട്ടുപോലുള്ള പല്ലുകളെ അല്പമായി പ്രകാശിപ്പിച്ചു. ആ ലളിതാംഗി, ഉൽക്കടമായ അഭിനിവേശത്തോടെ "അവിടുത്തെ പേരെന്താണു്"? എന്നു പ്രശ്നം ചെയ്തു"

"ആളുകൾ എന്നെ ശിംശോൻ എന്നുവിളിക്കുന്നു."

അവൾ അറിയേണ്ടതു അറിഞ്ഞു. "ഭുജവിക്രമനെന്നു് പ്രഖ്യാതിപെററ ശിംശോൻ അവിടുന്നു തന്നെയോ? എങ്കിൽ ഒന്നു ചോദിച്ചുകൊള്ളട്ടെ. അവിടുന്നു സത്യം

പറയണം. വെറുംകൈകൊണ്ടു് അവിടുന്നു് ഒരാൺസിംഹത്തെ തച്ചുകൊന്ന എന്ന വാർത്ത പരമാർത്ഥമാണോ? ഒരു കഴുതയുടെ താടിയെല്ലുമാത്രംകൊണ്ടു് ആയിരത്തിൽ പരം ഫിലിസ്ത്യയക്കാരെ കാലപുരിക്കയച്ചതും സത്യം തന്നെയോ”?

ശിംശോൻ പറഞ്ഞു. “ഓ, അതു ഒരു സിംഹക്കുട്ടിയായിരുന്നു. മറ്റേ കാര്യം, ആയിരം ഫിലിസ്ത്യയക്കാരെ കൊന്ന കഥ; ജനങ്ങൾ അതിശയോക്തിപ്രിയരാണെന്നു, ഞാൻ പറയാതെ നിങ്ങൾക്കറിയാമല്ലോ.”

അവൾ പറഞ്ഞു. “ഓ! അതെനിക്കു് നല്ലപോലെ അറിയാം. അതിശയോക്തികൾ ഞാൻ വളരെ കേട്ടിട്ടുണ്ടു്; ഞാൻ ദെലീലായാണു്.”

ശിംശോനു് അവളിൽ കൂടുതൽ താല്പര്യം ജനിച്ചു. “ഞാൻ കേട്ടിട്ടുള്ള വാർത്തകൾ ശരിയാണെങ്കിൽ എന്നെപ്പോലെതന്നെ നിങ്ങളും നിരവധി പുരുഷന്മാരെ പരാജിതരാക്കിയിട്ടുണ്ടല്ലോ” എന്നു ശിംശോൻ സാതിശം അഭിനന്ദിച്ചു.

“ആ വാർത്തകളൊന്നും ശരിയല്ല; കാരണം, ഞാൻ ഇന്നേദിവസംവരെ ഒരു യഥാർത്ഥ പുരുഷനെയും ദർശിച്ചിട്ടില്ല.” ദലീലായുടെ അർത്ഥഗർഭമായ ഈ പ്രസ്താവവും കടക്കണ്ണുകളുടെ സ്വീകരണസന്നദ്ധതയും പൂർണ്ണമായി ഗ്രഹിച്ചിട്ടും ‘ശിംശോൻ’ പ്രത്യക്ഷഹേതുകൂടാതെ ഇദംപ്രഥമമായി സംഭ്രമസ്പൃഷ്ടനായി ചഞ്ചലപ്പെട്ടുനിന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷണത്തെ

തിരസ്കരിച്ചെങ്കിലോ എന്ന് ശിംശോൻ സംശയിക്കുന്നതു് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇതാദ്യമായിട്ടായിരുന്നു. ഒരു ലോകസമ്മോഹിനി തന്റെ മുമ്പിൽ പ്രണയലാസ്യങ്ങൾ നടിക്കുന്നു. ഇന്നെങ്കിലും പുരുഷത്വം ഉള്ള ഒരുവനെ കിട്ടിയതിൽ അവൾ അമിതമായി മദിക്കുന്നു; ആഹ്ളാദിക്കുന്നു. അവളുടെ സരസഭാഷണങ്ങളും കാകളീനിനദവും താൻ നേരിട്ടു ആസ്വദിക്കുകയും ചെയ്തു. അങ്ങനെയുള്ള ഈ വിശ്വവിജയനിയെ പുറംതള്ളുകയോ? താൻ ധാരാളം സ്ത്രീകളെ സ്നേഹിച്ചിട്ടുണ്ടെങ്കിലും ആരുംതന്നെ തന്റെ ബഹുമാനത്തേയോ ആദരത്തേയോ ഇതുപോലെ നാളതുവരെ സമാർജ്ജിച്ചിട്ടില്ല. ഇവളോ, തുല്യയോഗ്യതയുള്ളവൾ; ഈ 'ക്ഷണ'ത്തെ എങ്ങനെ ഉപേക്ഷിക്കാനാണ്? ശിംശോന്റെ ഹൃദയത്തിൽക്കൂടി ഇത്തരം വികാരവീചികൾ ദ്രുതപ്രവർത്തനം ചെയ്തുകൊണ്ടിരുന്നതിനിടയിൽ മാനുഷചിത്തവൃത്തികളുടെ പ്രേരണശക്തികളെപ്പററി ജ്ഞാനവതിയായ ആ വാരനാരി, പൊടുന്നനവേ പുറം തിരിഞ്ഞു അവിടെ നിന്നും മിന്നി മറഞ്ഞു.

ഈ സുന്ദരിയെ ഒരു നോക്കുകൂടി കാണുന്നതിനു ശിംശോന്റെ ഹൃദയം വെമ്പിക്കിതച്ചു. പിറേറദിവസം അവൻ സന്ധ്യാവേളയിൽ ആ പടിവാതില്ക്കൽഎത്തി. പിറേറന്നും ശിംശോന്റെ സായാഹ്നസവാരി ഈ സരസയുടെ അന്തികത്തിലേക്കുതന്നെ. ചുരുക്കത്തിൽ, ഈ പോക്കു നാട്ടാരുടെ ഇടയിൽ നമ്മഭാഷണത്തിനുള്ള ഒരു വിഷയമായി. "സോറക്കി"ലെ നിരാശകളായ കന്യകാ

മണികൾ, ദെലീലായുടെ സുഹൃത്ഭാവത്തിൽ അസൂയാവതികളായിച്ചമഞ്ഞു. ദാമ്പത്യരഹസ്യങ്ങളുടെ മർമ്മം ഗ്രഹിച്ചിരുന്ന വനിതാരത്നങ്ങൾ, ദെലീലായ്ക്കു് ഒരു 'സമജാഡികിട്ടി' എന്നു് പ്രക്ഷേപണംചെയ്തു. കടകളിലും വീടുകളിലും കളിസ്ഥലങ്ങളിലും ചന്തസ്ഥലങ്ങളിലും എന്നുവേണ്ട നാലുപേർ കൂടുന്നിടത്തെല്ലാം സംഭാഷണം 'ശിംശോനും ദെലീലായും'തന്നെ. ചില പുരുഷന്മാർ പറഞ്ഞു. "ഓ! ശിംശോൻ ഇവളെയും വിട്ടിട്ടുപോകും. പുതിയ പുതിയ പൂക്കളോടാണു് അവന്റെ ഭ്രമത്തിനിഷ്ടം. എത്രയെണ്ണത്തെ ഇതുപോലെ പട്ടുകുഴിയിൽ വലിച്ചെറിഞ്ഞു?" ചില സ്ത്രീകൾ പറഞ്ഞു "അമ്മുടെ ദെലീലാ, ശിംശോനെയും ആട്ടിപ്പായിക്കും. എത്ര പ്രഭുക്കന്മാരെ, എത്ര സുഭഗന്മാരെ അവൾ വഞ്ചിച്ചിട്ടുണ്ടു്. ഇന്നോ നാളെയോ എന്നേ സംശയമുള്ളൂ"

ശിംശോന്റെ പുതിയ പ്രേമകഥ മറ്റനാദർമ്മമാകുന്ന മേൽപൊടിയുംതോത്തു നാടുനീളെ വിളമ്പപ്പെട്ടു. അങ്ങനെ അങ്ങനെ "ഗാസാ"യിലെ അന്തരീക്ഷത്തിലും ഈ അപശ്രുതി ഓളംതല്ലിപ്പരന്നു.

വൈരിമണ്ഡലം ഉത്തകർണ്ണമായി. ഹൃദയം തിങ്ങിക്കവിഞ്ഞു പരന്ന പ്രതികാരതൃഷ്ണയ്ക്കു് ഒരു പോംവഴി ആരാഞ്ഞു് ഫിലിസ്ത്യായക്കാരുടെ തല കാഞ്ഞു പുകഞ്ഞുകൊണ്ടിരിക്കയായിരുന്നു. അവരുടെ നഗരമതിലുകളെ പിഴുതുകൊണ്ടുപോയ ആ ദ്രോഹി ഇപ്പോഴും നവംനവങ്ങളായ പ്രണയനാടകങ്ങൾ അഭിനയിച്ചുകൊണ്ടിരിക്കുന്നു. ഈ പുതിയ ഗർഭഗൃഹത്തിൽവെച്ചു് പിടികൂടു

വാൻ ഉപായമെന്തുള്ളു എന്നു പ്രമാണികളായ ഫലിസ്ത്യക്കാർ ഒരു രഹസ്യാലോചന നടത്തി. ദെലീലായെപ്പററി അവർ കേട്ടിരുന്നു. അവളുടെ ധനതൃഷ്ണയും ഒരതിരില്ലെന്നും അവർ അറിഞ്ഞിരുന്നു. കോഴ കൊടുത്തു് അവളെ വശത്താക്കുവാൻതന്നെ അവർ അവസാനമായി തീർച്ചചെയ്തു

"ശിംശോൻെറ ശക്തിരഹസ്യം ഞങ്ങൾക്കു പറഞ്ഞുതരിക" എന്ന അപേക്ഷയോടുകൂടി ഏതാനും കനകകുംഭങ്ങൾ ഫിലിസ്ത്യക്കാർ, ദെലീലായുടെ ചേവടികളിൽ സമർപ്പിച്ചു. "അല്ലെങ്കിൽ ഞങ്ങൾക്കു പിടികൂടത്തക്കവണ്ണം അവനെ ദുർബലനാക്കുക" എന്നവർ വീണ്ടും വീണ്ടും അഭ്യർത്ഥിച്ചു.

ആദ്യമാദ്യം, അവൾ ചെവിക്കൊണ്ടില്ല. പുരുഷന്മാരെ കളിപ്പണ്ടങ്ങളായിമാത്രം കരുതി ലീലിച്ചുപോന്നിട്ടുള്ള ദെലീലായുടെ നാട്യപ്രധാനമായ ഹൃദയത്തിൽപോലും ശിംശോനെ സംബന്ധിച്ചിടത്തോളം അകൃത്രിമപ്രണയത്തിൻെറ ഒരു നേരിയ 'ഉറവ്' ഉയരുന്നുണ്ടായിരുന്നു.

"ഈ കാര്യം സാധിച്ചാൽ ഞങ്ങൾ ഇരട്ടിദ്രവ്യം തരുന്നുണ്ടു്." എന്നിങ്ങനെ ശത്രുക്കൾ അടിക്കടി ഇരയിട്ടും വ്യാമോഹിപ്പിച്ചും പോന്നു.

അവസാനത്തിൽ, ആ വാരാംഗന ദ്രവ്യേച്ഛയ്ക്കു് അടിപെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. നിധികുംഭ

ങ്ങൾ അവളെ മാടിവിളിക്കുന്നു. ആയാസമെന്യേ കരഗതമാകുന്ന ഈ നിക്ഷേപകുംഭങ്ങൾ, കേവലം ഒരു പുരുഷനുവേണ്ടി വലിച്ചെറിയുകയൊ? അങ്ങനെ ചെയ്യുന്ന, വല്ല പച്ചപ്പരമാൎത്ഥികളും ഉണ്ടായിരിക്കാം. എന്നാൽ ദെലീലാ, പടിക്കൽ പാട്ടുകിടക്കുന്ന ഐശ്വൎയ്യത്തെ തൃത്തടിച്ചു് വെളിക്കു കളയുവാൻ അത്ര വിവരമില്ലാത്തവളല്ല.

വീണ്ടും അവൾ വിചാരിച്ചു. ശിംശോൻ ഇന്നു് എന്നെ സ്നേഹിക്കുന്നുണ്ടാവാം! എന്നാൽ പ്രേമത്തിൽ സ്ഥിരത എന്നൊന്നു് ഇവനെപ്പററി കേട്ടുകേൾവിപോലുമില്ല. ഇന്നല്ലെങ്കിൽ നാളെ എന്നെയും വഞ്ചിച്ചിട്ടു് അവൻ അവൻെറ പാട്ടിനുപോകും. ഞാനോ, ശിംശോനും പോയി, കിട്ടുമായിരുന്ന പൊന്നും കളഞ്ഞു് ഉഴലേണ്ടിവരികയും ചെയ്യും. ഛേയ്! അത്ര കളിപ്പപററിക്കൂടാ. ഈ വിചാരമാണു് അന്ത്യമായി വിജയിച്ചതു!

ഫിലിസ്ത്യരുടെ വാഞ്ഛാനുകൂലം പ്രവൎത്തിച്ചുകൊള്ളാമെന്നേററിട്ടു് അവൾ ആ കനകകുംഭങ്ങൾക്കു് ഇരുകരങ്ങളും നീട്ടി സ്വാഗതംചെയ്തു.

അവൾ ഏററ ഭാരം അവൾ എങ്ങനെ നിവൎത്തിക്കാൻ പോകുന്നു? എന്തോ?

ആ രാവിൽ, വിചിത്രാലങ്കാരങ്ങളാൽ പകിട്ടുപിടിപ്പിച്ചിട്ടുള്ള വിശാലമായ മുറിയ്ക്കുള്ളിൽ സുഗന്ധവാഹികളായ സുരഭിലകുസുമങ്ങൾ വിരിച്ചിട്ടുള്ള നീരാളപരിവേഷ്ടിതമായ മൃദുലശയനീയത്തിൽ, ഉന്മേഷസംവൎദ്ധകമായ

മധുരസുധാരസം പകൻ പകൻ പാനംചെയ്തും, മാദകധൂമപരിമളം ഏറ്റേററും മതിമയങ്ങി ഇരുവരും ലയിക്കുകയായിരുന്നു. യാദൃച്ഛികമായി, ആ നയവഞ്ചകി, ശിംശോൻെറ ശക്തിരഹസ്യത്തിൻെറ മമ്മം എന്തെന്നു ചോദിച്ചു.

അവൻ, കായ്യവും കളിയും മേളിച്ചുള്ള സ്വരത്തിൽ പറഞ്ഞു, "എൻെറ ഓമനേ! നീ എന്നെ ഏഴ ചരടുകൾകൊണ്ടു ബന്ധിക്കുക; ഞാൻ തൽക്ഷണം ദുർബലനായിത്തീരും."

അവൾ, ഉടൻതന്നെ, ഏഴുചരടുകൾകൊണ്ടു ശിംശോനെ ബന്ധിച്ചു. എന്നാൽ ആ പരീക്ഷ ഫലിച്ചില്ല.

അവൻ പൊട്ടിച്ചിരിച്ച് മാംസപേശികളെ ഒന്നു മുറുക്കുകയും കെട്ടുകൾ പൊട്ടിത്തെറിച്ച് ദൂരെ വീഴുകയും ചെയ്തു.

ശിംശോൻ ഏറെനേരം അങ്ങനെ ചിരിച്ചുകൊണ്ടിരുന്നു.

ഒടുവിൽ ദെലീലായുടെ നീരസഭാവം കണ്ടു് വീണ്ടും പറഞ്ഞു.

"നീ കോപിയ്ക്കാതെ! ഞാൻ സത്യം പറയാം. ഒരു പുതിയ കയറുകൊണ്ടു് എന്നെ വരിഞ്ഞുകെട്ടുക. അപ്പോൾ കാണാം എൻെറ ശക്തിയെല്ലാം ഓടിപ്പോകുന്നതു്. ഒരു കായ്യംമാത്രം സൂക്ഷിക്കണം. കയറു പുതിയതായിരിക്കണം."

വീണ്ടും അവൾ അപ്രകാരം ചെയ്തു

ശിംശോൻ, ശ്വാസം പിടിച്ച് മാവിടത്തെ വീപ്പിക്കുകയും കയറ് പൊട്ടിച്ചിതറുകയും ചെയ്തു. അനന്തരം ദീർഘനേരത്തേയ്ക്കുള്ള പൊട്ടിച്ചിരി!!

ഇപ്രകാരം ഒരു നിസ്സാരകാര്യത്തിനുവേണ്ടി തന്നെ കളിയാക്കുന്നതിൽ ദെലീലാ കോപതാപാദികൾ പ്രദർശിപ്പിച്ചു. ശിംശോൻ കാര്യഭാവത്തിൽ വീണ്ടും പറഞ്ഞു.

"നീ ഇത്രയേറെ കോപിക്കുമെന്നു ഞാൻ കരുതിയില്ല. ഇതാ, സത്യം പറഞ്ഞേക്കാം. എന്റെ കേശഖണ്ഡങ്ങളിൽ ഏഴെണ്ണം നിന്റെ തയ്യൽ യന്ത്രത്തിൽകൂടി തയ്ക്കുക. തൽക്ഷണം ഞാൻ അശക്തനാകും."

ദെലീലാ അതു വിശ്വസിച്ചു. വളരെ ക്ലേശം സഹിച്ച് പറഞ്ഞപ്രകാരം ചെയ്തു. എന്നാൽ ആ ജോലി തീർന്നപ്പോൾ ശിംശോൻ തലയൊന്നു വെട്ടിക്കുകയും തയ്യൽ യന്ത്രം സാധനസാമഗ്രികളോടുകൂടി സ്ഥാനം തെററി പൊന്തി താഴെ വീഴുകയും ചെയ്തു. ശിംശോൻ എഴുന്നേററ് ആർത്തു ചിരിച്ചുകൊണ്ട് ആ മുറിവിട്ടു പുറത്തുപോയി. ഹൃദയം ഇണങ്ങിയ ഒരു തരുണീമണിയെ അലട്ടുന്നതിൽ അന്തർഭവിക്കുന്ന രസികത ആ പ്രേമലോലന് അത്യന്തം ഹൃദ്യമായിത്തോന്നി. എന്നല്ല കോപസംരംഭങ്ങളിൽപെട്ട് ഉഴലുന്ന ദെലീലാ. ശിംശോന്റെ സരസദൃഷ്ടിയിൽ കൂടുതൽ സുഭഗയായിട്ടും തോന്നപ്പെട്ടു.

അന്നുതൊട്ട് ദെലീലാ ഒരു കോപശീലയായി രൂപാന്തരപ്പെട്ടു. മൂന്നുതവണ ശിംശോൻ അവളെ വഞ്ചിച്ചു; അപഹസിച്ചു. ഫിലിസ്ത്യരുടെ കൂടിക്കൂടിയ "കാണിയ്ക്ക" എന്നന്നേയ്ക്കും അവളുടേതായിത്തീരുന്നതു മൂന്നു തവണ അവൻ വ്യാമോഹിപ്പിച്ചു. അവളുടേതെന്ന് അവൾ അമ്പരന്നുപോയ ഈ ധനപ്പൊലിമ, അവളിൽനിന്നും വാസ്തവത്തിൽ വേർപെടുത്തിയതാരാണ്? ദെലീലായ്ക്കു ഒററ ഉത്തരമേ മനസ്സിൽ ഉദിച്ചുള്ളു. 'ശിംശോൻ!' 'ശിംശോൻ!!' വിടത്തലവനായ ശിംശോൻ! പെണ്ണുങ്ങളെ വഴിയാധാരമാക്കുന്ന വിദ്യ ഉണ്ടാക്കിച്ചിട്ടുള്ള ഈ കടിലഹൃദയൻ!! ദെലീലായുടെ ഹൃദയത്തിന്റെ വല്ല കോണിലും സാക്ഷാത്തായ പ്രണയത്തിന്റെ ലാഞ്ഛന ഉയിരിയിരുന്നെങ്കിൽ അതിതാ, ഇപ്രകാരമുള്ള തപ്തചിന്തയുടെ ഫലമായി നിശ്ശേഷം വരണ്ടു വററിയിരിക്കുന്നു. അവൾക്കു ശിംശോനോട്ട് അതിരററ അവജ്ഞയും, തീരാത്ത പകയും ഉണ്ടായി.

എന്നാൽ, ഈ പകവീട്ടുവാൻ ദെലീലായ്ക്കു സ്വാധീനമായ അസ്ത്രങ്ങൾ ഏവ? പുഷ്പബാണങ്ങളല്ലാതെ അവളുടെ ഹൃദയതൂണീരത്തിൽ മറെറാന്നും നിക്ഷിപ്തങ്ങളായിട്ടില്ലതാനും. ആ അസ്ത്രങ്ങളുടെ വൈഭവത്തിൽ തന്നെ അവൾ ഇപ്പോഴും വിശ്വസിച്ചു.

ശിംശോൻ അടുത്ത ദിവസവും അവളുടെ മണിമേടയിൽ പതിവുപോലെ എത്തിച്ചേർന്നു. എന്നാൽ ദെലീലാ അവനെ കണ്ട ഭാവമേ നടിച്ചില്ല. അവൾ ഉദാസീന

മായും വിരസമായും കൃത്യാന്തരവ്യാപൃതയായി കാണപ്പെട്ടു. ശിംശോൻ നിരാശയോടെ മടങ്ങി.

ദിനരാത്രങ്ങൾ പലതു കഴിഞ്ഞു. ദെലീലായുടെ പെരുമാററം മുൻപറഞ്ഞതുതന്നെ. ശിംശോൻ തരളിതഹൃദയനായി തന്റെ അനുരാഗത്തെ, നിവേദനം ചെയ്തു. അവൾ ആക്രോശിച്ചു. "നിങ്ങളുടെ അനുരാഗം! അതുകൊണ്ടു ചുടണം. വെറും നിസ്സാരകാര്യങ്ങളിൽപോലും എന്നെ വിശ്വസിക്കാത്ത നിങ്ങൾക്ക് എന്നിൽ അനുരാഗംപോലും! ആരുവിശ്വസിക്കാനാണ്.?"

ശിംശോൻ വീണ്ടും വീണ്ടും ലോലഹൃദയനായ കാമുകനെപ്പോലെ പ്രണയദാനത്തിനായി മുട്ടുകുത്തി ഇരന്നു.

അവൾ പറഞ്ഞു "എന്നാൽ അങ്ങ് അതർഹിക്കുന്നു എന്ന് തെളിയിയ്ക്കുക! അങ്ങയുടെ ശക്തി രഹസ്യം എന്നെ ഗ്രഹിപ്പിക്ക. അങ്ങയുടെ പ്രേമത്തിന് പരിശുദ്ധിയുണ്ടോ, സത്യമുണ്ടോ എന്നു ഞാൻ അറിയട്ടെ."

ഒരു ദിവസം വഞ്ചകിയുടെ ആകർഷണം ഒരു വശത്തും വിവേകം മറുവശത്തും നിന്ന് ശിംശോന്റെ ഹൃദയവേദിയിൽ ഒരു ബലപരീക്ഷ നടത്തി. ആദ്യത്തേത് വിജയിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞതല്ലോ.

ശിംശോൻ തിടുക്കത്തിൽ ഉച്ചരിച്ചു. "എന്റെ ശക്തിരഹസ്യം എന്റെ തലമുടിയിലാണ്. എന്റെ ശിര

സ്സു മുണ്ഡനം ചെയ്ക! ഞാൻ തൽക്ഷണം അശക്തനായിത്തീരും."

ദെലീലായുടെ ആത്മനാളം ആഹ്ളാദംകൊണ്ടു തുള്ളിച്ചാടി. ശിംശോൻെറ പരിഭ്രമഭാഷണരീതിയിൽനിന്നു അവൾക്കു മനസ്സിലായി, ഇപ്പറഞ്ഞതു സത്യം തന്നെയെന്നു! അവൻെറ ചേഷ്ടകളിൽ; കണ്ണുകളിൽ; അവൾ ആ സത്യപ്രസ്താവത്തെ ദർശനം ചെയ്തു.

ജന്മസാഫല്യം വന്നാലെന്നതുപോലെ ആ ധനാപഹരണചതുര, മടിക്കുകയും ബാഹ്യമായി ശിംശോനെ പ്രണയക്കുഴമ്പുകൊണ്ടു നഖശിഖാന്തം ലേപനം ചെയ്കയും ചെയ്തു. എന്നാൽ അതാട്ടക്കൂടി അനന്തര നടപടികൾക്കു വേണ്ട ക്രിയാപദ്ധതി അവൾ ഏറ്റവും രഹസ്യമായി തയ്യാർചെയ്തു.

ആദ്യമായി ഫിലിസ്ത്യായക്കാരുടെ സങ്കേതത്തിലേക്കു ഒരു വിശ്വസ്തദൂതനെ ദെലീലാ നിയോഗിച്ചു. "ക്ഷൗരക്കത്തിയുമായി ഒരാളെ തൽക്ഷണം അയക്കുന്നതിന."

ഏതാനും നാഴികകൾ അങ്ങനെ കഴിഞ്ഞു. ദെലീലായുടെ ഒരു ദൂതി, ഫിലിസ്ത്യായക്കാർ ബാഹ്യാങ്കണത്തിൽ എത്തിയിരിക്കുന്നതായി അവളുടെ കണ്ണുകളിൽ മന്ത്രിച്ചു. ഇതിനിടയിൽ ആയാസവൈക്ലബ്യംകൊണ്ടു സൂക്ഷ്മപടോപധാനങ്ങൾക്കിടയിൽ മയക്കത്തിൻെറ മടിത്തട്ടിൽ വിലീനനായ ശിംശോൻെറ ഉത്തമാംഗത്തെ അവൾ മന്ദമായി

ഉയൎത്തി തന്റെ ഊരുദേശങ്ങളിൽ ചേൎത്തുവെച്ചിട്ടു നിദ്രാനുകൂലമായ വിധത്തിൽ തടവിത്തടവി സുഖിപ്പിച്ചുകൊണ്ടിരുന്നു. ശിംശോൻ പൂൎണ്ണസുഷുപ്തിയിലും ലയിച്ചു.

ചൂണ്ടുവിരൽകൊണ്ടുള്ള ഒരു സംജ്ഞയെ ആദരിച്ചു ക്ഷൌരക്കത്തിയുമായി ഒരു ഫിലിസ്ത്യായക്കാരൻ ശത്രു ആ മുറിയ്ക്കുള്ളിൽ കടന്നുചെന്നു ശിരോമുണ്ഡനം ലഘുസാദ്ധ്യമായി നിൎവ്വഹിച്ചു. ഉത്തരക്ഷണത്തിൽ അങ്കണപ്രാന്തത്തിൽ എത്തിയിരുന്ന വൈരിമണ്ഡലം ശിംശോന്റെ സവിധത്തിലേയ്ക്കു് ദ്രുതപ്രവാഹം ചെയ്തു. ഇതാ ദെലീലായുടെ പ്രതിഹാരമുഹൂൎത്തം സമാഗതമായിരിക്കുന്നു. കോപംകൊണ്ടു വിളറിയ ആ ധൂൎത്ത ശിംശോനെ കുലുക്കി വിളിച്ചു. "ഇതാ, ശത്രുക്കൾ, നിന്നെ പൊതിഞ്ഞിരിക്കുന്നു" അവർ അനന്തരം ചാടി എഴുന്നേററു. ശിംശോൻ യാതൊരുക്രൂസലും കൂടാതെ നിവൎന്നുനിന്നിട്ടുതെല്ലൊന്നു മന്ദഹസിച്ചു. "ഹാ ഭേഷ് കൂട്ടക്കൊലയ്ക്കുള്ള മറെറാരു സുവൎണ്ണാവസരം എന്നു് ആ സ്ഥിരചിത്തൻ പുച്ഛഗാംഭീൎയ്യങ്ങളോടെ ഉദീരണം ചെയ്തു.

ശത്രുക്കളെ എതിരിടുവാൻ ശിംശോൻ സന്നദ്ധനായി. എന്നാൽ അഹേതുകമായ ഒരു ശക്തിക്ഷയം അദ്ദേഹത്തിന്റെ സിരാചക്രത്തെ വട്ടംകറക്കുന്നതായി തോന്നി. അവൻ പരിഭ്രമിച്ചു: ശത്രുസംഘം ആക്രമണകുതുകികളായി അവനെ അടിയ്ക്കുകയും ഇടിക്കുകയും ചെയ്തു. യാദൃച്ഛികമായി ശിംശോൻ ഭിത്തിയിൽ വെച്ചിരുന്ന ഒരു ദൎപ്പണത്തിൽ തന്റെ മുഖം പ്രതിഫലിച്ചുകണ്ടു. മുണ്ഡ

നം ചെയ്യപ്പെട്ട ശിരോദേശം! ശിംശോൻ നിരുദ്ധവീര്യനായി!"

തൽക്ഷണം യാതൊരു എതിർപ്പുംകൂടാതെ അവൻ ശത്രുക്കൾക്ക് കീഴടങ്ങി; താൻ ഹൃദയാർപ്പണം ചെയ്തിരുന്ന അംഗനാരത്നത്തെ അവസാനമായി ഒന്നു കടാക്ഷിക്കമാത്രം ചെയ്തു.

വൈരികളാൽ പരിഃസവ്യനായ ശിംശോൻ 'ഗാസാ'യിലെ ഇരുമ്പഴികൾക്കുള്ളിൽ പാർപ്പിക്കപ്പെട്ടു. ആ രാത്രി അവർ ശിംശോൻെറ രണ്ടു കണ്ണുകളും തുരന്നെടുത്തു കൃതകൃത്യരായി!!

അന്ധനായിത്തീർന്ന ശിംശോൻ കരാഗ്രഹത്തിൽ ധാന്യങ്ങൾ പൊടിക്കുന്ന ജോലിയിൽ നിത്യവും നിർബന്ധപൂർവം ഏർപ്പെടുത്തപ്പെട്ടിരുന്നു. ധാന്യം പൊടിയ്ക്കൽ, പ്രകൃത്യാ സ്ത്രീജനങ്ങളുടെ കൃത്യമായിരുന്നു. തന്നെ കൂടുതൽ നിന്ദാപാത്രമാക്കുന്നതിനാണ് ഈ ജോലി തന്നെക്കൊണ്ടു ചെയ്യിപ്പിക്കുന്നതെന്നു ശിംശോൻ ഗ്രഹിച്ചു. ഈ പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുന്നതിന് അവൻ ആവുംവിധം മനഃപൂർവ്വം പരിശ്രമിച്ചു. എന്നാൽ എത്രനാൾ ഇതു സാധിക്കുവാനാണ്.? പ്രതിയോഗിയെ അടിച്ചുവീഴ്ത്തി ശീലിച്ചിട്ടുള്ള ആ സിംഹപരാക്രമി ഇവരുടെ കല്പനയും കേട്ട് എത്രനാൾ അടങ്ങിപ്പാർക്കുവാനാണ്. ശിംശോൻെറ ഹൃദയം പ്രതികാരത്തിനുവേണ്ടി കതിച്ചു; തക്കസമയത്തിനുവേണ്ടി അടങ്ങിപ്പാർത്തു. മാത്രമല്ല, ഈ താമസത്തിനിടയിൽ ശിം

ശോൻെറ തലമുടി ഇടതൂർന്നു തഴച്ചു വളർന്നുവന്നിരുന്നു. ഇതിൻെറ കഴിവുകൾ ശിംശോൻ മാത്രമേ അറിഞ്ഞിരുന്നുള്ളു!!

ഗാസാ നഗരം കോലാഹലത്തിമർപ്പോടുകൂടി ഈ വമ്പിച്ച വിജയം പരസ്യമായി ഘോഷിക്കാൻ സകല ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞിരിക്കുന്നു. പ്രഭുക്കന്മാരും പുരജനങ്ങളും സകലതും മറന്നു് വസ്ത്രാഭരണവിഭൂഷിതരായി വിഭവസമൃദ്ധമായ സദ്യയ്ക്കുശേഷം മദ്യപാനത്താൽ ഉന്മത്തരായി ആർത്തുവിളിച്ചു് ഒരപൂർവകാഴ്ച കാണുവാൻ ദൃഢവും വിശാലവുമായ ഒരു നെടിയ നെട്ടമ്പുരയിൽ തിക്കിത്തിരക്കി സ്ഥലംപിടിച്ചു. നെട്ടമ്പുരയുടെ പാർശ്വഭാഗങ്ങളിൽ ഭീമാകാരങ്ങളായ കരിങ്കൽസ്തൂപങ്ങൾ ഭാരിച്ചമേൽക്കൂരയെ താങ്ങി വരിവരിയായി നിന്നിരുന്നു.

ശിംശോനെ ഒററിക്കൊടുത്ത 'സോറക്കി'ലെ ദെലീലാ ഒരു ബഹുമാന്യാതിഥിയായി സ്വർണ്ണാഭരണവിഭൂഷിതഗാത്രിയായി പ്രധാന മണ്ഡപത്തിൽത്തന്നെ ഉപവിഷ്ടയായിരുന്നു.

ഫിലിസ്ത്യരായ ജനതയുടെ നേതാക്കന്മാരുടെ ആഗമനത്തോടുകൂടി ശബ്ദായമാനമായിരുന്ന ആ മഹാസദസ്സ് ആബാലവൃദ്ധം അസ്തശബ്ദമായിപ്പോയി. "ശിംശോനെ കാരാഗാരത്തിൽനിന്നു കൊണ്ടുവരട്ടെ" എന്നു് സഭാദ്ധ്യക്ഷൻ കല്പനകൊടുത്തു.

ശിംശോൻെറ ദയനീയമായ ഇന്നത്തെ നിലയിൽ ആഹ്ളാദിക്കുന്നതിനായിരുന്നു ഈ ആഘോഷം ഉൽഘാ

ടനം ചെയ്തു. ദുർദ്ധർഷനായിരുന്ന ഈ കരുത്തൻെറ ഇന്നത്തെ നിസ്സഹായാവസ്ഥകണ്ടു് മനം കുളിപ്പിക്കുന്നതിനാണു് ഫിലിസ്ത്യായക്കാർ, പ്രതികാരംകൊണ്ടും സംതൃപ്തരാകാതെ, നീചമായ ഈ പരിഹാസവിനോദത്തിനു കച്ചകെട്ടിയതു്. അഹോ! പ്രതികാരബുദ്ധി, മനുഷ്യനെ മൃഗത്തേക്കാരം കഷ്ടമാക്കുന്നു.

സാവധാനത്തിൽ തപ്പിത്തടഞ്ഞു് ദാസന്മാരാൽ മാർഗ്ഗനിർദ്ദേശം ചെയ്യപ്പെട്ടു്, ഒരു പർവ്വതാകാരം അവരുടെ മുമ്പിൽ മണ്ഡപത്തിനരികെ ഘനീഭവിച്ചു. ജനതതി ഹർഷാരവം മുഴക്കി; ഹസ്തതാഡലാഷത്താൽ ആ പ്രദേശം മുഖരിതമായി. വിജയകാഹളങ്ങരം പ്രതിധ്വനിച്ചു.

ശിംശോൻ ചഞ്ചലഹൃദയനായി ഭിത്തിയിൽ ചാരിനിലകൊണ്ടു. ദീർഘങ്ങളായ ബാഹുക്കളെ വായുവിൽ നടത്തിച്ചു കൈകളെ താങ്ങുന്നതിനുവല്ലതുമുണ്ടോ എന്നു് അന്തരീക്ഷത്തെ ആരാഞ്ഞുനോക്കി.

ഫിലിസ്ത്യായക്കാർ അപ്പോഴും ആർത്തുവിളിക്കുകയാണു്. ഇടയ്ക്കിടെ സദസ്സിൽ സന്നിഹിതരായിരുന്ന രസികകുടുംബം, ക്രൂരഫലിതങ്ങരം ശിംശോൻെറനേക്കു് ചാണ്ടിക്കൊടുത്തു. "കണ്ണിരുന്ന സ്ഥാനത്തു കണ്ടോ രണ്ടു പൊത്തുകരം! നമ്മോടു കളിച്ചാൽ അങ്ങിനെയാണു്" എന്നൊരുവൻ മുറവിളിച്ചു. "ഇതാ "സോറാ"യിലെ ധീരശൂരവീരപരാക്രമൻ" എന്നു് മറെറാരുവൻ. "അല്ലാ ഈ

ശിംശോൻ ഏതാണ്?" എന്ന് അപരൻ "ഓഹോ! ഇതാണോ പണ്ടൊരിക്കൽ ഒരു സിംഹത്തെക്കൊന്ന രാക്ഷസ്സ്" എന്ന് ഇതരൻ.

എന്തിനേറെ! ശിംശോൻ്റെ ഹൃദയം വെന്തുനീറി, കത്തിക്കാളി; ഈ ആക്ഷേപവർഷം—ഈ നിന്ദാഭാരം ദുസ്സഹമായിത്തോന്നി. എന്തുചെയ്യാനാണ്? ഈ ചിന്താകുലതയിൽ നേരിയ ഒരു പരിചിതസ്വരം ശിംശോൻ്റെ കർണ്ണഭിത്തികളിൽക്കൂടി നുഴഞ്ഞുകയറി ബുദ്ധീന്ദ്രിയങ്ങളെ ഹഠാദാകർഷിച്ചു "ശിംശോൻ! ശിംശോൻ!" കേട്ടു തഴമ്പിച്ചിരുന്ന ആ വിളി! അത് ദെലീലായുടേതായിരുന്നു.

ശിംശോൻ ഒരു ഞെട്ടൽ ഞെട്ടി. ശ്വാസവേഗം വക്ഷോദേശാസ്ഥികളെ ഞെരിച്ചു. ലലാടഭിത്തിയിൽ സ്വേദാംബുകണം ജൃംഭിച്ചു. രക്തനാഡികളിൽ ക്രിമിസഞ്ചയത്തിൻ്റെ സഞ്ചാരണംപോലെ ഒരു വികാരവും അനുഭവപ്പെട്ടു.

"ഹാ! അവളും!" ശിംശോൻ സ്തംഭിച്ചുപോയി. വിധിവൈഭവം! എന്നാൽ ഈ വിധിയെ സ്വാഗതം ചെയ്യണം. ശിംശോൻ്റെ അന്തശ്ചക്ഷുസ്സുകൾ അനന്തരകരണീയത്തെ ദർശിച്ചുകഴിഞ്ഞിരിക്കുന്നു. 'ഇതുതന്നെ അവസാനം, ഇതു തടുക്കാൻ ആർക്കുസാധിക്കും' ശിംശോൻ സമചിത്തനായി.

അരികെ നിന്നിരുന്ന പരിചാരകനോട്, തൻ്റെ കൈകൾ താങ്ങുന്നതിന് സൗകര്യപ്പെടുമാറ്, തൂണുകളുടെ ഇടയ്ക്കായി തന്നെ നിർത്തുവാൻ ദീനസ്വരത്തിൽ അപേക്ഷിച്ചു.

സദസ്സിൻെറ അനുമതിയോടുകൂടി, ശിംശോൻ നെടുമ്പുരക്കൂടത്തിൻെറ മദ്ധ്യത്തിൽ സ്ഥൂണങ്ങളുടെ ഇടയ്ക്കു് നിർത്തപ്പെട്ടു. അപ്പോഴും അന്തരീക്ഷം, കരഘോഷങ്ങൾ കൊണ്ടു് മുഖരിതമായിരുന്നു.

ശിംശോൻ നിവന്നു നിന്നു. കൈകൾ തൂണുകളിൽ അമൎന്നു; ഒന്നു് ഉലയ്ക്കുകയും ചെയ്തു. മേഘനിർഘോഷം പോലെ, ആകാശം കടപൊട്ടി അടൎന്നു വീഴുന്നപോലെ ഒരു ഗംഭീരനിനദം അവിടെക്കൂടിയിരുന്ന മനുഷ്യരാശിയുടെ ഇന്ദ്രിയപഞ്ചകത്തേയും ഏകനിമിഷത്തിൽ സ്തംഭിപ്പിച്ചു. തുടൎന്നു ഭീകരമായ നിശ്ശബ്ദത! അതിനെപ്പിളൎന്നു പ്രവൃദ്ധവീൎയ്യനായിത്തീൎന്നിരുന്ന ശിംശോൻെറ പ്രാൎത്ഥനാഗാനം ഉതിൎന്നു.

"ദൈവമേ! എൻെറ കണ്ണുകൾ! എൻെറ കണ്ണുകൾ അവർ തുരന്നെടുത്തവരോടു പ്രതികാരംചെയ്യാനുള്ള ശക്തി എനിയ്ക്കു തരേണമേ" എന്നു്.

ഇതെല്ലാം ഒരു ഞൊടിയിടയിൽ കഴിഞ്ഞു. അവിടെ കൂടിയിരുന്ന അസംഖ്യംപേരിൽ ഒരുവനെങ്കിലും വരാൻ പോകുന്ന അത്യാഹിതം എന്തെന്നു ഗ്രഹിച്ചില്ല. പുനഃ പ്രാപ്തമായ ശക്തിപ്രകർഷത്തോടുകൂടി ശിംശോൻ നെടുതായി രണ്ടു ശ്വസിച്ചിട്ടു് നീലഞരമ്പുകൾ തെളിയുമാറു കൈത്തലങ്ങളെ തൂണുകളിൽ അമൎത്തി ആഞ്ഞാഞ്ഞു ഉലച്ചുതുടങ്ങി. ചെകിടു പൊടിപെടുത്തുംവണ്ണം നാം കേട്ട ആ മേഘനിർഘോഷം, ഈ പരാക്രമത്തിൻെറ ഫലമായിരുന്നു. മേൽക്കൂര ചാഞ്ചാടി, മരത്തടികളിൽത്തട്ടിത്താണു സകലവിധ സാമഗ്രികളോടും കരിങ്കൽ ഭിത്തി

കളോടും സ്ഥൂണഗണങ്ങളോടും ഇടചേൎന്നു സമൂലം ആ ജീവജാലബഹുലതയിൽ ക്രൂരക്രൂരം നിപതിച്ചു. കൈകാലുകൾ ഒടിഞ്ഞു്, ശിരോഗോളം പിളൎന്നു്, മാറിടം തകൎന്നു് കൺമിഴികളടക്കം മസ്തിഷ്ക്കകേന്ദ്രം ചിന്നിച്ചിതറപ്പെട്ടു മജ്ജാസ്ഥിപൎയ്യന്തം ഞെരിഞ്ഞമൎന്നു്, മൎമ്മഭേദകമായ പരിദേവനങ്ങൾകൊണ്ടു് ദീനദീനമായ ഒരുനീറുന്ന രംഗമായി, രണ്ടു നിമിഷങ്ങൾക്കുമുമ്പിൽ കോലാഹലത്തിമൎപ്പുകൊണ്ടു് തുടിച്ചിരുന്ന ആ രംഗം. അഹോ! രൂപാന്തരപ്പെട്ടു. നിമിഷങ്ങൾ വീണ്ടും കഴിഞ്ഞു. ആക്രന്ദനങ്ങൾ മന്ദവിലാപങ്ങളായി: മന്ദവിലാപങ്ങൾ ക്ഷീണിച്ച ഞരങ്ങലുകളായി; ഞരങ്ങലുകൾ ശ്മശാന നിശ്ശബ്ദതയിൽ ലയിച്ചു.

കേട്ടു കേട്ടു് എത്തിക്കൂടിയവർ ആദ്യമായി കണ്ടകാഴ്ച, മാംസളക്കുകളായ അനേകം കഴുകന്മാർ ചിറകുവിരിച്ചു് കീഴോട്ടുനോക്കി, വട്ടത്തിൽ പറക്കുന്ന ദൃശ്യകമായിരുന്നു. അമൎന്നുതകൎന്ന നെടുമ്പുരയുടെ നഷ്ടശിഷ്ടങ്ങൾ നീക്കംചെയ്തപ്പോൾ ആഗതരെ ഹഠാൽ ആകൎഷിച്ചതു് ഉടലിൽനിന്നും വേർപെട്ടു കിടന്നിരുന്ന ശിംശോൻെറ ശിരസ്സായിരുന്നു. വികൃതമെങ്കിലും വിജയദ്യോതകമായ ഒരു മൃദുമന്ദഹാസം അപ്പോഴും അതിൽ കളിയാടിയിരുന്നു. തുടകൾ ഞെരിഞ്ഞമരഞ്ഞ ദെലീലായുടെ മൃതശരീരം ശിംശോൻെറ ശരീരത്തിൻെറ പിന്നിൽ പതുങ്ങിക്കിടക്കുന്നതും അവർ കാണാതിരുന്നില്ല.

## 1948-49 ലെ
## പ്രശസ്തമായ മലയാളംഗൈഡുകൾ

### III Form ഭാഷാസഹായി

(വിദ്വാൻ ഗോപാലകൃഷ്ണൻ നായർ)

ആറാംപാഠം, എബ്രഹാം ലിങ്കൺ, ഓമന, വ്യാകരണം എന്നിവയുടെ വിസ്തരിച്ച നോട്ടും ചോദ്യോത്തരങ്ങളുമടങ്ങിയതു്. കഴിഞ്ഞ പല കൊല്ലങ്ങളായി നിരന്തരം വിജയം നല്കിക്കൊണ്ടിരിക്കുന്ന ഗൈഡിന്റെ പരിഷ്കരിച്ച പതിപ്പു്.

വില 1 ക.

### VI Form ഭാഷാസഹായി

(വിദ്വാൻ ഗോപാലകൃഷ്ണൻ നായർ)

ഒൻപതാംപാഠം, കാളിദാസരാമായണം, മാനവസംസ്കാരം, പ്രബന്ധചൈത്രകം, വ്യാകരണം എന്നിവയുടെ വിശദമായ നോട്ടു്. ഏറ്റവും ആധുനികരീതിയിൽ തയ്യാറാക്കിയിട്ടുള്ള ഈ ഗൈഡിന്റെ സഹായംകൊണ്ടുമാത്രം മലയാളത്തിനു വിജയം നിശ്ചയം: അദ്ധ്യാപകർക്കും വളരെ പ്രയോജനകരം.

വില 1 ക. 8 ണ.

നല്ല കമ്മീഷൻ.

ആവശ്യപ്പെടുക.—

ഉദയാ ബുക്ക്സ്റ്റാൾ, പുനലൂർ

(ബ്രാഞ്ച് തിരുവനന്തപുരം)


Udaya Press, Punalur.



No 712

# ബൈബിൾകഥകൾ

സി. ഐ. രാമൻനായർ ബി. ഏ.

UDAYA BOOK STALL PUNALUR.

Indic Digital Archive Foundation
gpura.org